അച്ഛൻ മരിക്കുമ്പോൾ അവൾക്കായി വിട്ടേച്ചുപോയ ഒരേ ഒരു മുതലാണ് ആ തെങ്ങ്. കായ്ച്ചു നിറഞ്ഞുനില്ക്കുന്ന ആ തെങ്ങാണ് ഇന്നുവരെ അവരെ പുലർത്തിയതു. മീൻപിടിക്കാൻ പോയിട്ടു നിരാശനായി തിരിച്ചുവരുന്ന കോരൻ എത്ര പ്രാവശ്യമാണ് അതിന്റെ ഇളനീർ കുടിച്ചു ക്ഷീണംതീർത്തു അവളുടെ മടിയിൽ തലയുംവെച്ചുറങ്ങിയതു്. അവൾക്കു ആ നഷ്ടം സഹിക്കാൻ കഴിഞ്ഞില്ല. അവൾ മെല്ലെമെല്ലെ തെങ്ങിന്റെ അടുത്തേക്കു് നീങ്ങുകയാണ്. ജീവൻപോയ ഒരു സ്ത്രീയെപ്പോലെ. ആ നഷ്ടത്തിൽ വിളക്കു കെട്ടുപോയതും കൊച്ചുകുട്ടപ്പൻ താഴെവീണതും അവളറിഞ്ഞില്ല. അവൾ തന്റെ ഏകമുതലിന്നടുത്തേക്കു നീങ്ങുകയാണ്.

പക്ഷെ—

അവൾ അടുത്തെത്തുമ്പോഴേക്കും വെള്ളം കരയെ ഭേദിച്ചു പറമ്പിൽ കടന്നുകഴിഞ്ഞിരിക്കുന്നു. കടപുഴങ്ങിവീണ ആ തെങ്ങു നില്ക്കുന്ന സ്ഥലവും വിഴുങ്ങിക്കൊണ്ടു ജലപ്രവാഹം ആ തെങ്ങിനെയും കയ്യിലാക്കിക്കൊണ്ടു കുതിക്കുകയാണ്. ഒരു കള്ളനെപ്പോലെ, രക്തദാഹിയായ ഒരു കരിംകൊള്ളക്കാരനെപ്പോലെ. നീലിയ്ക്കു അതു സഹിക്കാൻ കഴിഞ്ഞില്ല. മിന്നലിന്റെ വെളിച്ചത്തിൽ അവൾ തന്റെ ഓമനത്തെങ്ങു ഒലിച്ചുപോകുന്നതു നിരാശയോടെ നോക്കിനിന്നു. അവൾ കുറെദൂരം ഓടിനോക്കി. പക്ഷെ അവൾക്കു മനസ്സിലായി വെറും ഒരു സ്ത്രീയായ തനിക്കു....ഈശ്വരനെ—ഇല്ല അവളതു പറയാറില്ല. പക്ഷെ ഈ അനിഷ്ടകാലത്തുകൂടി തന്നെ രക്ഷിച്ചുപോന്ന ആ ഏക തെങ്ങു ഒലിച്ചുപോകുന്നതു കണ്ടപ്പോൾ അവൾ ഈശ്വരനെ കുററപ്പെടുത്തിപ്പോയതാണ്.

കൊച്ചുകുട്ടപ്പന്റെ ഭയവിഹ്വലമായ കരച്ചിലും മററു മക്കളുടെ ദയനീയമായ നിലവിളിയും കേട്ടുകൊണ്ടാണ് നീലി ആ നില്പിൽനിന്നും കണ്ണുമിഴിച്ചതു. അവൾ തപ്പിത്തടഞ്ഞു കൊച്ചുകുട്ടപ്പനേയുമെടുത്തു കുടിലിലേക്കോടി. അവൻ വിറങ്ങലിച്ചുപോയിരിക്കുന്നു. പാവം ആ പേമാരിയോടെതിർക്കാൻ 6 വയസ്സു മാത്രം പ്രായമായ അവനുണ്ടോ കെല്പു. അവൾ തീപ്പിടിപ്പിച്ചു കുട്ടികളെ അതിന്നടുത്തിരുത്തി വീണ്ടും മുററത്തിറങ്ങി. ആകാശത്തിലേക്കു നോക്കി.

ഒരൊററ നക്ഷത്രംപോലുമില്ല. ഒരു കാളരാത്രി. നേരം പുലരാൻ ഇനി എത്രയുണ്ടാകും? ഭർത്താവും മിനിഞ്ഞാന്നു ഉച്ചക്കു കുറച്ചു വെയിലുകണ്ടു ഇറങ്ങിയതാണ്. അന്നു സന്ധ്യക്കു തുടങ്ങിയതാണീ മഴ. അയാൾ പണിക്കുപോയില്ലെങ്കിൽ ആ കുടുംബം പട്ടിണിയാകും. തൊണ്ടുതല്ലാനാണെങ്കിൽ കായലിൽ വെള്ളം കേറിയിരിക്കയാണ്. അതിനാൽ നീലി നിസ്സഹായയായി വീട്ടിലിരിക്കയാണ്. മിച്ചമുണ്ടായിരുന്ന അരിയെല്ലാം തീർന്നു: നാളെ കുട്ടപ്പൻ കരയുമ്പോൾ എന്തുകൊടുക്കും? അവൾ അതു വിചാരിച്ചു സന്തപിക്കുകയാണ്. അവന്റെ മുഖം കണ്ടാൽമതി അവൾക്കു കോരനെക്കണ്ട പോലെയാണ്. ഓ! ഞാനെത്ര പറഞ്ഞിട്ടുണ്ടു മഴപെയ്യാനുള്ള വട്ടംകണ്ടാൽ വേ

ഗം മടങ്ങണമെന്നു്. പക്ഷെ അദ്ദേഹമിനിയും തിരിച്ചുവന്നില്ല. മീനൊന്നും പിടിക്കാനൊത്തില്ലായിരിക്കും. അങ്ങേതിലെ രാമനും പോയിരിക്കുന്നു. അയാളും മടങ്ങിവന്നിട്ടില്ല. ഈ രണ്ടു കുടുംബങ്ങളും രണ്ടാളെ പ്രതീക്ഷിച്ചിരിക്കയാണു്.

മഴ നിലയ്ക്കാനുള്ള വട്ടമില്ല. കൂടുതൽ കൂടുതൽ എടുത്തുപാരുകയാണു്. അവൾ അതിശയിക്കയാണു്. ഈ വെള്ളമൊക്കെ എവിടുന്നു വരുന്നുവെന്നു. ഓ എന്തൊരു മരവിപ്പിക്കുന്ന കാററു്!

രാമൻ വന്നിട്ടുണ്ടോയെന്നു അന്വേഷിക്കുവാൻ പോകണമെന്നു തോന്നി. ഈ മഴയത്തെന്തുചെയ്യാനാണു്. പോരെങ്കിൽ വെള്ളം കുടിലിനോടടുത്തടുത്തു കയറിവരികയാണു്. എന്തെങ്കിലും പിണഞ്ഞാൽ! കോരനെ വേഗത്തിൽ തനിക്കു കാണിച്ചുതരേണമേ എന്നു അവൾ പല ഈശ്വരന്മാരേയും വിളിച്ചു അപേക്ഷിച്ചു "കടലമ്മേ രക്ഷിക്കണേ" ആ വിളി അന്തരീക്ഷത്തിൽ മുഴങ്ങുകയാണു്.

അവൾക്കു ഉറക്കെ കരയണമെന്നു തോന്നി. പക്ഷെ ഈ പെരുംമഴയത്തു അവളുടെ വിളിയും കരച്ചിലും ആരു കേൾക്കാനാണു്. കോരൻ വരുന്ന ലക്ഷണമൊന്നും കാണാനില്ല. പോരെങ്കിൽ നട്ടപ്പാതിരയും. എത്ര സമയമാണു് ഇങ്ങിനെ ഉറങ്ങാതെ കഴിച്ചുകൂട്ടുക. ഉറങ്ങിയാൽതന്നെ തൻെറ കുടുംബത്തിൻെറ സ്ഥിതിയെന്താണു്?

അവൾ ഒന്നുകൂടി പുഴയിലേക്കു നോക്കി. ഒരൊററ തോണിയും കാണാനില്ല. മിന്നലിൽ, കടപുഴകിവീണ തെങ്ങുകളും മുളക്കൂട്ടങ്ങളും ഒലിച്ചുപോകുന്നതു അവൾ കണ്ടു.

പുഴ തൻെറ കുടിലിനെ വിഴുങ്ങുമെന്ന മട്ടുണ്ടു. കരയെ കാൻതിന്നുകൊണ്ടു അതത്രമാത്രം അടുത്തുവരികയാണു്.

മക്കളുടെ കാര്യമോത്തു അവൾ കുടിലിന്നകത്തേയ്ക്കുചെന്നു. അടുക്കളയിൽ തീയ്ക്കുമുമ്പിൽ കുട്ടികളെല്ലാം ഉറങ്ങിക്കിടക്കുകയാണു്. അവരുണ്ടോ ലോകത്തിലെ ബുദ്ധിമുട്ടുകളെപ്പററി അറിയുന്നു.

നീലി കുട്ടികളെയെല്ലാം എടുത്തു ഒരു പായയിൽ കിടത്തി. വീണ്ടും പുറത്തേക്കുവന്നു. ഒന്നുകൂടി പുഴയിലേക്കു നോക്കി. അപ്പോൾ കണ്ട കാഴ്ച അവൾക്കു പേടിയുണ്ടാക്കി. രക്തദാഹംകൊണ്ടു മതിമറന്ന ഒരു പിശാചിനെപ്പോലെ കടൽവെള്ളവും പുഴവെള്ളവും കൂടിച്ചേൎന്നു കലങ്ങിമറിഞ്ഞിരിക്കയാണു്. കടലിൽനിന്നു വെള്ളം കൂടുതലായി അടിച്ചുകയറുന്ന ശബ്ദം അവൾക്കു കേൾക്കാമായിരുന്നു.

ഇങ്ങിനെയൊരു വെള്ളപ്പൊക്കം അവൾക്കറിയാറായതു മുതൽ ഇന്നുവരെ ഉണ്ടായിട്ടില്ല. തൻെറ വീട്ടിൻെറ പിൻഭാഗത്തുള്ള വാഴക്കൂട്ടം ഒന്നായി ഒലിച്ചുപോകുന്നതു അവൾ സ്തബ്ദയായി നോക്കിനിന്നു. അവളുടെ കണ്ണുകളിൽ കണ്ണുനീർ വററിക്കഴിഞ്ഞിരുന്നു. അവരോടുമാത്രം പകയുള്ളതുപോലെതോന്നും ഈവെള്ളംകണ്ടാൽ. ചെന്നിണത്തിൻെറ നിറം. ഇടിമുഴക്കത്തിൽകൂടി രജനി ഗൎജ്ജിക്കുകയാണെന്നുതോന്നും. അവൾ അന്തംവിട്ടുനിന്നു.

* * *

മുററത്തു വെള്ളം മുട്ടുവരെ കയറിയപ്പോളാണു അവളുണർന്നതു്. അവൾ പുഴയിലേക്കുനോക്കി. പുഴകാണുന്നില്ല. എല്ലാം സമുദ്രം. വീട്ടിൻെറ പിറകിൽകൂടി കെട്ടിയിരുന്ന ആ കൊച്ചുമതിൽകൂടി ഇടിച്ചുനിരത്തി വെള്ളം അവരെ വിഴുങ്ങുവാനെന്നവണ്ണം ആർത്തിരമ്പി അടുക്കുകയാണു്. എങ്ങും കടൽ! കണ്ണെത്താത്ത തൻെറ കുടിലിൽ വെള്ളംകേറുന്നതു അവൾ കണ്ടു. തെങ്ങിൻതുണ്ടുകൾ പിടിച്ചു കുലുക്കപ്പെടുകയാണു്. മൺകട്ടകൊണ്ടു നിർമ്മിച്ച ആ കൊച്ചുകുടിൽ വെള്ളത്തിലലിയുകയാണു്.

അവൾ മൂകയായിരുന്നു. പെട്ടെന്നു അവൾ നിലവിളിച്ചുപോയി. പുരയുടെ ഒരുഭാഗം ഇതാ വീഴാറായി. തൻെറ മക്കളെ രക്ഷിക്കണേ എന്നു വിളിച്ചുകൊണ്ടും, കോരനെ വിളിച്ചുകൊണ്ടും അവൾ കുടിലിലേക്കോടി. അവളെ സഹായിക്കാൻ ആരും ഉണ്ടായിരുന്നില്ല. അവളുടെ ഒരേഒരുതാങ്ങു് വെള്ളത്തിൽ മരവിച്ചുപോയിരിക്കുമോ? അല്ലെങ്കിൽ ഇത്രനാളും തിരിച്ചുവരാത്തതെന്താണു്.?

പെട്ടെന്നു 'ഹയ്യോ!' എന്നുള്ള ഒരു നിലവിളിയും ആ കൊച്ചുകുടിൽ നിലംപതിക്കലും ഒന്നിച്ചുകഴിഞ്ഞു.

തുടർന്നു തകർത്ത പേമാരിയും ഇടിമുഴക്കവും ഉണ്ടായിക്കൊണ്ടിരുന്നതിൽ നേർത്തുനേർത്തുവരുന്ന അഞ്ചു ജീവനുള്ളവരുടെ നിലവിളികൾ ഇടിമുഴക്കത്തിൽകൂടി മുഴങ്ങിക്കേട്ടിരുന്നു. ഒടുവിൽ അതും കേൾക്കാതായി. കൊച്ചുവഞ്ചികൾപോലെ കുടിലുകൾ, ജാഥയായി വെള്ളത്തിൻമീതെ ഒഴുകുകയാണു്.

രണ്ടുമൂന്നു ദിവസംകഴിഞ്ഞു മഴയെല്ലാം പോയപ്പോൾ അഴിമുഖത്തു അടിഞ്ഞുകൂടിയ ശവങ്ങളിൽ നാലു കുട്ടികളും ഒരമ്മയും ഒത്തിപ്പിടിച്ചുകൊണ്ടു കിടക്കുന്നതു ചിലർ കണ്ടു.

[വാർഷികദിനത്തോടനുബന്ധിച്ചു നടത്തിയ ചെറുകഥാമത്സരത്തിൽ സമ്മാനാർഹമായ ചെറുകഥ]




RESIDENTS OF THE COLLEGE HOSTEL, 1955-'56.

# വയനാട്ടിലേയ്ക്കു് ഒരുല്ലാസയാത്ര.

ഇ. പി. ശ്രീധരൻനായർ. Class I

പ്രഭാതത്തിലെ മന്ദമാരുതന്റെ ശീതമേററുകൊണ്ടു് സുഖമായി ഉറങ്ങിയിരുന്ന ഞാൻ ഞെട്ടിയുണൎന്നു. സ്നേഹിതന്റെ ഒരു മണിക്കൂറുനേരത്തെ കഠിനപ്രയത്ന ഫലമാണതു്. "എന്താ പോകണ്ടേ?" രാമചന്ദ്രൻ ചോദിച്ചു. "ഉടനെ പുറപ്പെട്ടു." ഉടനെത്തന്നെ ചാടിയെണീററു ഞാൻ പുറപ്പാടിനുള്ള ഒരുക്കങ്ങൾ തുടങ്ങി. ഏകദേശം ആറരമണിയോടുകൂടി ഞാനും രാമചന്ദ്രനും ബസ്സ്സ്റ്റാൻറിലേയ്ക്കു് കുതിച്ചു. അവിടെ രഘുവും ഗോപാലനും മുൻപു പറഞ്ഞു നിശ്ചയിച്ചപ്രകാരം കാത്തുനില്ക്കുന്നുണ്ടായിരുന്നു. മാനന്തവാടിക്കു നാലു ടിക്കററുമെടുത്തു ഞങ്ങൾ സെക്കൻറ് സീററിൽ ഇരിപ്പുറപ്പിച്ചു. കാരണം ബസ്സിന്റെ പിൻസീററുകളിലെ തിരക്കിന്റെ അലകൾ അവിടെയെത്തിയിരുന്നില്ല.

ക്രിസ്തുമസ്സ് വെക്കേഷനാണു്. എവിടേയ്ക്കെങ്കിലും ഒരു യാത്രനടത്തണമെന്നു എന്റെ സ്നേഹിതന്മാൎക്കൊരാശ. "വയനാടു്" ആദ്യമായി രഘു നിൎദ്ദേശിച്ചു. കാരണം ഞാൻ വയനാട്ടുകാരനാണെന്നവൎക്കറിയാം. കൂടാതെ രാമചന്ദ്രനും. ഈ നിൎദ്ദേശത്തിന്റെ പിന്നിൽ ചില ആശയങ്ങളുണ്ടായിരുന്നുവെന്നു ഞാൻ മനസ്സിലാക്കി. അവർ മനസ്സിലാക്കിയതു് വയനാടു് സമ്പന്നമായ ഒരവികസിത ദേശമാണെന്നാണു്. ചിലപ്പോൾ എന്നെ നോക്കിക്കൊണ്ടവർ പറയും. "ഓ, വരുന്നു വയനാടൻ. ഒരു കോളേജുപോലുമില്ലാത്ത നാട്ടിൽനിന്നു വരുന്നു!" ഞാൻ പറയും "നിങ്ങൾ വിചാരിച്ചത്ര മോശമൊന്നുമല്ല എന്റെ നാടു്. വേണമെങ്കിൽ വന്നുനോക്കിൻ!! അതു കേട്ടിട്ടാണു് അവൎക്കെല്ലാം വയനാട്ടിൽ വരാൻ ആഗ്രഹം തോന്നിയതു്. ക്രിസ്തുമസ്സ് വെക്കേഷനു യാത്രനിശ്ചയിച്ചു. കൂട്ടിക്കൊണ്ടു പോകേണ്ട ഭാരം എന്റെ പിരടിയ്ക്കു് വീണു.

ബസ്സിൽ ആളുകൾ വന്നു കയറിത്തുടങ്ങി. കോഴിക്കോട്ടു് മററു ചില കോളേജിൽ പഠിക്കുന്ന എന്റെ ചില സ്നേഹിതന്മാരും നാട്ടിലേക്കു പോകാൻ ആ ബസ്സിൽ വന്നു കയറി. ഞാനവരെ ഇവൎക്കു പരിചയപ്പെടുത്തി. ബസ്സിന്റെ പിൻസീററിൽ ആളുകൾ നിറഞ്ഞു. എട്ടുമണിയ്ക്കു് പുറപ്പെടേണ്ടിയിരുന്ന ബസ്സ് എട്ടരയായിട്ടും പുറപ്പെടാനുള്ള ഭാവമൊന്നും കാണിച്ചില്ല. സ്നേഹിതന്മാർ പിറുപിറുത്തു. "വയനാട്ടിലേയ്ക്കുള്ള ബസ്സല്ലേ അത്രയൊക്കെ 'പങ്ച്വാലിററി' മതിയാവും." എന്നിട്ടെന്റെനേൎക്കൊരു നോട്ടവും, ഞാൻ ബ്ലീച്ചായി എന്ന മട്ടിൽ. ഞാൻ വിചാരിച്ചു "പാവം വിഡ്ഢികൾ അവൎക്കു വയനാട്ടിനെക്കുറിച്ചെന്തറിയാം?"

എട്ടരയായപ്പോൾ ഡ്രൈവർ വന്നു തൻെറ സീററിലിരുന്നു. ബസ്സ് സ്റ്റാർട്ടായി ഓടാൻ തുടങ്ങി. ഞങ്ങൾ പട്ടണത്തോട്ട് യാത്രപറഞ്ഞു. :പല സ്ഥലത്തും ആളെക്കയററുവാനും തപ്പാൽ കയററുവാനും ബസ്സ് നിന്നുകൊണ്ടിരുന്നു. ഞങ്ങൾ കുറേനേരം മൌനമവലംബിച്ചിരുന്നു. പെട്ടെന്നാണ് രഘു ഒരു ചോദ്യമെടുത്തിട്ടതു്. "വയനാട്ടിലെ റോഡ് മുഴുവൻ ടാറിട്ടതാണോ?" ഞാൻ പറഞ്ഞു "ഏകദേശം മുക്കാൽ ഭാഗത്തോളം ടാറിട്ടതാണ്. നാട്ടിൻപുറങ്ങളിലൊഴിച്ച്." അയാൾ ചോദിച്ചതിൻെറ കാരണം ഞാൻ മനസ്സിലാക്കി. റോഡെല്ലാം കുണ്ടും കുഴിയും നിറഞ്ഞതാണെന്നായിരുന്നു അവർ വിചാരിച്ചതു്. ബസ്സ് ക്രമത്തിൽ വേഗത വർദ്ധിപ്പിച്ചുകൊണ്ടിരുന്നു. ഏകദേശം ഒൻപതരയായപ്പോൾ ഞങ്ങൾ ചുരത്തിൻെറ അടിവാരത്തിലെത്തി. ബസ്സുനിന്നു—യാത്രക്കാർക്കു ഭക്ഷണംകഴിക്കാനും, എഞ്ചിൻ തണുപ്പിക്കാനുംവേണ്ടി. ഞങ്ങൾ അടുത്ത ചായക്കടയിൽ കയറി.

ഞാൻ മുന്നറിയിപ്പു കൊടുത്തു. "ചായയും മററും നല്ലോണം കഴിച്ചോളിൻ. ചുരം കയറിക്കഴിയുമ്പോഴേയ്ക്കു് വല്ലാതെ ക്ഷീണിച്ചുപോകും." അവർ നല്ലവണ്ണം ഭക്ഷണം അകത്താക്കി. "നേരം വൈകുന്നു. വേഗമാകട്ടെ" ഞാൻ പറഞ്ഞു. ഡ്രൈവർ ഹോറണടിച്ചു ബസ്സ് പോകാനായ വിവരം അറിയിച്ചു. ഞങ്ങൾ വേഗംചെന്നു ബസ്സിൽകയറി. ഞങ്ങളുടെ സീററിൽ വേറൊരുത്തൻകൂടി കയറിയിരിക്കുന്നു. സ്നേഹിതന്മാരുടെ ദ്വേഷപൂർണ്ണമായ നോട്ടങ്ങൾ ആ സാധുവിനെ ചുട്ടുകരിച്ചേക്കുമോ എന്നു ഞാൻ സംശയിച്ചു. ഒരുമാതിരി തിക്കിത്തിരക്കി ഞങ്ങൾ ഇരുന്നു. ബസ്സ് ചുരംകയറാൻ തുടങ്ങി. പശ്ചിമഘട്ടത്തിലെ ശിഖരങ്ങൾ ഓരോന്നായി കാഴ്ചയിൽ വന്നുതുടങ്ങി. രഘു ഉടനെ ആ തിരക്കിലൂടെ ഊളിയിട്ട് തൻെറ പെട്ടിതുറന്നു ക്യാമറയെടുത്തു. പച്ചപിടിച്ച മലകൾ തലപൊക്കിക്കൊണ്ട് നാലുഭാഗത്തും നിരന്നുനിന്നിരുന്നു. ആ മലകളുടെ ശിഖരങ്ങളിൽ മേഘശകലങ്ങൾ തങ്ങിക്കിടക്കുന്നു. മലകളിൽ കാണുന്ന വമ്പിച്ച പാറക്കെട്ടുകളിലൂടെ കുതിച്ചൊഴുകുന്ന അരുവികൾ പ്രഭാതസൂര്യൻെറ കിരണങ്ങളേററു വെള്ളിയുരുക്കിയൊഴിച്ചുപോലെ വെട്ടിത്തിളങ്ങി. പ്രഭാതത്തിലെ മന്ദമാരുതൻെറ ശീതളകരസ്പർശമേററു വൃക്ഷലതാദികൾ വായുവിൽ തലയാട്ടിനിന്നു. പുഷ്പങ്ങളുടെ സുഗന്ധം വായുവിലെങ്ങും വിതറിയപോലെ അനുഭവപ്പെട്ടു.

ബസ്സ് വളരെ സാവധാനത്തിലായിരുന്നു മേലോട്ടു കയറിയിരുന്നതു്. വളരെ അപകടംപിടിച്ച വളവുകളും തിരിവുകളും ചെങ്കുത്തായ കയററങ്ങളും പിന്നിട്ടു ഞങ്ങൾ മുൻപോട്ടുപോയി. പെട്ടെന്നു ഞങ്ങൾ പുകയാൽ ആവരണംചെയ്യപ്പെട്ടപോലെ തോന്നി. ഏതാനും വാര മുമ്പിലുള്ള പാതപോലും ആ മൂടൽമഞ്ഞിനാൽ അദൃശ്യമായി. ഇത്രയും അപകടംപിടിച്ച പാതകളിൽകൂടെ ബസ്സുവിടുന്ന ഡ്രൈവരുടെ നൈപുണ്യമോർത്തു ഞങ്ങൾ അത്ഭുതപ്പെട്ടു. ഞങ്ങൾ കുറേക്കൂടി മുമ്പോട്ടു

പോയി. ബസ്സ് പെട്ടെന്നു നിന്നു. ആ നില്പലിൻെറ വേഗതയിൽ ഞങ്ങളെല്ലാം മുമ്പോട്ടാഞ്ഞു. ചിലരുടെ തല കമ്പിയിൽചെന്നടിച്ചു. പെട്ടെന്നൊരു കാറ് ഞങ്ങളുടെ മുമ്പിലെത്തിയതിനാലായിരുന്നു ബസ്സ് നിർത്തിയതു്. ഡ്രൈവർ കുറച്ചു് സൂക്ഷിച്ചിരുന്നില്ലെങ്കിൽ അവിടെ ഒരു കൂട്ടിമുട്ടൽ നടന്നേനെ.

ഞങ്ങളിപ്പോൾ സമുദ്രനിരപ്പിൽനിന്നു രണ്ടായിരം അടിയോളം ഉയരത്തിലാണു് സഞ്ചരിച്ചിരുന്നതു്. സൂര്യൻ പ്രകാശിച്ചുവന്നു. മൂടൽമഞ്ഞു നീങ്ങിക്കൊണ്ടിരുന്നു. ഞങ്ങൾ താഴോട്ടുനോക്കി. വളരെയകലെയായി അറബിക്കടലിലെ അലകൾ ഇളകുന്നതു് ഞങ്ങൾക്കു കാണാമായിരുന്നു. ഞങ്ങളുടെ പാത താഴെ വളഞ്ഞുപുളഞ്ഞു കിടക്കുന്നതു് ഞങ്ങൾക്കു് കാണാൻ കഴിഞ്ഞു. ഭീമാകാരനായ ഒരു പെരുമ്പാമ്പിൻെറ കിടപ്പിനെയാണതു് നുസ്മരിപ്പിച്ചതു്. കുറെ അകലെയായി പച്ചപിടിച്ച പാടങ്ങൾ പരന്നുകിടക്കുന്ന ദൃശ്യം വളരെയധികം ആകർഷകമായി ത്തോന്നി. പാടങ്ങളുടെ നടുക്കുകൂടെ ചിലന്തിവലപോലെ നിരത്തുകളും കാണാമായിരുന്നു.

കുറച്ചു സമയത്തിന്നിടയിൽ ചുരം കഴിഞ്ഞു. ചുരത്തിൻെറ മേലെ അററത്തു് കിടക്കുന്ന ഒരു ചെറുപട്ടണമായ "വൈത്തിരി"യിൽ ബസ്സെത്തി. കുറച്ചുനേരത്തെ താമസത്തിന്നുശേഷം ബസ്സ് വീണ്ടും പുറപ്പെട്ടു. അടുത്ത സ്ഥലം 'ചുണ്ടയിൽ' ആയിരുന്നു. മനോഹരങ്ങളായ ചെറുകെട്ടിടങ്ങൾ റോഡിൻെറ ഇരുവശത്തും നിരന്നുനിന്നിരുന്ന ആ ചെറുപട്ടണം വൈദ്യുതീകരിക്കപ്പെട്ടതാണു്. ബസ്സ് അവിടം വിട്ടു. റോഡു് ടാറിട്ടതല്ലായിരുന്നതിനാൽ ബസ്സ് തുള്ളിച്ചാടിക്കൊണ്ടിരുന്നു. തികച്ചും അരമണിക്കൂർ നേരം നീണ്ടുനിന്ന ആ യാത്രയുടെ അവസാനത്തിൽ ഞങ്ങൾ 'കല്പററ'യിൽ എത്തി. വയനാട്ടിലെ ഏററവും ധനസമൃദ്ധമായ പട്ടണങ്ങളിലൊന്നാണു് കല്പററ. വിദ്യുച്ഛക്തി വിതരണംനടത്താനുള്ള ഏപ്പാടുകൾ അവിടെ തുടങ്ങിയിരുന്നു. വേലക്കാർ കമ്പികൾ കെട്ടുന്നതും കാലുകൾ കുഴിച്ചിടുന്നതും മററും കണ്ടപ്പോൾ രഘു പറഞ്ഞു "ഒരു പട്ടണം ഉയിരെടുക്കുന്നു." കുറെ ദൂരം പിന്നിട്ടപ്പോൾ ഒരു സ്കൂൾ കെട്ടിടം കണ്ടു. ഞാൻ പറഞ്ഞുകൊടുത്തു്: "വയനാട്ടിലാകെയുള്ള മൂന്നു ഹൈസ്കൂളുകളിലൊന്നായ എസ്. കെ. എം. ജെ. ഹൈസ്കൂളാണിതു്."

ബസ്സ് പാഞ്ഞുകൊണ്ടിരുന്നു. അപ്പോൾ വേറൊരു റോഡു് ഞങ്ങളുടെ റോഡിൽ വന്നുചേരുന്നതു കണ്ടു്. ഗോപാലൻ ചോദിച്ചു: "ഇതെവിടേയ്ക്കാണു്" ഞാൻ പറഞ്ഞുകൊടുത്തു: "മൈസൂരതിർത്തിയിൽ സ്ഥിതിചെയ്യുന്ന സുൽത്താൻ ബത്തേരിയിലേയ്ക്കാണിതു്. അവിടെ ഒരു ഹൈസ്കൂളുണ്ടു്. ഇതു കൂടാതെ കൃഷിവകുപ്പു വകയായി അവിടെയ്ക്കടുത്ത 'അമ്പലവയൽ' എന്ന സ്ഥലത്തു ഒരു മാതൃകാ കൃഷിസ്ഥലം നടത്തുന്നുണ്ടു്." ഏകദേശം പതിനൊന്നുമണിയായപ്പോൾ പനമരം പുഴക്കടവിലെത്തി. അവിടെ വലിയൊരു പാലം പണിചെയ്യുന്നതു് ഞാനവർക്കു കാണിച്ചുകൊടുത്തു. കടവുകടന്നു ഒരു

മണിക്കൂറിന്നുശേഷം ഞങ്ങൾ മാനന്തവാടിക്കടവിലെത്തി. "ഇതു കാവേരിനദിയുടെ ഒരു പോഷകനദിയായ 'കബാനി' നദിയാണ്. ഇതിന്നു ഒരു പാലംകെട്ടാൻ രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഏർപ്പെടുത്തിയിട്ടുണ്ടത്രെ." ആ പുഴയുടെ മറുകരയിലായി ഞാൻ പഠിച്ച ഹൈസ്കൂൾ നിലക്കൊണ്ടു. അതിൻെറയരികിലൂടെ ബസ്സ് കടന്നുപോകുമ്പോൾ ആറുകൊല്ലക്കാലത്തെ വിദ്യാത്ഥിജീവിതം എൻെറ മനസ്സിലൂടെ പാഞ്ഞുപോയി. ബസ്സ് മാനന്തവാടി പോലീസ്സ്സ്റ്റേഷനിലെത്തി. അതോടനുബന്ധിച്ചുതന്നെയാണ് താലൂക്കാഫീസ്സ് കെട്ടിടവും. അവിടെ ഒരു ഖജാന, പോലീസ്സ്റ്റേഷൻ എന്നിവ മാത്രമേയുള്ളു.

ബസ്സ് അവിടംവിട്ടു ടൌണിൽ ചെന്നുനിന്നു. നീണ്ടതായ ആ യാത്രയ്ക്കുശേഷം ആ വാഹനം ഒരു നെടുവീർപ്പുവിട്ടു ബസ്സിറങ്ങി ഞങ്ങൾ എൻെറ വീട്ടിലേക്കു നടന്നു. അച്ഛൻ കാത്തിരിയ്ക്കുകയായിരുന്നു. ഞാൻ എൻെറ സ്നേഹിതന്മാരെ പരിചയപ്പെടുത്തി. അവരുടെ ആഗമനോദ്ദേശവും അറിയിച്ചു. ഭക്ഷണാനന്തരം കുറച്ചു വിശ്രമിച്ചശേഷം അവർ പുറത്തിറങ്ങി. അവക്കൊരു ചായത്തോട്ടം കാണണം. ഞങ്ങൾ തലപ്പുഴ എന്നു സ്ഥലത്തേയ്ക്കു പുറപ്പെട്ടു. അവിടെ വലിയൊരു ചായത്തോട്ടമുണ്ട്. ഏകദേശം നാലുനാഴിക നടന്നു മൂന്നുമണിയോടുകൂടി ഞങ്ങൾ അവിടെ എത്തി. അനേകം ഏക്ര പരന്നുകിടക്കുന്ന ആ ചായത്തോട്ടം കണ്ടു് അവർ അത്ഭുതപ്പെട്ടു. പിന്നീടു ഞങ്ങൾ തോട്ടക്കാർ നടത്തുന്ന യന്ത്രശാലയിലേയ്ക്കു പോയി. അവിടത്തെ ഒരുദ്യോഗസ്ഥൻ യന്ത്രത്തിൻെറ പ്രവത്തനരീതിയും, ചായയില ചായപ്പൊടിയാകുന്നതുവരെയുള്ള സകല പ്രവത്തനങ്ങളും വിശദമാക്കിത്തന്നു. ഈ മാതിരി പത്തുപന്ത്രണ്ടു് ചായത്തോട്ടങ്ങൾ വയനാട്ടിൽ ഉണ്ടു്. ഇതിലധികവും ഇംഗ്ലീഷ് ആൻറ് സ്കോട്ടിഷ് കമ്പനിവകയാണത്രെ. ഏകദേശം ആറുമണിയോടുകൂടെ ഞങ്ങൾ മടങ്ങി മാനന്തവാടിയെത്തി. രാമചന്ദ്രൻ അയാളുടെ വീട്ടിലേയ്ക്കു പോയി. രഘുവിനെയും ഗോപാലനെയും ഞാൻ വീട്ടിലേയ്ക്കുകൂട്ടി. വീട്ടിലെത്തിയപ്പോൾ അവക്കൊരാഗ്രഹം. ഇവിടത്തെ പൂവ്വകാലനിവാസികളെ ഒന്നു കാണണം. ഞാൻ അവരെ അയൽവക്കത്തെ ഒരു ജന്മിയുടെ പണിപ്പുരയിലേക്കു കൂട്ടിക്കൊണ്ടുപോയി. ഒരു പുൽക്കുരയിൽ ചുരുണ്ടുകൂടിയിരുന്ന നാലഞ്ചു കറുത്ത രൂപങ്ങൾ ഞങ്ങളെക്കണ്ടപ്പോൾ പുറത്തേയ്ക്കുവന്നു. ആ "മണ്ണിൻെറ മക്കളുടെ" ഒന്നു രണ്ടു് ഫോട്ടോ ഞങ്ങളെടുത്തു. അവരെല്ലാം ഓരോ ജന്മികളുടെ കീഴിൽ ചുരുങ്ങിയ കൂലിയ്ക്കു് ജോലിയെടുക്കുന്നവരാണ്. ഞങ്ങൾ ആവശ്യപ്പെട്ടപ്രകാരം അവർ തങ്ങളുടെ ഗ്രാമീണവാദ്യങ്ങളും മറ്റും വിളിച്ചു കുറച്ചുനേരം ഞങ്ങളെ ആനന്ദിപ്പിച്ചു. എൻെറ കൂട്ടുകാൎക്കു് ആ സംഗീതം വളരെ പിടിച്ചു. രഘുവിന്നു അവരുടെ ഒരു കുഴൽ കിട്ടിയാൽ തരക്കേടില്ലെന്നുപോലും തോന്നി.

നേരം ഇരുട്ടായിത്തുടങ്ങി. ഞങ്ങൾ വീട്ടിലേയ്ക്കു മടങ്ങി. മഞ്ഞു വീണുതുടങ്ങിയതിനാൽ തണുപ്പു തുടങ്ങി. രഘുവും ഗോപാലനും താടികൊണ്ടു താളം പിടി

ച്ചുതുടങ്ങി. അത്താഴത്തിന്നുശേഷം ഉറങ്ങാൻ പോകുമ്പോൾ രണ്ടു തടിച്ച രോമക്കമ്പിളിയാണ് അവക്ക് കൊടുത്തതു്. എന്നിട്ടും പിറേറന്നു നേരംപുലൎന്നപ്പോൾ രാത്രിയിലെ തണുപ്പിനെക്കുറിച്ച് പറഞ്ഞുകൊണ്ടിരുന്നു. രാവിലെത്തന്നെ അവർ ഒരു നാട്ടിൻപുറം സന്ദശിയ്ക്കുവാൻ പ്ലാനിട്ടുകഴിഞ്ഞിരുന്നു. അതിനാൽ മാനന്തവാടിയിൽ നിന്നു പത്തുമൈൽ അകലെയുള്ള "വെള്ളമുണ്ട" എന്ന ഒരു സ്ഥലം സന്ദശിയ്ക്കുവാൻ ഞങ്ങൾ തീച്ചപ്പെടുത്തി. എട്ടുമണിയോടുകൂടി ടൌണിൽ വന്നു ബസ്സിൽ കയറി. മുൻപിൽതന്നെ സീററ പിടിച്ചു. റോഡു് കുണ്ടും കുഴിയും ഉള്ളതായിരുന്നതിനാൽ പിന്നിലിരിയ്ക്കുന്നതു് തടിയ്ക്കു് ആരോഗ്യകരമല്ലെന്നവരെ പറഞ്ഞു മനസ്സിലാക്കി.

ബസ്സു പുറപ്പെട്ടു. ഏകദേശം ഒരു മണിക്കൂർ നേരത്തെ വിഷമകരമായ യാത്രയ്ക്കുശേഷം ഞങ്ങൾ "വെള്ളമുണ്ട" യിൽ എത്തി. വളരെ വിശപ്പുണ്ടായിരുന്നതിനാൽ ഞങ്ങൾ ഒരു ചായക്കടയിൽ കയറി. ഏതാനും പഴക്കുലകളും രണ്ടുമൂന്നു ഗ്ലാസ്സുകളും ഒരു ചായമേശയും ആയിരുന്നു ആ ചായക്കടയിലെ വസ്തുക്കൾ. ഞങ്ങൾ മൂന്നു ചായയ്ക്കു പറഞ്ഞു. കുറെനേരം കാത്തിരുന്നശേഷം ഞങ്ങൾ വീണ്ടും പീടികക്കാരനെ വിളിച്ചു. ഒരു പുഞ്ചിരിയോടുകൂടി ആ കടക്കാരൻ കാക്ക പറഞ്ഞു:— പഞ്ചാരതീൎന്നുപോയി മൊയലാളിമാരെ!" കുട്ടികാക്ക തലയിൽ കലികയറി എങ്കിലും അവരൊന്നും പറഞ്ഞില്ല. ഒരോഗ്ലാസ്സ് മധുരമില്ലാത്ത ചായയും കുറെ വാഴപ്പഴവും അകത്താക്കി ഞങ്ങൾ പുറപ്പെട്ടു.

ഞാൻ ഒരു നിദ്ദേശം പുറപ്പെടുവിച്ചു. "ഇവിടെ കുട്ടനാട്ട് എസ്റ്റേയിററ് എന്നൊരു ഏലത്തോട്ടമുണ്ടു്. നമുക്കതു് സന്ദശിയ്ക്കാം. പക്ഷെ ഒരു മലയുടെ മുകളിലാണതു് അതിനാൽ കുറെ മലകയറി ബുദ്ധിമുട്ടണം. എന്തു പറയുന്നു?" "തെയ്യാർ!" അവർ ഉത്സാഹത്തോടെ പറഞ്ഞു ഞങ്ങൾ കുറെ ദൂരം നടന്നു മലകയറാൻ തുടങ്ങി. ഇരുഭാഗത്തും ഇടതൂൎന്നു വളരുന്ന കാടുകൾക്കിടയിലൂടെ ആ കാട്ടുപാത മലയിൽ വളഞ്ഞും പുളഞ്ഞും കിടക്കുന്നുണ്ടായിരുന്നു. വാസ്തവത്തിൽ ആ കാടുകൾക്കിടയിൽ കാട്ടാനകൾ വിഹരിച്ചിരുന്നു. തന്മൂലം ഞങ്ങൾ മൂന്നാളുകൾ മാത്രമായി അങ്ങോട്ടുപോകാൻ പുറപ്പെട്ടതു് തികച്ചും അപായകരമായിരുന്നു. കുറച്ചുകൂടി മേലോട്ടു പോയപ്പോൾ "ആവിപൊങ്ങുന്ന ആനപ്പിണ്ടം കണ്ടപ്പോൾ" ഞങ്ങൾ തികച്ചും ഭയവിഹ്വലരായി. അവിടെയെവിടെയെങ്കിലും വല്ല കാട്ടാനയുമുണ്ടാകുമോ എന്ന ശങ്കയാലുള്ള സംഭ്രമം ഞങ്ങളുടെ കാൽവെപ്പിന്നു വേഗതകൂട്ടി. അരമണിക്കൂർ നേരത്തെ തീവ്രയത്നത്തിന്നു ശേഷം ഞങ്ങൾ ഏലത്തോട്ടത്തിലെത്തി. അവിടത്തെ അധികൃതന്മാർ ഞങ്ങളുടെ ആഗമനോദ്ദേശമറിഞ്ഞു് ഏലകൃഷിയെപ്പററി സകല വിവരങ്ങളും പറഞ്ഞു മനസ്സിലാക്കിത്തന്നു. കുറേനേരം ഞങ്ങൾ തോട്ടത്തിൽനിന്നു ഏലച്ചെടികൾ കണ്ടു. കുറച്ചുനേരം അവിടത്തെ പ്രകൃതിസൌന്ദൎയ്യം ആസ്വദിക്കാൻ ഞങ്ങൾക്കു കഴിഞ്ഞു.

ഏകദേശം മൂന്നുമണിയോടുകൂടെ ഞങ്ങൾ മടങ്ങാൻ തയ്യാറായി. അവിടെനിന്നു ടൌണിലേക്കു ഒരു ലോറി പോക

ന്നുണ്ടായിരുന്നതിനാൽ മടക്കം നടക്കാതെ കഴിഞ്ഞു. വെള്ളമുണ്ടയിൽ എത്തിയപ്പോഴേയ്ക്കും ബസ്സ പോയ്ക്കഴിഞ്ഞിരുന്നു. അതിനാൽ ഞങ്ങഠം നടക്കാൻതന്നെ തീച്ചയാക്കി. മൂന്നുമണിക്കൂർ നേരത്തെ തുടച്ചയായുള്ള നടത്തത്തിന്നുശേഷം ഞങ്ങഠം സന്ധ്യയ്ക്കു മാനന്തവാടിയിലെത്തി. വീട്ടിലെത്തിയപ്പോഴേയ്ക്കും ഞങ്ങഠം തളന്നു വിവശരായിരുന്നു. അത്താഴം കഴിഞ്ഞു കിടക്കാൻ ചെന്ന ഉടനെത്തന്നെ ഞങ്ങഠം ക്ഷീണംമൂലം നിദ്രാവശഗരായി. പിറേറന്നു വളരെ വൈകിയിട്ടും ഉറക്കമുണരാതിരുന്ന എൻെറ ചങ്ങാതിമാരെ ഉണത്തുവാൻ ഞാൻ കുറെ പാടുപെടേണ്ടിവന്നു. പ്രാതൽകഴിച്ചു വിശ്രമത്തിന്നുശേഷം അവർ അന്നത്തെ യാത്രക്കുള്ള പ്ലാനിടുകയായിരുന്നു.

“ഇവിടെ അടുത്തെങ്ങും ക്ഷേത്രങ്ങളൊന്നുമില്ലേ.” രഘു ചോദിച്ചു. “ഉണ്ട്. പ്രധാനമായി രണ്ടെണ്ണം——ഒന്നിവിടെനിന്നു പന്ത്രണ്ടുമൈലകലെയുള്ള തിരുനെല്ലി എന്ന സ്ഥലത്തു. വേറൊന്നു ഇവിടെ അടുത്തു്. ആദ്യത്തെ സ്ഥലം വളരെയധികം പ്രകൃതിരമണീയമാണ്.” “ബസ്സുണ്ടെങ്കിൽ പോകാം.” രഘു പറഞ്ഞു. ഏതായാലും തിരുനെല്ലി സന്ദശിക്കാൻ ഞങ്ങഠം തിച്ചയാക്കി. ബസ്സസ്റ്റാൻഡിലെത്തി. പത്തുമണിയോടുകൂടെ ബസ്സവന്നു. ബസ്സിൽ കയറി പതിനൊന്നു മണിയോടുകൂടി ഞങ്ങഠം മേൽപറഞ്ഞ സ്ഥലത്തുനിന്നു ആറുമൈലിപ്പുറമെത്തി. ബാക്കി ആറുമൈലോളം നടന്നുപോകണം. മലകളാൽ ചുററപ്പെട്ട പാടങ്ങഠം പൊൻനിറമാണ്ടു നില്ക്കുന്നു. കൊയ്ത്തുകാർ പാടത്തിൽ പാട്ടുംപാടി പണിയെടുക്കുന്നതു് കണ്ടപ്പോഠം ഞാൻ അറിയാതെ പാടിപ്പോയി.

“ഒന്നിച്ചാനന്ദമെയ്യോടെനിൽപ്പു
കന്നിപ്പാടത്തു കൊയ്ത്തുകാർ നീളെ”

വഴിയറിയാത്തതിനാൽ ഒരു മാഗ്ഗദശിയെയുംകൂട്ടി ഞങ്ങഠം പുറപ്പെട്ടു. പോകുന്നവഴിയ്ക്കു വലിയവലിയ കാപ്പിത്തോട്ടങ്ങളും മധുരനാരകത്തോട്ടങ്ങളും ഇരുഭാഗത്തും വ്യാപിച്ചുകിടക്കുന്നു. നാരകത്തിന്മേൽ രസക്കുടുക്കകഠംപോലെ തൂങ്ങിനില്ക്കുന്ന മധുരനാരങ്ങ കണ്ടപ്പോഠംതന്നെ അവരുടെ വായിൽ വെള്ളമൂറി. ഒരു വീട്ടിൽ കയറി ഞങ്ങഠം മൂന്നാലു നാരങ്ങവാങ്ങി കയ്യശംവെച്ചു. വഴി ദൗർഘടംപിടിച്ചതായിരുന്നു. ചുററുപാടുമുണ്ടായിരുന്ന കാടുകളിൽ നരി ആന മുതലായ വന്യമൃഗങ്ങഠം നിവസിച്ചിരുന്നു. ആനകഠം വയലിലിറങ്ങി വിളനാശം വരുത്താതിരിക്കുവാൻ ആളുകഠം തോക്കും മററായുധങ്ങളുമെടുത്തു പാടത്തു പുരകെട്ടി കാവൽനിന്നിരുന്നു. ഏകദേശം ഒന്നരമണിക്കൂർ നേരത്തെ നടത്തത്തിന്നുശേഷം ഞങ്ങഠം ക്ഷേത്രത്തിലെത്തി. തികച്ചും പ്രശാന്തമായ ഒരന്തരീക്ഷത്തിലാണ് ക്ഷേത്രം സ്ഥിതിചെയ്യുന്നതു്. ക്ഷേത്രത്തിൽ ഭക്തന്മാർ വന്നും പോയുംകൊണ്ടിരുന്നു. ക്ഷേത്രത്തിൻെറ സമീപത്തുകൂടെ “പാപനാശിനി” എന്ന ഒരു നദി ഒഴുകിക്കൊണ്ടിരിയ്ക്കുന്നു. ആ നദിയിൽ കുളിച്ചാൽ പാപമോചനം കിട്ടുമെന്നാണ് പൊതുജനവിശ്വാസം. ഏതായാലും ഞങ്ങഠം നദിയിൽ ചാടിക്കുളിക്കാൻ തീച്ചയാക്കി— പാപമോചനത്തിന്നുവേണ്ടിയല്ല, ഉഷ്ണ

മോചനത്തിന്നുവേണ്ടി! ഞങ്ങറം രണ്ടാറം ഞാനും രഘുവും—നീന്തിക്കളിച്ചു. ഗോപാലനു ശരിയ്ക്കു നീന്തലറിഞ്ഞുകൂട. ഞങ്ങളവനെ നദിയിൽ ചാടിച്ചു. അവൻ നീന്തലറിയാതെ കഴങ്ങുന്നതുകണ്ടു രസിച്ചു പാവം!—അങ്ങനെ ഞാനും രഘുവും പാപമോചനത്തിന്നു പകരം പാപസംഭരണം നടത്തി. കുളികഴിഞ്ഞു അമ്പലത്തിൽചെന്നു തൊഴുതു. അമ്പലത്തിൽ നിവേദ്യംകഴിച്ച ഊണു് കിട്ടി. അവിടത്തെ ഒരമ്പലവാസി ആ ക്ഷേത്രത്തെക്കുറിച്ചു് ഞങ്ങറംക്കൊരു വിവരണം നല്കി.

ഇതു് "ദക്ഷിണകാശി" എന്ന അപരനാമത്തിൽ അറിയപ്പെടാറുണ്ടു്. കാരണം "കാശി" കഴിഞ്ഞാൽ ഭാരതത്തിലെ ഏററവും പുണ്യതരമായ ശിവക്ഷേത്രമാണു് ഇതെന്നാണു് പൊതുജനവിശ്വാസം. അവിടെയുള്ള "പക്ഷിപാതാളം, ഋഷിപാതാളം" മുതലായ ഒന്നുരണ്ടു ഗുഹകറം അയാറം ഞങ്ങറംക്കു കാണിച്ചുതന്നു. ഇവ രണ്ടും ഇരുട്ടുനിറഞ്ഞ അഗാധഗർത്തങ്ങളായിരുന്നു. ടോർച്ചടിച്ചു നോക്കിയിട്ടൊന്നും അവയുടെ അടി കാണാൻ കഴിഞ്ഞില്ല. ഇത്രയും കണ്ടപ്പോഴേയ്ക്കും നേരം വൈകിയതിനാൽ ഞങ്ങറം മടങ്ങാൻ തീരുമാനിച്ചു. വഴിനടന്നു ക്ഷീണിച്ചു് ഒരുമാതിരി, നിരത്തിലെത്തിപ്പെട്ടു. അവിടെ ഇരുന്നു വിശ്രമിച്ചു്. ദാഹിച്ചു് വിവശരായിരുന്ന ഞങ്ങറംക്കു് കയ്യിലുണ്ടായിരുന്ന മധുരനാരങ്ങ ഒരനുഗ്രഹമായിരുന്നു.

അധികം കാത്തിരിയ്ക്കേണ്ടിവന്നില്ല ബസ്സു വന്നു. നിറച്ചും ആളുകളുണ്ടായിരുന്നു. ഏതായാലും ആ തിരക്കിൽ ഞങ്ങറം കൂടി കയറി. ഏകദേശം ഏഴുമണിയോടുകൂടി ഞങ്ങറം വീട്ടിലേക്കു മടങ്ങിയെത്തി. അത്താഴം കഴിഞ്ഞു വിശ്രമിക്കാനിരിക്കുമ്പോറം രഘുപറഞ്ഞു. "നമുക്കു് നാളെത്തന്നെ മടങ്ങിക്കളയാം" ഒന്നുരണ്ടു ദിവസംകൂടി താമസിച്ചിട്ടു പോകാം എന്നു ഞാൻ നിർബ്ബന്ധിച്ചു. പക്ഷെ അവർ സമ്മതിച്ചില്ല. ഗത്യന്തരമില്ലാത്തതിനാൽ അതനുവദിക്കാൻ ഞാൻ നിർബ്ബന്ധിതനായി. അവർ ഉറങ്ങാൻ പോയി. പിറേറന്നു അതിരാവിലെ എൻെറ വിളി കേട്ടു് അവർ ഉണർന്നു. രാവിലത്തെ തണുപ്പും സഹിച്ചുകൊണ്ടു് ഞങ്ങറം ബസ്സിസ്റ്റാൻഡിലെത്തി. ബസ്സിൽ കയറിയിരുന്നു.

ബസ്സുപുറപ്പെട്ടു. കഴിഞ്ഞ രണ്ടുമൂന്നു ദിവസങ്ങളിലെ സംഭവങ്ങറം എൻെറ ഹൃദയത്തിൽക്കൂടെ കടന്നുപോയി. ഹൃദയത്തിൽ സന്തോഷത്തിൻെറ കൊച്ചലകറം നൃത്തംവെച്ചിരുന്നു. വഴിക്കുവെച്ചു ചില വിദ്യാർത്ഥിനികറം ബസ്സിൽ കയറി—വർണ്ണപ്പകിട്ടുള്ള വസ്ത്രങ്ങറം ധരിച്ച ചില പൂമ്പാററകറം. എൻെറ സ്നേഹിതന്മാർ പാട്ടുവാൻ തുടങ്ങി. അതുകേട്ടു വിദ്യാർത്ഥിനികറം തലതാഴ്ത്തി. ഞങ്ങറം ചിരിച്ചാർത്തു. ബസ്സിലുള്ളവരെല്ലാം ഞങ്ങളുടെമേൽ ശ്രദ്ധ കേന്ദ്രീകരിച്ചു. കുറേദൂരം കഴിഞ്ഞു. ബസ്സുനിന്നു ആ പൂമ്പാററകളെല്ലാം ഇറങ്ങിപ്പോയി. ബസ്സു് യാത്രതുടർന്നു. മലയിടുക്കുകളിൽക്കൂടി നീണ്ടുകിടക്കുന്ന ആ പാതകളിലൂടെ അനേകദൂരം ഓടിക്കൊണ്ടിരിയ്ക്കുന്ന ആ കൊച്ചുവാഹനം ഉച്ചയാകുമ്പോഴേയ്ക്കും ഞങ്ങളേയും വഹിച്ചു കോഴിക്കോട്ടെത്തി.

# “ശർക്കരയുണ്ടു് എന്നാൽ അതിനൊട്ടു് അവിലുമില്ല”

ഏ. കെ. അബ്ദുള്ള. II M C

‘ഒരുയുദ്ധം അനിവാര്യമാണ്’ എന്നതായിരുന്നു ഈ കൊല്ലത്തെ ഇൻറർ കോളേജ് ഡിബൈററിന്നുള്ള ചർച്ചാവിഷയം. ഈ സമാധാന യുഗത്തിൽ ഇത്തരമൊരു വിഷയം ചർച്ചക്കു തിരഞ്ഞെടുത്തതു തന്നെ ജുഗുപ്സാവഹമാണെന്നു ചിലർ പ്രസംഗമദ്ധ്യേ അഭിപ്രായപ്പെടുകയുണ്ടായി. എന്നുതന്നെയല്ല, ‘സഹവർത്തിത്വത്തിന്റെയും, പഞ്ചശീലത്തിന്റെയും’ പിറവിയാൽ പ്രശോഭിതമായ ഈ ‘ബന്ദൂങ്ങ്’ യുഗത്തിൽ ഒരു യുദ്ധം അനിവാര്യമാണ് എന്നു പറയുന്നവരുടെ യാഥാർത്ഥ്യബോധത്തെ കുറിച്ച് ചിലർ അപലപിക്കുക കൂടിയുണ്ടായി. എന്നാൽ യൂനോവിന്റെയും ബന്ദൂങ്ങ് സമ്മേളനത്തിന്റെയും പഞ്ചശീലത്തിന്റെയും പിന്നിൽ മറഞ്ഞുകിടക്കുന്ന ചില നഗ്ന യാഥാർത്ഥ്യങ്ങളുണ്ട്. ബോധപൂർവ്വം തന്നെ അഭിമുഖീകരിക്കേണ്ട ചില പൊരുത്തക്കേടുകളുണ്ട്. അവയുടെ മുമ്പിൽ കണ്ണടയ്ക്കുവാൻ വയ്യ. അവയ്ക്കു നേരെ തിരശ്ശീല താഴ്ത്തി സഹവർത്തിത്വവും സമാധാനവും തച്ചോളിപ്പാട്ടായിപ്പാടി നടക്കാതെ യാഥാർത്ഥ്യത്തിലേക്കൊന്നു ഇറങ്ങിച്ചെല്ലുന്നതായിരിക്കും ഉത്തമം.; കൂടുതൽ വിവേകവും അതായിരിക്കും.

**തൊപ്പിയിടുകയല്ല—**

നമ്മുടെ ലക്ഷ്യം യുദ്ധത്തെ എന്നന്നേക്കുമായി ഒഴിച്ചുനിർത്തുകയാണ്. മത്സരങ്ങളും കലഹങ്ങളുമില്ലാത്ത ഒരു നല്ല നാളെ കെട്ടിപ്പടുക്കുകയാണ്. തലമുറ തലമുറകളിലൂടെ മനുഷ്യൻ പടുത്തുയർത്തിയ സംസ്കാരത്തെയും, നാഗരീകതയേയും ചുട്ടുചാമ്പലാക്കുന്ന യുദ്ധത്തെ ആരും കാംക്ഷിക്കുന്നില്ല. പക്ഷെ അതിന്റെ സാദ്ധ്യതയെപ്പററി ഒരുറച്ച വിശ്വാസത്തിലെത്തിച്ചേരുവാൻ സാദ്ധ്യമാകുന്നില്ല. കാരണം, മനുഷ്യവംശത്തിന്റെ ഇതഃപര്യന്തമുള്ള ചരിത്രം, ഒരു രാക്ഷസനെപോലെ എന്റെ മുമ്പിൽ പല്ലിളിക്കുന്നു. ലോകത്തിന്റെ ചരിത്രം അതായതു് ആയിരമായിരം കൊല്ലക്കാലത്തെ ഭൂതകാല ചരിത്രം നമ്മോടു പറയുന്നു. യുദ്ധങ്ങളേയും കലഹങ്ങളേയും നമുക്കു തികച്ചും ഒഴിച്ചുനിർത്തുവാൻ സാദ്ധ്യമല്ലെന്നു്. കാരണം, ദിവ്യത്വത്തിന്റെ അംശമുൾക്കൊള്ളുന്ന മനുഷ്യനിൽതന്നെ മൃഗീയത്വത്തിന്റെ ബീജങ്ങൾ പ്രവർത്തിക്കുന്നുണ്ട്. മനുഷ്യന്നു് സംഘട്ടനത്തിന്നും മത്സരത്തിന്നുമുള്ള വാസന ജന്മസിദ്ധമാണ്. അവന്റെ സൃഷ്ടിയിൽ-ഘടനയിൽ സമൂഹ പരിവർത്തനം സംഭവിക്കാത്തിടത്തോളം കാലം ആ അഭിവാഞ്ഛ=ആ ദുഷിച്ച ശീലം നിലനില്ക്കുകതന്നെ ചെയ്യും. ക്രിസ്തുവിനെയും മുഹമ്മദിനേയും ബുദ്ധനേയും മറന്നു്

മാൽതസിൻെറയും ''ലോകസമാധാനം ഒരു ഭീരുവിൻെറ സ്വപ്നമാണെ''ന്നു പറഞ്ഞ മുസ്സോലനിയുടെയും, ഹിററ്ലരുടെയും പക്ഷത്തിലേക്കു കൂറുമാറി തൊപ്പിയിടുകയല്ല. നേരെ മറിച്ച് മനുഷ്യർ പലതരക്കാരാണെന്നും എല്ലാവരും ഒരുപോലെയല്ലെന്നും അവൻെറ ആശകൾക്കും ആവശ്യങ്ങൾക്കും മനോവികാരങ്ങൾക്കും വൈരുദ്ധ്യമുണ്ടെന്നും ചൂണ്ടിക്കാണിക്കുകമാത്രമാണ്.

**ആദം അവ്വാ മുതൽ—**

നമുക്കു ചരിത്രത്തിലേക്ക്—ആദം അവ്വാ ജീവിതകാലം മുതൽക്കിതുവരെയുള്ള മനുഷ്യ ചരിത്രത്തിലേക്കൊന്നു ചുഴിഞ്ഞു നോക്കാം. രാജാവും ഭരണകൂടവുമില്ലാത്ത ആ അനാദികാലം—അന്ന് മാത്സര്യങ്ങളും യുദ്ധങ്ങളുമില്ലായിരുന്നുവത്രെ. ഹോബ്സിൻെറയും റൂസോവിൻെറയും ഭാഷയിൽ പറഞ്ഞാൽ ആ ആദിമനിവാസികൾ മഹത്തായ ജീവികളായിരുന്നു. പക്ഷെ അതെല്ലാം കഴിഞ്ഞു. മനുഷ്യർ ആയിരമായിരമിരട്ടിയായി വർദ്ധിച്ചതോടെ അവരുടെ ആവശ്യങ്ങളും അഭിലാഷങ്ങളും അനുസ്യൂതമായി വളർന്നുവന്നു. വർദ്ധമാനമായ അവരുടെ ജീവിതാവശ്യങ്ങൾക്കുവേണ്ടി അരയും തലയും മുറുക്കി അവർ മുന്നേറി. അറിവിലും പുരോഗതിയിലും അവർ മുന്നോട്ടു വന്നപ്പോൾ, മനുഷ്യത്വം അവരിൽ നിന്ന് ഇഞ്ചിഞ്ചായി വിട്ടുമാറി. സാമർത്ഥ്യം ദുസ്സാമർത്ഥ്യത്തിലേക്കു മാറിയതോടെ അന്യോന്യം വിദ്വേഷത്തിലേക്കും കലഹത്തിലേക്കും അതു വഴിതെളിയിച്ചു. 'കയ്യൂക്കുള്ളവൻ കാര്യക്കാരൻ' എന്ന പ്രമാണമനുസരിച്ച് മേധാവിത്വത്തിന്നു വേണ്ടി പ്രമാണിത്വവും രാജത്വവും വടവലി നടത്തുന്നതായി ലോകം കണ്ടു. ഫ്യൂഡൽകാലഘട്ടത്തിൽ ദുർമ്മോഹത്തിൻെറ ദുർഘടം നിറഞ്ഞ ആപത്തുകൾ അടിഞ്ഞുകൂടി. ശക്തിയും, സ്വാധീനവും പദവിയും സമ്പത്തും വർദ്ധിപ്പിക്കാനുള്ള പ്രഭുത്വത്തിൻെറയും മതപുരോഹിതന്മാരുടെയും പിടിച്ചുപറി ചർച്ചുകളെയും രാജധാനികളെയും പോർക്കളമാക്കി മാററി. വേദപുസ്തകം തിളങ്ങുന്ന പടവാളായി രൂപാന്തരപ്പെട്ടു.

ഫ്യൂസൽ മേധാവിത്വത്തിൻെറ എലിക്കെണിയിൽനിന്ന് ലോകം മുതലാളിത്വവ്യവസ്ഥിതിയിലേക്കു തല ചായ്ച്ചപ്പോൾ കോടിക്കണക്കിലുള്ള സമാധാനപ്രേമികളുടെ കണ്ണുകളിൽ സന്തോഷാശ്രു പൊടിഞ്ഞു. ഭീകരമായ യുദ്ധത്തിൻെറ കാർമേഘങ്ങൾ ലോകചക്രവാളത്തിൽ നിന്ന് എന്നന്നേക്കുമായി മാറിക്കഴിഞ്ഞെന്ന് അവർ വ്യാമോഹിച്ചിരിക്കണം. പക്ഷെ, ആ ചുണ്ടുകളിൽ തങ്ങിനിന്ന പുഞ്ചിരിമായുന്നതിന്നു മുമ്പു ആ മിഴികളിൽ ഊറിനിന്ന കണ്ണുനീർതുള്ളികൾ വററുന്നതിന്നു മുമ്പ് പീരങ്കികളുടെയും ബോമ്പറുകളുടെയും ഇടിമുഴക്കമാണവർ കേട്ടത്. കോളനികൾക്കും, അസംസ്കൃത പദാർത്ഥങ്ങൾക്കും വേണ്ടിയുള്ള പരക്കം പാച്ചലിൽ ഒരു വിഭാഗം മറുവിഭാഗത്തിൻെറ 'മയ്യ'ത്തിന്മേൽ നൃത്തം ചവിട്ടി. അടിച്ചമർത്തപ്പെട്ട മർദ്ദിതവിഭാഗം, ജന്മാന്തരങ്ങളിലൂടെ തങ്ങളുടെ ചുമലിൽ അടിച്ചേല്പിക്കപ്പെട്ട അടിമത്തനുകം വലിച്ചെറിയുവാൻ വെമ്പി. ലോകത്തിൻെറ ഒരററം

മുതൽ മററെ അററംവരെ പടൻപിടിച്ച സ്വാതന്ത്ര്യാഗ്നി സാമ്രാജ്യ ദുർമ്മോഹികളെ വിറളി പിടിപ്പിച്ചു. അനിരോധമായി ഇരമ്പിക്കയറിവരുന്ന ജലപ്രളയംപോലെ സ്വാതന്ത്ര്യത്തിന്നു വേണ്ടി ജീവനും രക്തവും ആഹുതി ചെയ്യുവാൻ ഉത്സുകരായ ദേശാഭിമാനികളുടെ മുമ്പിൽ ബോംബുകൾ അട്ടഹസിച്ചു. മനുഷ്യൻ മഴപ്പാററയെപോലെ ചത്തൊടുങ്ങി. മൃതദേഹങ്ങൾ പൊന്തിക്കിടക്കുന്ന രക്തപ്പുഴകൾ! "അവിദഗ്ദ്ധവും ആപൽകരവുമായ ഒരു ശസ്ത്രക്രിയയ്ക്കു് വിധേയനായ ഒരു രോഗിയായിരുന്നു ഒന്നാം ലോകമഹായുദ്ധത്തിന്നു ശേഷമുള്ള ലോകം..... ജീവിതം തുടൻപോകുവാൻ കഴിയാത്തത്ര പരുക്കുകളും ആഘാതവും ഏററിറവണ്ടായിരുന്നു അവന്നു്." ഒന്നാംലോകമഹായുദ്ധാനന്തരമുള്ള ലോകത്തിൻെറ സ്ഥിതിയെ കുറിച്ചു് എച്ചു്. ജി. വെൽസ് ഇങ്ങിനെയാണു് രേഖപ്പെടുത്തിയിട്ടുള്ളതു്. ആ ദുരന്തസ്മരണകൾ 'ലീഗ് ഓഫ് നേഷൻസ്' രൂപീകരിക്കുവാൻ അവനെ പ്രേരിപ്പിച്ചു; മനുഷ്യർ മനുഷ്യരെ കൊന്നൊടുക്കുന്നതില്ലായ്മ ചെയ്യുവാൻ; മനുഷ്യത്തലകൊണ്ടുള്ള 'അമ്മാനാട്ടം' നിർത്തുവാൻ!!

മാരകായുധങ്ങൾ മനുഷ്യ രക്തത്തിൽ മുങ്ങിക്കുളിക്കുന്ന ഭയാനകവും ബീഭത്സവുമായ കാഴ്ച മനുഷ്യൻെറ രക്തദാഹത്തെ ശമിപ്പിച്ചോ? സാമ്രാജ്യ ദുർമ്മോഹത്തെ കടിഞ്ഞാണിട്ടു നിർത്തിയോ? ഇല്ല. നവനവങ്ങളായ നശീകരണോപകരണങ്ങൾ ഉപയോഗിച്ചു്, ഒന്നാം ലോകമഹായുദ്ധത്തെ ലജ്ജിപ്പിക്കത്തക്ക നാശങ്ങളും കെടുതികളും സൃഷ്ടിച്ചുകൊണ്ടു് രണ്ടാം ലോകമഹായുദ്ധവും ഒരു ജൈത്രയാത്ര നടത്തിയില്ലേ?

**ആരെന്തറിഞ്ഞു വിഭോ:—**

കട്ട പിടിച്ച ചോരകണ്ടു് കണ്ണു മഞ്ഞളിച്ചതോടെ ലോകത്തിലങ്ങോളമിങ്ങോളം യുദ്ധവിരോധമുറവിളികൾ കേൾക്കാൻ തുടങ്ങി. കേട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നു. 'ശാശ്വതമായ ശാന്തിയും, ഭദ്രതയും ലോകത്തു സ്ഥാപിക്കുവാനും, സ്വാതന്ത്ര്യത്തോടും സൌഹാർദ്ദത്തോടും കൂടി, മനുഷ്യന്നു വളരുവാനും വേണ്ടി യൂനോ സ്ഥാപിതമായി. നിരായുധീകരണ വ്യവസ്ഥ മൌലികമായിത്തന്നെ അതംഗീകരിച്ചു, പരസ്പരം വിട്ടുവീഴ്ചയോടെ ലോകകാര്യങ്ങൾ വീക്ഷിക്കുവാൻ അതാഹ്വാനം നൽകി. പക്ഷെ പ്രസംഗവും പ്രവർത്തനവും ബന്ധപ്പെടുന്നതു് ഇനിയും കാണപ്പെടുന്നില്ല. സമാധാനപ്രേമികളുടെ ആശാകേന്ദ്രമായ യൂനോവിൻെറ ആത്മാർത്ഥതയിൽ ഇന്നു പലരും സംശയാലുക്കളാണു്. ലോകത്തിൽ ഒരു സിംഹഭാഗം വരുന്ന ജനകോടികളുടെ ശബ്ദം യൂനോ ഇതുവരെയും ചെവികൊണ്ടിട്ടില്ലെന്നുള്ളതുതന്നെ ഇതിന്നു മതിയായ തെളിവാണു്. യൂനോവിൻെറ മേധാവികൾ തന്നെയാണു് മനുഷ്യവർഗ്ഗത്തെ ഈ ലോകത്തിൽ നിന്നു നിശ്ശേഷം തുടച്ചു നീക്കുവാൻ മതിയായ മാരകായുധങ്ങളുടെ നിർമ്മാണത്തിൽ വ്യാപൃതരായിരിക്കുന്നതു്. അവർതന്നെയാണ് ലോകത്തിലങ്ങോളമിങ്ങോളം യുദ്ധത്താവളങ്ങൾ പണിയുന്നതു്. ഇതുകൊണ്ടുതന്നെയാണു് യൂനോവിൻെറ പിറവിക്കു ശേഷവും ഒട്ടേറെ യുദ്ധങ്ങൾ ഉണ്ടായിട്ടുള്ളതും. പലസ്തീനി

ലും കൊറിയയിലും കാശ്മീരിലും ഗോട്ടിമ
ലയിലും യുദ്ധം പൊട്ടി. മാത്രമല്ല യൂനോ
വിന്റെ ലക്ഷ്യം ഇന്നും ഒരു ദിവാസ്വപ്ന
മായിത്തന്നെ അവശേഷിക്കുകയാണ്.
തെക്കുകിഴക്കനേഷ്യയിൽ സാമ്രാജ്യ ദു
ർമ്മോഹികൾ നടത്തുന്ന പൌരസ്വാതന്ത്ര്യ
ധ്വംസനം അവിടുത്തെ ജനങ്ങളെ വീർപ്പു
മുട്ടിക്കുകയാണ്. മദ്ധ്യപൂർവ്വദേശത്തെ ജ
നങ്ങളുടെ മേൽ അധികാരം അടിച്ചേല്പി
ക്കുവാനുള്ള സാമ്രാജ്യത്വ ശക്തികളുടെ
വെപ്രാളം ഒരു ഭാഗത്തു നടക്കുന്നുണ്ടെ
ങ്കിൽ, ഫോർമോസയാകുന്ന വ്രണത്തി
ന്റെ എരിച്ചിലും പുകച്ചിലും മാറിയി
ട്ടില്ല. ടുനീഷ്യ, കെനിയ, മൊറാക്കോ,
ബ്രിട്ടിഷ്ഗയാന തുടങ്ങിയ ആഫ്രിക്കൻ
രാഷ്ട്രങ്ങളിൽ 'വമ്പനും കൊമ്പനും' നട
ത്തുന്ന അക്രമപരമായ ആധിപത്യം, തെ
ക്കെ ആഫ്രിക്കയിൽ കൂത്താടുന്ന വർഗ്ഗീയ
പൈത്താൻ ഇവയെല്ലാം ആധുനികലോ
കത്തിനു ഭീഷണിയായിത്തന്നെ നിലനി
ല്ക്കുകയാണ്. യൂനോവിലെ തലയെടുപ്പു
ള്ളവർ തന്നെ അതിന്റെ മഹത്തായ ല
ക്ഷ്യത്തിന്നു കടകവിരുദ്ധമായി പ്രവർത്തി
ക്കുന്നതുകൊണ്ട്, യൂനോവിന്റെ ലക്ഷ്യം
സാക്ഷാൽകരിക്കപ്പെടുവാൻ പോകുന്നി
ല്ലെന്നു മനസ്സിലായതിന്റെ ഫലമാണ്
'ജനീവയും' 'ബന്ദുങ്ങു' യൂനോവിന്റെ
പടിക്കു പുറത്തുവെച്ചുരങ്ങേറേണ്ടി വ
ന്നതു്.

**'ചുണ്ടിൽ സമാധാനം കീശയിൽ കൈ
ത്തോക്ക്'': —**

സഹവർത്തിത്വത്തിന്റെയും പഞ്ച
ശീലത്തിന്റെയും ആധുനികവക്താവായ
ശ്രീ. നെഹറുവിന്റെ ലോകസമാധാന
ത്തിന്നുവേണ്ടിയുള്ള സംരംഭങ്ങളിലേക്കാ
ണ് ഇന്ന് ലോകം ഉററുനോക്കുന്നതു്.
എന്നാൽ ഈയിടെത്തെ ചില സംഭവവി
കാസങ്ങൾമൂലം നെഹറുവിന്റെ സദുദ്ദേ
ശത്തെപ്പററി പലക്കും പുതിയ സംശയങ്ങ
ളും അല്പാല്പം അഭിപ്രായമാററങ്ങളും ഉണ്ടാ
യതായി കാണാം. നെഹറുവിന്റെ സമാ
ധാനനിർദ്ദേശങ്ങളുമായി യോജിക്കാൻ ത
യ്യാറായ കമ്യൂണിസ്റ്റ്രാഷ്ട്രങ്ങളേയും അവ
രുമായുള്ള ഇന്ത്യയുടെ സമ്പർക്കത്തെയും
പല വിദേശപത്രങ്ങളും രാഷ്ട്രീയമീമാംസ
കന്മാരും നഖശിഖാന്തം വിമർശിക്കുകയും
ചെയ്യുന്നു. റഷ്യൻനേതാക്കന്മാരുടെ ഇ
ന്ത്യാസന്ദർശനം മറുഭാഗത്തെ ചൂടുപിടി
പ്പിച്ചതായിട്ടു വേണം കണക്കാക്കാൻ. ജ
നീവാസമ്മേളനംതൊട്ടു് റഷ്യൻനേതാക്ക
ന്മാരുടെ ഇന്ത്യാസന്ദർശനംവരെയുള്ള നെ
ഹറുവിന്റെ സമാധാനപരിശ്രമങ്ങളോടു
ലോകത്തിലെ ഗണ്യമായൊരു വിഭാഗം
വിയോജിക്കുന്നുവെന്നുള്ളതാണ് പരമാ
ർത്ഥം. ശാശ്വതമായ സമാധാനം നില
നിർത്തുവാൻ കൈകോർത്തുപിടിച്ച പല
ഏഷ്യനാഫ്രിക്കൻ രാഷ്ട്രങ്ങളും മഹൽശ
ക്തികളുമായി അണിയറകളിൽവെച്ച്
യുദ്ധക്കരാറുകളിലും പട്ടാള കൂട്ടുകെട്ടിലും
ഒപ്പിട്ടിട്ടുണ്ടെന്നുള്ളതു് നിഷേധിക്കാവ
തല്ല. സമാധാനപൂർവ്വമായ സഹവർത്തി
ത്വത്തിന്റെ ഗുണഗണപ്രസംഗങ്ങൾ
കേൾക്കുമ്പോൾതന്നെ പട്ടാള കൂട്ടുകെട്ടി
നുള്ള ആണയിടലും നാം കേൾക്കുന്നു.!
കീശയിൽ കൈത്തോക്കുള്ളവർ തന്നെയാ
ണ് സമാധാനത്തെപ്പററി ഗിരിപ്രഭാഷ
ണം ചെയ്യുന്നതെന്ന് പരസ്പരം കുററപ്പെ

ടുത്തുന്നു. ഇത്രയും പറഞ്ഞതിൽനിന്നു ഇതുവരെയുള്ള സമാധാനശ്രമങ്ങൾക്കു ഗണ്യമായൊരു വിഭാഗത്തിന്റെ വിശ്വാസവും ബഹുമാനവും ആർജ്ജിക്കുവാൻ കഴിഞ്ഞിട്ടില്ല എന്നു വ്യക്തം. ആധുനികലോകത്തിലെ സമാധാനസന്ദേശകനായ നെഹ്റുവിന്റെ സഹോദരന്മാരെ, 2500 കൊല്ലങ്ങൾക്കുമുമ്പ് സൌമനസ്യത്തിന്റെയും സഹകരണത്തിന്റെയും സന്ദേശം ലോകത്തിന്നു നല്കിയ-പടക്കളത്തിൽ വെച്ച് "ഞാനിനി ഒരിക്കലും യുദ്ധം ചെയ്യുകയില്ലെ"ന്നുപറഞ്ഞ ഭാരതീയസംസ്കാരത്തിന്റെ മൂർത്തിമൽഭാവമായ അശോകചക്രവർത്തിയുടെ പിതൃഭൂമിയിൽ നിരത്തിനിർത്തി, സാമ്രാജ്യക്കൊതിയന്മാർ മൃഗീയമായി വെടിവെച്ചു കൊന്നുവെന്നുള്ളതുതന്നെ മേലുദ്ധരിച്ച അഭിപ്രായങ്ങളെ സാധൂകരിക്കുന്നുണ്ട്. 'വിശ്വാസവും സ്നേഹവും വളർത്തുക; സംശയവും, ഭീതിയുമകററുക; ജീവിക്കുക, ജീവിക്കാനനുവദിക്കുക എന്നിങ്ങനെ ഏഷ്യ നല്കുന്ന മഹത്തായ സന്ദേശങ്ങളെ ചെവിക്കൊള്ളുന്നതിന്നു പകരം നിന്ദിക്കപ്പെടുകയാണെന്നു് കാണാം. ഇന്ത്യയിൽവെച്ച് റഷ്യൻനേതാക്കന്മാർ അമേരിക്കയേയും ബ്രിട്ടനേയും കുററപ്പെടുത്തിയതു് പഞ്ചശീലത്തിന്റെ തത്വത്തിന്നുതന്നെ എതിരാണു ........റഷ്യ, ഇന്ത്യയെ ശീതസമരത്തിലേക്കു വലിച്ചിഴക്കുകയാണെന്നു പല രാഷ്ട്രത്തലവന്മാരും പ്രവചിക്കുകയുണ്ടായി. ആധുനികലോകത്തിന്നു് തലവേദനയുണ്ടാക്കുന്ന ഗോവാ കാശ്മീർ പ്രശ്നങ്ങളെ കുറിച്ചുള്ള റഷ്യൻനേതാക്കന്മാരുടെ അഭിപ്രായം ശരിയോ തെററോ എന്നുള്ളതു് ഇവിടെ പ്രസക്തമേയല്ല. ഗോവ പോർച്ചുഗലിന്റേതല്ലെന്നും കാശ്മീർ ഇന്ത്യയുടേതാണെന്നും പറഞ്ഞപ്പോൾ എതിരാളികളുടെ വികാരത്തെ അതു വ്രണപ്പെടുത്തിയോ എന്നുള്ളതാണ് പ്രശ്നം. റഷ്യൻനേതാക്കന്മാരുടെ പ്രസ്താവനയുടെ അലയൊലികൾ രൂക്ഷമായിതന്നെ കാണാൻ കഴിഞ്ഞു. ചില യൂറോപ്യൻ പത്രങ്ങളുടെ അഭിപ്രായം നെഹ്റുവിനെതന്നെ വേദനിപ്പിച്ചിരിക്കണം. അതുകൊണ്ടായിരിക്കാം 'ഇന്ത്യ ഒരു ചേരിയിലുമല്ലെന്നു റഷ്യൻ നേതാക്കന്മാരുടെ മുമ്പിൽവെച്ചുതന്നെ നെഹ്റു പറയുവാൻ നിർബ്ബന്ധനായതു്. മാത്രമല്ല, ബുൾഗാനിനും, ക്രൂഷോവും ഇന്ത്യയിൽവെച്ചു പറഞ്ഞ ചില അഭിപ്രായങ്ങൾ കൂടാതെ കഴിക്കേണ്ടതായിരുന്നുവെന്നു ഡിസമ്പർ 24-ാംനു- നെഹ്റു പ്രസ്താവിക്കുകയും ഉണ്ടായി. പാക്കിസ്ഥാനുമായി അത്ര സുഖത്തിലല്ലാത്ത അഫ്ഘാനിസ്ഥാൻ റഷ്യൻ നേതാക്കന്മാർ സന്ദർശിച്ചതിലും പഷ്ട്ടൂൺ പ്രസ്ഥാനത്തോടുള്ള അവരുടെ അനുഭാവവും പാക്കിസ്ഥാൻ പ്രഭൃതികളെ കുറച്ചൊന്നുമല്ല ദ്വേഷ്യം പിടിപ്പിച്ചതു്. 'ഒരു ജനാധിപത്യരാജ്യമായ പാക്കിസ്ഥാനിലെ സ്വതന്ത്രരായ പഷ്ട്ടൂൺ ജനതയെ 'സ്വതന്ത്രരാ'ക്കാനുള്ള മോഹം, ഈ ആധുനികയുഗത്തിലും അഫ്ഘാൻ ജനതയുടെ മേൽ അടിമത്വത്തിന്റെ കിരാതവാഴ്ച നടത്തുന്ന അഫ്ഘാൻഗവർമ്മേണ്ടിന്റെ നിന്ദ്യവും ലജ്ജാവഹവുമായ നിലപാടിനോടുള്ള റഷ്യയുടെ അനുഭാവം അവരുടെ യുദ്ധക്കൊതിയായി പ്രമുഖപത്രങ്ങളും ഭരണാധികാരികളും മുദ്ര കുത്തി. കൂടാതെ, പാ

ക്കിസ്ഥാനും അവരുടെ ചങ്ങാതികളും തമ്മിലുള്ള ബന്ധം പൂവ്വാധികം പരക്കുകയും ചെയ്തു.

മേലുദ്ധരിച്ച അന്താരാഷ്ട്രീയ സംഭവവികാസങ്ങളിൽനിന്നു നാം എന്തു മനസ്സിലാക്കണം? യുദ്ധത്തിൻെറ ഭീകരക്കെടുതികളിൽ നിന്നുള്ള രക്ഷാൎത്ഥം സ്ഥാപിതമായ 'ലീഗ്ഓഫ്നേഷൻസ്' മുതൽ പഞ്ചശീലതത്വങ്ങൾവരെയുള്ള 'പടിച്ചപണി പതിനെട്ടും പയററിയിട്ടും' മനസ്സമാധാനത്തിന്നിടം നല്കാതെ യുദ്ധഭീതി നമ്മെ അലട്ടുന്നതായിട്ടാണ് നാം കാണുന്നതു്. ലോകചരിത്രത്തിൻെറ താളുകൾ മറിച്ചു നോക്കുകയാണെങ്കിൽ ലോകത്തു അസമാധാനവും ഛിദ്രവാസനയും വളൎത്തുന്ന ശക്തികൾ വളൎന്നു വന്നിരുന്നെങ്കിൽ, അതോടൊപ്പംതന്നെ മറുഭാഗത്ത് സമാധാനത്തിന്നുവേണ്ടിയുള്ള മനുഷ്യാഭിലാഷം രൂപം കൊണ്ടിട്ടുള്ളതായി കാണാൻ കഴിയും. ലീഗ ഓഫ്നേഷൻസിന്നു മുമ്പുതന്നെ സമാധാനസ്ഥാപനാൎത്ഥം ഇരുനൂറിലധികം സംഘടിതപരിശ്രമങ്ങൾ നടത്തി പരാജയമടഞ്ഞിട്ടുണ്ട്. ഇന്നു യുദ്ധത്തിന്നെതിരായി വമ്പിച്ച പൊതുജനരോഷം ഉയൎന്നിട്ടുണ്ടെന്നുള്ളതുകൊണ്ടു് ലോകസമാധാനം അരക്കിട്ടുറപ്പിക്കാമെന്നു കരുതുന്നവർ വിഡ്ഢികളുടെ സ്വൎഗ്ഗത്തിലാണെന്നു പറയാം. കാരണം ഒരു കാലത്തെയും ജനങ്ങൾ യുദ്ധത്തിന്നു സിന്താബാദ് വിളിച്ചതായി കാണുകയില്ല. എക്കാലത്തെ ജനങ്ങളും യുദ്ധവിരോധികൾ തന്നെയായിരുന്നു. ഇനി വാദത്തിന്നുവേണ്ടി 99% ജനങ്ങളും യുദ്ധത്തിന്നു് എതിരാണെങ്കിൽതന്നെ കേവലം ഒരു ന്യൂനപക്ഷത്തിൻെറ യുദ്ധാഭിവാഞ്ഛ തലപൊക്കുകതന്നെ ചെയ്യും. അവസാനമായി ലോകസമാധാനത്തെ കാംക്ഷിക്കുന്നവർ എത്തിച്ചേരുക, "ശൎക്കരയുണ്ടെങ്കിൽ അവിലു കുഴക്കാമായിരുന്നു; അതിനൊട്ടു് അവിലുമില്ല" എന്നു പറഞ്ഞ പഴയ കാരണവരുടെ നിസ്സഹായാവസ്ഥയിലാണെന്നു മാത്രം.



# സാഹിത്യകാരനും രാഷ്ട്രീയവും

ചെറുകര മാധവൻ.

## എന്താണ് സാഹിത്യം?

സാഹിത്യത്തിൻെറ സമഗ്രമായ ഒരു നിർവ്വചനം നമുക്കിന്നും സംസിദ്ധമായിട്ടില്ല. എന്നിരുന്നാലും അതിൻെറ വിവിധവശങ്ങളെയും സാരമായിസ്പർശിച്ചുകൊണ്ടുള്ള നിർവ്വചനങ്ങൾ നമുക്കേറെക്കുറെ ലഭിച്ചിട്ടുണ്ടുതാനും. കലയെ പററി ലെനിൻ ഒരിക്കൽ പ്രസ്താവിക്കുകയുണ്ടായി: "കലയുടെ വേരുകൾ ജനതാമദ്ധ്യത്തിൻെറ അഗാധതകളിലേക്ക് ഇറങ്ങിച്ചെല്ലണം. അത് ജനങ്ങൾക്ക് ആസ്വാദിക്കത്തക്കതും അവരാൽ സ്നേഹിക്കപ്പെടുന്നതുമായിരിക്കണം. കല ജനങ്ങളുടെ വിചാരങ്ങളേയും, വികാരങ്ങളേയും തീരുമാനങ്ങളേയും കൂട്ടിയിണക്കുകയും അവരെ കൂടുതൽ ഉയന്നൊരു നിലവാരത്തിലേക്കുയത്തുകയുംവേണം. ജനങ്ങളുടെയിടയിലുള്ള കലാകാരന്മാരെ തട്ടിയുണത്തുന്നതിന്നും അവരുടെ വളച്ചയെ സഹായിക്കുന്നതിന്നും കല പര്യാപ്തമായിരിക്കണം" ഒരു കലയായ സാഹിത്യവും ഇതിൽനിന്നൊഴിവല്ല.

സാഹിത്യത്തിൻെറയും, കലയുടെയും, സംസ്കാരത്തിൻെറയും മണ്ഡലങ്ങളിൽ ലോകമെങ്ങും കൊടുമ്പിരിക്കൊണ്ട ഒരുൽബുദ്ധതയുടെ നേരിയ അലകൾ കേരളത്തിൻെറ മുക്കിലും, മൂലയിലുംകൂടി വ്യാപിച്ചുകൊണ്ടിരിക്കുകയാണിന്നു്. ഈ ഘട്ടത്തിൽ സാഹിത്യത്തെപററി വിചിന്തനംചെയ്യുന്നത് അനുചിതമായിരിക്കുമെന്നു് ഞാൻ വിശ്വസിക്കുന്നു. സാഹിത്യമെന്നത് സമുദായത്തിൻെറ സംസ്കാരം, പരിഷ്കാരം എന്നിവയെ സജീവമാംവണ്ണം പ്രതിബിംബിച്ചുകാണിക്കുന്ന ഒരു കലാവിദ്യയാകുന്നു. വിജ്ഞാനവും വിനോദവുംനൽകി മനുഷ്യനെ സംസ്കരിച്ചുയത്തുകയാണതിൻെറ ലക്ഷ്യം. 'ദിവ്യമായ സാഹിത്യജ്യോതിസ്സില്ലായിരുന്നുവെങ്കിൽ ലോകം അന്ധതമസ്സിനാൽ ആവൃതമാകുമായിരുന്നു" എന്നാണ് ആചാര്യദണ്ഡി അഭിപ്രായപ്പെട്ടത്. അത് ഭൂതതമസ്സിലെ വൈദ്യുതദീപവും, വത്തമാനത്തിലെ വിശ്രമസ്ഥാനവും, ഭാവിയിലെ മാഗ്ഗദശിയുമാണ്" എന്നാണ് മറെറാരു പണ്ഡിതൻ അഭിപ്രായപ്പെട്ടിട്ടുള്ളതു്. എല്ലാ സാഹിത്യങ്ങളുടെയും, സംസ്കാരങ്ങളുടെയും ഉറവിടം ഒന്നാണ്. വ്യത്യസ്ഥമായ പരിതസ്ഥിതികൾ അവക്ക് വിഭിന്നമായ രൂപംകൊടുക്കുന്നുവെന്നു്മാത്രം. ഒരു വഗ്ഗത്തിൽ ജീവനുള്ളേടത്തോളംകാലം അത് പുരോഗമിക്കുന്നു. മാനസികാധഃപതനം സംഭവിക്കുമ്പോൾ അതിൻെറ വ്യക്തിപരമായ വികാസം നിലക്കുകയുംചെയ്യുന്നു. എന്നാൽ മറെറാരു വഗ്ഗവുമായുള്ള സമ്പക്കംകൊണ്ടു് പുതിയൊരു ചൈതന്യം കുത്തിവെച്ച് അതിനെ പുനരുജ്ജീവിപ്പിക്കാൻകഴിയും. അതുപോലെതന്നെ മററു സംസ്കാരവും, സാഹിത്യവുമായുള്ള സമ്പക്കങ്ങൾകൊ

ണ്ടു് സംസ്കാരവും, സാഹിത്യവും വികസിക്കുകയും വളരുകയുംചെയ്യും. സാഹിത്യവും, കലയും ലോകത്തിൽ സൽഭാവങ്ങളെ പ്രചരിപ്പിയ്ക്കുവാനുള്ള ഉപാധികളാണു്. സമസ്ത മാനവസമുദായത്തേയും ഒന്നിച്ചാസൂത്രണംചെയ്യുവാനുള്ള പരിശ്രമമില്ലെങ്കിൽ ആ സാഹിത്യം ആദർശത്തിൽനിന്നും അധഃപതിക്കുന്നു. മനുഷ്യന്റെ ഭാവനകളെ ഉണർത്തി, സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം മുതലായ ഗുണങ്ങളെ നേടുവാൻ പ്രേരണനൽകുന്ന സാഹിത്യമാണു് നമുക്കാവശ്യം. മനുഷ്യനും, മനുഷ്യനുമായുള്ളബന്ധം സമത്വവും, സഹകരണവും, സ്നേഹപരവുമായിരിയ്ക്കണം. അതിന്നുവേണ്ടി സാഹിത്യകാരനും, കലാകാരനും, അക്രമങ്ങളുടെയും, അനീതികളുടെയുംനേരെ സന്ധിയില്ലാസമരംതന്നെ നടത്തേണ്ടിവരും. എല്ലാജീവികളിലുംവെച്ചു് ശ്രേഷ്ഠത മനുഷ്യനുണ്ടല്ലോ. ജീവിക്കുകയും, ചാവുകയുമെന്നതിൽകവിഞ്ഞു് ഒരു ലക്ഷ്യം മററജീവികൾക്കില്ലല്ലോ? മനുഷ്യൻ തന്റെ ജീവിതത്തെ സുഖകരമാക്കാനും, ലക്ഷ്യം നേടാനും ഉപയോഗിക്കുന്ന ഉപാധികളിൽ ഒന്നാണു് സാഹിത്യം. ഹൃദയത്തിന്റെ ഉള്ളറകളെയും, ആന്തരികപ്രേരണകളെയും, വരച്ചുകാണിക്കുന്ന ഒരു ഭാഷയാണു് സാഹിത്യം. മനുഷ്യന്റെ ചുററുപാടുകളനുസരിച്ചു് അതു് മാറിക്കൊണ്ടിരിക്കും. മനുഷ്യൻ സമുദായത്തിന്നകത്തു് ജീവിക്കുന്നു. സമുദായം ലോകത്തിന്നകത്തു് കിടക്കുന്നു. സാഹിത്യകാരനോ, കലാകാരനോ, കാലത്തിന്റെ വിചാരധാരയിൽനിന്നു് ഒഴിഞ്ഞുനില്ക്കാൻ സാദ്ധ്യമല്ല. ഓരോ രാഷ്ട്രത്തിന്റെയും സാഹിത്യങ്ങളിൽ കാലത്തിന്റെയും, പരിതസ്ഥിതികളുടെയും മുദ്രകൾ പതിഞ്ഞിരിക്കും. ഭാവനയുടെയും, പരിതസ്ഥിതികളുടെയും പ്രതിഫലമെന്നോണം മനസ്സിൽ ചിത്തവൃത്തികൾ ഉടലെടുക്കുകയും, സംഘർഷങ്ങൾ നടക്കുകയും, മാഞ്ഞുപോവുകയുംചെയ്യും. അങ്ങിനെ മാറിമാറിക്കൊണ്ടിരിക്കുന്ന ദേശകാലങ്ങളനുസരിച്ചു് സാഹിത്യത്തിൽ എപ്പോഴും പരിവർത്തനങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കും. ഈ പരിവർത്തനങ്ങളാണു് സാഹിത്യത്തിന്നു് ഗതിശീലമുണ്ടാകുന്നതു്. കാമുകൻ പ്രിയതമയ്ക്കും, വിശക്കുന്നവൻ ഭക്ഷണത്തിന്നും, ദുഃഖി സുഖത്തിന്നുംവേണ്ടി പിടയ്ക്കുന്നു. ഈ അവസ്ഥയിലാണു് കല ഉടലെടുക്കുന്നതു്. സാഹിത്യത്തിന്റെയും, കലയുടെയും ഉറവിടം ഭാവനയാണു്. അവയുടെ അദ്ധ്യയനത്തിൽനിന്നും ആനന്ദാനുഭൂതിയുണ്ടാവുന്നു. ഒരു വസ്തു കാണുമ്പോഴോ, ഭാവനചെയ്യുമ്പോഴോ മനസ്സിൽ ഒരു കൌതുകമുണ്ടാകുന്നു. ഈ ഭാവമില്ലെങ്കിൽ മനുഷ്യൻ ഒന്നിന്റെയും നേരെ ആകൃഷ്ടനാവുന്നില്ല—ആ വസ്തു സമ്പാദിക്കുകയാണു് ഒരു ആകൃഷ്ടമായ മനസ്സിന്റെ പ്രവൃത്തി. എല്ലാം സമ്പാദിയ്ക്കാനൊക്കുകയില്ല. അപ്പോൾ അതിന്റെ നേരെ ഒരുൽക്കടമായ പിപാസ ഉണ്ടാവുന്നു. എന്നിട്ടു് കവി ഒരു വിയോഗിയുടെ അനുഭൂതിയോടെ തന്റെ മനോഭാവങ്ങളെപ്രകടമാക്കുന്നു-ഒരു കല്പനാചിത്രം സൃഷ്ടിക്കുന്നു. ഇതാണു് സാഹിത്യം.

**എന്താണു് രാഷ്ട്രീയം?.**

സാഹിത്യത്തെക്കാൾ പലരും അറിഞ്ഞിരിക്കുക 'രാഷ്ട്രീയ'മായിരിക്കും. കാരണം വ്യക്തമാണു്! രാഷ്ട്രത്തെ സംബന്ധിക്കുന്ന സാമൂഹ്യവും ആത്ഥികവും സാമുദായികവുമായ വിവിധപ്രശ്നങ്ങളെ ഭൌതികമായ ഒരടിസ്ഥാനത്തിൽ കൈകാര്യം ചെയ്യുകയത്രെ രാഷ്ട്രീയമെന്ന പദംകൊണ്ടു വിവക്ഷിക്കുന്നതു്. രാജ്യത്തിലെ ജനതതിയുടെ ഉന്നമനമാണല്ലൊ രാഷ്ട്രീയ പ്രവത്തകൻെറ ലക്ഷ്യം. വാസ്തവത്തിൽ സാഹിത്യകാരൻെറ ലക്ഷ്യവും അതുതന്നെയല്ലെ? ഒരു രാഷ്ട്രീയപ്രവത്തകൻ തൻെറ രാഷ്ട്രീയസിദ്ധാന്തങ്ങളുടെ വെളിച്ചത്തിൽ രാഷ്ട്രത്തെ നിമ്മിക്കുന്നു; സാഹിത്യകാരൻ സ്വപ്നഭാവനകളെ ഉണത്തി, നന്മയെ ലാക്കാക്കി സജീവങ്ങളാക്കി പ്രവത്തിപ്പിക്കുന്നു. സമുദായത്തിൻെറ ഇരുളടഞ്ഞ മൂലകളിൽ വെളിച്ചംപായിച്ചു് അജ്ഞാനത്തെയും അന്ധകാരത്തെയും ഇല്ലായ്മചെയ്യുവാനും ജനതയിൽ ദേശാഭിമാനബോധം വളത്തി അവരെ പ്രബുദ്ധരാക്കുവാനും ഇരുകൂട്ടരും പരിശ്രമിക്കുന്നു. മനുഷ്യനു സുഖമാണാവശ്യം; ശാന്തിയും! അനാദികാലംമുതൽക്കെയുള്ള മനുഷ്യൻെറ പ്രയത്നങ്ങളുടെയെല്ലാം അടിസ്ഥാനമതാണു്. തൻെറ സുഖപ്രാപ്തിക്കു സാവ്വത്രികമായ സൌഖ്യമാണാവശ്യമെന്നു ഇരുകൂട്ടരും മനസ്സിലാക്കുന്നു. നമ്മുടെ ചുററുംകാണുന്ന രാഷ്ട്രീയസംഭവങ്ങൾ—സാമ്പത്തികവും വഗ്ഗീയവും സാമൂഹ്യവും മററുമായ പലതരംപ്രശ്നങ്ങൾ—വാസ്തവത്തിൽ ലോകത്തിൻെറതന്നെ പ്രശ്നങ്ങളിൽനിന്നു് വിഭിന്നമല്ലെന്നുകാണാം. അപ്പോൾ സവ്വസാഹോദയ്യവും സമഭാവനയും വിശ്വപ്രേമവും എല്ലാം രാഷ്ട്രീയപ്രവത്തകൻെ ആവശ്യോപധികളായിത്തീരുന്നില്ല. എന്നാൽ സാഹിത്യകാരൻ ഇതിൽനിന്നു വ്യത്യസ്തനാണോ? ഒട്ടും അല്ല തന്നെ!

**അടുപ്പവും അകൽച്ചയും:—** ഇങ്ങനെനോക്കുമ്പോൾ സാഹിത്യവും രാഷ്ട്രീയവുംതമ്മിൽ വളരെ അടുപ്പമുണ്ടെന്നുകാണാം. സാഹിത്യകാരൻെറയും, രാഷ്ട്രീയപ്രവത്തകൻെറയും, ആദശ്ങ്ങൾതമ്മിൽ പൊരുത്തവും കാണാം. ഭൌതികപരിതസ്ഥിതികൾ അവരുടെ ഹൃദയങ്ങളിൽ സൃഷ്ടിക്കുന്ന വികാരങ്ങൾക്കു് പലപ്പൊഴും സാമ്യയുണ്ടായിരിക്കുമെന്നുള്ളതാണു് അതിനു കാരണം. സാഹിത്യകാരൻ കേവലം സ്വപ്നജീവിയല്ലാത്തേടത്തോളംകാലം രാഷ്ട്രീയപ്രവത്തകനോടു് വലിയ അടുപ്പം ഉണ്ടാവുമെന്നുള്ളതു് നിസ്തക്മാണു്. എന്നാൽ ഇവതമ്മിൽ തീരെ അന്തരമില്ലെന്നു പറഞ്ഞുകൂട. സാഹിത്യവും, രാഷ്ട്രീയവും തമ്മിൽ പ്രധാനമായുള്ള അന്തരം അവ കൈകാര്യംചെയ്യുന്ന വ്യക്തികളെ ആശ്രയിച്ചാണിരിക്കുന്നതു്. ആവിഷ്കരണോപാധിയിലുള്ള ഈ വ്യത്യാസം വളരെ പ്രകടമാണുതാനും. സാഹിത്യകാരൻ തൻെറ ഭാവനയുടെ സമുൽകൃഷ്ടസന്താനമായ കലാസൃഷ്ടിയിലൂടെ സാധിക്കുന്നകാര്യം രാഷ്ട്രീയപ്രവത്തകൻ തുലോം വ്യതിരിക്തമായ ഒരു സാങ്കേതികമാഗ്ഗം ഉപയോഗിച്ചാണു് സാധിക്കുന്നതു്.

**സാഹിത്യത്തിൻെറ വളച്ച്:-**

ചരിത്രം പഠിക്കുമ്പോൾ മനുഷ്യൻെറ വളച്ച്യ്ക്കൊപ്പം എങ്ങിനെ സാഹിത്യവും, കലയും വികസിച്ചുവെന്നു് കാണാം. ആദ്യകാലങ്ങളിൽ സാഹിത്യത്തിൻെറയും, കലയുടെയും വിഷയം കുലീനവർഗ്ഗമായിരുന്നു. മതപ്രവാചകന്മാരും, ഉയർന്നവർഗ്ഗങ്ങളും അവരുടെ ആഘാതപ്രത്യാഘാതങ്ങളും സാഹിത്യത്തിൽ പ്രതിപാദിക്കപ്പെട്ടിരുന്നു. മദ്ധ്യകാലത്ത് സാഹിത്യക്ഷേത്രത്തിൻെറ വിസ്താരം കുറെക്കൂടി വർദ്ധിച്ചു. മദ്ധ്യവർഗ്ഗവും അതിലെ പ്രതിപാദ്യവിഷയങ്ങളായി. എന്നാൽ അന്നത്തെ കലാകാരന്മാരാരുംതന്നെ ഇവർക്കുപുറമെ മററൊരുവർഗ്ഗമുണ്ടെന്നു് വിചാരിച്ചിരുന്നില്ലെന്നു തോന്നുന്നു. 19ാംശതകത്തിൻെറ അന്ത്യഘട്ടംവരെയും സാഹിത്യത്തിൽ, സമുദായംനിർമ്മിച്ച കോടിക്കണക്കിലുള്ള പ്രയത്നശീലർക്ക് സ്ഥാനംലഭിച്ചിരുന്നില്ല. കാരണം അന്നത്തെ രാജാക്കന്മാരും ധനികവർഗ്ഗങ്ങളും തങ്ങളുടെ ആജ്ഞയ്ക്കനുസരിച്ച് കലാകാരന്മാരെക്കൊണ്ടു് കലാനിർമ്മാണം ചെയ്യിപ്പിച്ചിരുന്നു.

ഫ്രഞ്ച്വിപ്ലവം ജനതയുടെ മാനസിക നിലവാരംതന്നെ മാററിത്തീർത്തു. സമുദായത്തിൻെറ അടിത്തട്ടിൽ അധഃകൃതരായി കഴിയുന്ന പാവപ്പെട്ടവർക്ക് ഉയരണമെന്നും അതിന്നു് വിഘാതമായിനില്ക്കുന്ന ശക്തികളെ അതേത്രൂപത്തിലുള്ളതായാലും ചെറുക്കണമെന്നുമുള്ള ആശ അത്യുൽക്കടമായി വർദ്ധിച്ചു. പട്ടിണിയും ദാരിദ്ര്യവും അനുഭവിക്കുന്നതോടൊപ്പം അസമത്വങ്ങളെയും അനീതികളെയും ചെറുക്കുവാൻ രാഷ്ട്രീയപ്രവർത്തകർ മുന്നോട്ടുവന്നു; സാഹിത്യകാരന്മാർക്കും ഈ ഉദ്യമത്തിൽനിന്നു് പിന്തിരിയുക സാദ്ധ്യമായിരുന്നില്ല. അവരും ഉത്തേജനമരുളുവാൻ തുടങ്ങി.

തുടർന്നുകൊണ്ടുള്ള രാഷ്ട്രീയ സംഭവവികാസങ്ങൾ പലതരം അന്ധവിശ്വാസങ്ങളുടെ അടിപ്പലക നീക്കുവാനും, തന്മൂലം പുതിയ ആശയങ്ങളുടെ പ്രചരണത്തിന്നു് ഊക്കുകൂട്ടുവാനും തുടങ്ങി. ഇന്ത്യൻ സ്വാതന്ത്ര്യം ഗാന്ധിജിയുടെ സ്വാധീനശക്തി തുടങ്ങിയവ ലോകരാഷ്ട്രരംഗത്തിൽ അഭൂതപൂർവ്വമായ ഒച്ചപ്പാടുകൾ ഉളവാക്കി. സാഹിത്യത്തിലും തദനുസാരമായ പരിവർത്തനങ്ങൾ സംഭവിച്ചു.

**പുരോഗമനസാഹിത്യത്തിൻെറ ആവിർഭാവം:-**

വിശ്വസാഹിത്യത്തിൽ സംഭവിച്ച പരിവർത്തനങ്ങളുടെ സമാന്തരഫലങ്ങൾ മലയാളസാഹിത്യത്തെയും പിടിച്ചുകുലുക്കുകയുണ്ടായി. സാഹിത്യത്തിൽ പല പ്രസ്ഥാനങ്ങളുടെ പിറവികൾക്കും ഇതു് വഴിതെളിയിച്ചു. ഭൌതിക പരിതസ്ഥിതികളിൽനിന്നും അകന്നുകൊണ്ടു് കേവലം ഭാവനയുടെ അകത്തളത്തിൽമാത്രം അമർന്നിരുന്നുകൊണ്ടുള്ള സാഹിത്യകാരൻെറ കലാവ്യവസായത്തിന്നു് പ്രചാരം ലഭിയ്ക്കാതെവന്നു. അതോടുകൂടി 'കാല്പനികപ്രസ്ഥാനത്തിൻെറ (Romanticism) അടിസ്ഥാനക്കല്ലിന്നു് ഇളക്കംസംഭവിച്ചു. 'ഫോയർബാക്കി'ൻെറ ഭൌതികവാദം, 'കാറൽമാർക്സി'ലൂടെ വികസ്വരമായതോടുകൂടി അദ്ധ്വാനിക്കുന്ന ജനതയുടെ ശ

ബ്ദം സാഹിത്യത്തിൽ പ്രതിദ്ധ്വനിയ്ക്കണമെന്ന ആശയത്തിന്ന് പിരിമുറുക്കംകൂടി. ഇത് 'യഥാതഥ' (Rcalism) പ്രസ്ഥാനത്തിന്റെ പിറവിക്ക് കാരണമായിത്തീൎന്നു. മുന്നിൽക്കണ്ടതിനെ അപ്പടി ചിത്രീകരിക്കുക എന്ന ഇതിന്റെ സ്വഭാവം കൂടുതൽ കവികളെയും കലാകാരന്മാരെയും സൃഷ്ടിക്കുവാൻ പര്യാപ്തമായി. സാഹിത്യത്തിന്റെ തുടച്ച്യയായുള്ള ഈ പുരോഗമനം—രാഷ്ട്രീയകാര്യങ്ങൾ കൂടുതൽ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള കവിതകളും, ചെറുകഥകളും, നോവലുകളും, നാടകങ്ങളും തുടരെത്തുടരെ ഇറക്കിവിട്ടുകൊണ്ടുള്ള ഈ ത്വരിതപ്രയാണം—ഭാഗ്യവശാലോ നിർഭാഗ്യവശാലോ രാഷ്ട്രീയമുൾക്കൊള്ളാത്ത കൃതികൾ കൃതികളല്ലെന്നുപോലും വാക്കുവാൻ തെയ്യാറെടുത്ത ഒരു "ഗ്രൂപ്പി"ന്റെ സൃഷ്ടിക്കു കാരണമായി. ഈ പുതുചിന്തകന്മാർ ഒരു സംഘടനതന്നെ രൂപീകരിച്ചു എന്നുതന്നെ പറയായാം. പുരോഗമന സാഹിത്യസമിതി രൂപീകൃതമായത് 1937 ലാണെന്നുതോന്നുന്നു. പഴമയെ അനാദരിച്ചുകൊണ്ട് ജനതയെ ഉയൎത്തുവാനുള്ള പരിപാടിയുമായി പുതുമയിലേക്ക് കുതിക്കുകയാണ് ഈ പുരോഗമന സാഹിത്യകാരന്മാരുടെ ലക്ഷ്യം- അതിന്നായി മററുള്ള സാഹിത്യകാരന്മാരെ—അവരോട് ഏതെങ്കിലും പ്രശ്നത്തിന്മേൽ വിയോജിപ്പുള്ളവരെ-യാഥാസ്ഥിതികരെന്ന് മുദ്രയടിക്കുവാനും അവർ മടിക്കാറില്ല എന്ന് സവ്യസനം പറയേണ്ടിയിരിക്കുന്നു.

മനുഷ്യന്റെ സമഗ്രമായ പുരോഗതിയെ ലാക്കാക്കി പ്രവൎത്തിയ്ക്കാൻ പ്രതിജ്ഞാബദ്ധരായ കേരളത്തിലെ വിപ്ലവബോധമുള്ള സാഹിത്യകാരന്മാർ ഈ പുരോഗമനസാഹിത്യപ്രസ്ഥാനത്തിൽ ഭാഗഭാക്കുകളായി. പക്ഷെ നിർഭാഗ്യമെന്നു പറയട്ടെ മലയാളസാഹിത്യത്തെ സംബന്ധിച്ച് പറയുകയാണെങ്കിൽ, കൂടുതൽ വിശാലമായി പറഞ്ഞാൽ നമുക്ക് ഭാരതീയസാഹിത്യത്തെ ഒട്ടാകെ കണക്കിലെടുക്കാം. കമ്മ്യൂ:പാർട്ടിയുടെ പ്രവൎത്തനം ഈ പുരോഗമന സാഹിത്യസംഘടനയിൽ വലിയൊരു പിളപ്പിന്റെ വിത്തുപാകി. 1948ൽ തൃശ്ശൂരിൽവെച്ച് സമ്മേളിച്ച പു. സാഹിത്യസമ്മേളനം അത് പ്രകടമാക്കി. കമ്മ്യൂ: പാർട്ടിയിലെ സാഹിത്യകാരന്മാർ തങ്ങൾക്കു മുതലെടുക്കുവാൻ വേണ്ടി ശ്രമിച്ചതാണ് ഇതിന്നു കാരണം. തങ്ങളുടെ കൊച്ചുതിരികളിൽനിന്നും വെളിച്ചംപാനംചെയ്യാൻ കൂട്ടാക്കാത്ത തൂലികകൾ മുതലാളിത്തത്തിന്റെ 'ബൂട്സ്' തുടയ്ക്കുന്ന ബ്രഷുകളാണെന്ന് അവർ ആർത്തുവിളിച്ചു. ഇല്ല, അധികം താമസിച്ചില്ല കമ്മ്യൂണിസ്റ്റ്കാരായ വിരൂപഭദ്രന്മാർ പുരോഗമനസാഹിത്യസംഘടന വിട്ടുപോയി. ഏതൊരു രാജ്യത്തിന്റെയും, സംസ്കാരികചരിത്രത്തെ നാണിപ്പിക്കുന്ന കറുത്ത റിക്കാർഡുകൾ സൃഷ്ടിച്ചുകൊണ്ടു സാമൂഹ്യവിരുദ്ധശക്തികളെപ്പോലും കൂട്ടുപിടിച്ചുകൊണ്ട് അവർ ലക്കുംലഗാനുമില്ലാതെ കാട്ടിക്കൂട്ടിയ വിക്രിയകളും, പ്രതിക്രിയകളും വിവരിക്കുവാൻ ഒരുമ്പെടുന്നത് സാഹസമായിരിക്കും. പക്ഷെ കാലം അവരെ കണക്കിനു പാഠംപഠിപ്പിച്ചു. അവരുടെ 'സാമ്പിൾ'സമരം പരാജയമടയുകയും, രണദിവെ ഗളഹസ്തം ചെയ്യപ്പെടുകയും ചെയ്തതോടുകൂടി തീവ്രവാദ

ത്തിൻെറ തീപ്പൊരി കെട്ടടങ്ങി എന്നു മാത്രമല്ല ഈ 'വിപ്ലവകാരികരം' തണുപ്പന്മാരായി മാറുകയുംചെയ്തു. സാഹിത്യപരിഷത്തിനെ അവഹേളിച്ചവർ അതിനെ അനുകൂലിക്കുവാൻതുടങ്ങി. 'മൂരാച്ചി'യായിരുന്ന ആസ്ഥാനമഹാകവിയെ പൊരുതുന്ന സാഹിത്യകാരനായി 'കുംഭാഭിഷേകം'ചെയ്യുവാനും അവർ മടിച്ചില്ല.

വിട്ടുപോയകൂട്ടുക്ക്, ഒത്തുചേരുവാൻ ഒരു 'ഐക്യമുന്നണി'യുടെ രാഷ്ട്രീയസമാന്തരമായ ഒരാവശ്യം അത്യന്താപേക്ഷിതമായിത്തീൎന്നു. ഈ ഐക്യമുന്നണിവാദം സാഹിത്യലോകത്തിൽ അല്പമൊരു ഒച്ചപ്പാടുണ്ടാക്കിയെങ്കിലും അതിവേഗം അപ്രത്യക്ഷമായി. സാഹിത്യപരിഷത്തിലും ഇതൊരു ചൎച്ചാവിഷയമായിരുന്നു. ചുരുക്കിപ്പറഞ്ഞാൽ സാഹിത്യത്തിലെ ഐക്യമുന്നണി നിരൎത്ഥകമായ ഒരു ജല്പനം മാത്രമാണ്. ഹൃദയവും, ഹൃദയവും തമ്മിലുള്ള സംവാദമാണ് സാഹിത്യമെങ്കിൽ വ്യക്തികളുടെ ഹൃദയമണ്ഡലത്തിലുള്ള മൂല്യദൎശനശക്തികളുടെ വികാസമാണതു് ലക്ഷ്യീകരിക്കുന്നതെങ്കിൽ സാഹിത്യകാരൻ സംഘടിക്കുന്നതെന്തിനു്? അന്നത്തെ ഈ ഐക്യമുന്നണിവാദം തികച്ചും 'രാഷ്ട്രീയ മുന്നണി'യുടെ ഒരു ദുൎഭഗസന്തതിയാണെന്നു് കാണാം.

പുരോഗമനവിഭാഗത്തിലെ ഈ 'അതിപുരോഗമനസാഹിത്യകാരന്മാർ' കമ്മ്യൂണിസ്റ്റ്പാൎട്ടിയുടെ ചക്രം തിരിച്ചിലിൽ പെട്ടു് ഉഴലുകയാണെന്നു വാസ്തവത്തിൽ സൂക്ഷ്മദൃക്കുകരംക്കു് കാണാൻ കഴിയും. ഇക്കൂട്ടരുടെ വാദം രാഷ്ട്രീയവും, സാഹിത്യവും തമ്മിൽ അഭേദ്യമായ ബന്ധമുണ്ടെന്നും രാജ്യത്തിൻെറ പുരോഗമനത്തിനു് ഏററവും സഹായകമായ പരിപാടികരം ആവിഷ്കരിച്ചിട്ടുള്ള ഒരു പാൎട്ടിക്കു് അതേ ആദൎശത്തിന്നുവേണ്ടി നിലകൊള്ളുന്ന സാഹിത്യകാരന്മാരെ ഒരു സംഘടനയിലണിനിരത്താമെന്നും അവർ വാദിക്കുന്നു. പുരോഗമനസാഹിത്യകാരൻ അക്രമങ്ങരംക്കെതിരായി അടരാടുവാനും, ജനങ്ങരംക്കുവേണ്ടി കലാസൃഷ്ടി നടത്തുവാനും തെയ്യാറായിരിക്കുമെന്നും അവർ വിളിച്ചുപറയുന്നു. നൂതനമായ ഒരു വ്യവസ്ഥിതി സംജാതമാക്കുവാനുള്ള തങ്ങളുടെ പ്രവൎത്തനത്തിന്നു് അവരാവേശം കൊള്ളുന്നതു് റഷ്യയിൽനിന്നാണെന്നതു് എടുത്തുപറയേണ്ടതില്ലല്ലോ?

**അവരുടെ വാദങ്ങരം:—**

ഇന്നു കമ്മ്യൂ:പാൎട്ടിയുടെ സഹായമുള്ളതുകൊണ്ടു പുരോഗമനസാഹിത്യകാരന്മാൎക്കു് ഏറെക്കുറെ കെട്ടുറപ്പുള്ള ഒരു സംഘടനയുണ്ടെന്നുതന്നെ പറയാം. യോഗംചേരുവാനും വാൎഷികസമ്മേളനം ആഭാടപുരസ്സരം കൊണ്ടാടുവാനും മററും തന്മൂലം നിഷ്പ്രയാസം അവൎക്കു സാധിക്കുന്നുണ്ടു്. പാൎട്ടിയുടെ സിദ്ധാന്തങ്ങരംക്കനുസരിച്ചാണു് അവരും തങ്ങളുടെ ആശയങ്ങളുടെ 'സ്റ്റിയറിങ്ങ്' പിടിക്കുന്നതെന്ന കാര്യം പകൽവെളിച്ചംപോലെ പരമാൎത്ഥമാണു്. അതുകൊണ്ടുതന്നെ പലതവണയും വിസ്മൃതിത്തമെഴുന്നള്ളിച്ചു് സ്വയം ഇളിഭ്യരാകുവാൻ അവൎക്കു സാധിച്ചിട്ടുണ്ടു്. രണ്ടുമൂന്നുദാഹരണങ്ങരംമാത്രം ഇവിടെ എടുത്തുകാട്ടാം. അനൎഘങ്ങളായ കവിതാരത്നങ്ങളാൽ കൈരളിയുടെ കണ്ഠത്തിലാഭരണമണിയിച്ചും, തൻെറ അമൂ

ല്യമായ സാഹിത്യസമ്പത്തുകൊണ്ടു ഭാഷാഭണ്ഡാഗാരത്തെ പരിപോഷിപ്പിച്ചുപോന്ന മഹാകവി ജി. യെ ഒരൊററരാത്രികൊണ്ടു കവിയെഅല്ലാതാക്കിത്തീർത്തു. സാഹിത്യക്കാരെപററി എന്തു പറയാനാണു്? ജനങ്ങൾക്കു മനസ്സിലാകുന്ന ഭാഷയിൽ കലാകാരൻ കലാസൃഷ്ടി രചിക്കണമെന്നാണ് അവരുടെ മറെറാരു വിചിത്രവാദം. ഈയിടെ, ഇതിന്റെ പേരിൽ സാക്ഷാൽ പുരോഗമനവാദിയായ മുണ്ടശ്ശേരിക്കുപോലും പിണഞ്ഞ അബദ്ധം നാം മനസ്സിലാക്കിയതാണല്ലൊ. ഇതുവരെ ദുർഗ്രാഹ്യതയുടെ പേരിൽ സിമ്പോളിസത്തെ എതിർത്തവർ തങ്ങളുടെ നയം അല്പമൊന്നു മാററിയിരിക്കയാണു്. ഇനിയും ഉദാഹരണങ്ങളെകൊണ്ടു നിങ്ങളെ ബുദ്ധിമുട്ടിക്കുവാൻ ഞാൻ ഇഷ്ടപ്പെടുന്നില്ല.

**സാഹിത്യകാരന്റെ സ്വാതന്ത്ര്യം:—**

രാഷ്ട്രീയവും സാഹിത്യവും തമ്മിലുള്ള ബന്ധമെന്തെന്നു നാം കണ്ടുകഴിഞ്ഞു. രാഷ്ട്രീയപ്രതിപാദനം വർജ്ജ്യമല്ലെന്നും നാം മനസ്സിലാക്കി! പക്ഷെ ഇതുകൊണ്ടു, ഒരു പ്രത്യേകരാഷ്ട്രീയകക്ഷിയുടെ സംഘടനക്കു വഴങ്ങി കലാസൃഷ്ടി നടത്തണമെന്ന യാതൊരു നിർബ്ബന്ധവുമില്ല. അങ്ങിനെ ആവുന്നേടത്തോളം കാലം അതു് കലയുടെ പുരോഗതിയ്ക്കല്ല സഹായിക്കുക എന്നു് പുരോഗമന സാഹിത്യ സമിതിയുടെ ഇതപര്യന്തന ചരിത്രം തെളിയിക്കുന്നു. കൂടുതൽ തെളിവാവശ്യമാണെങ്കിൽ നമുക്കു റഷ്യയിലേക്കു പോകാം. വിപ്ലവാനന്തരമുള്ളറഷ്യയിൽ സാഹിത്യകാരന്മാർ അധികാരസ്ഥരായ നേതാക്കന്മാരുടെ ആജ്ഞകളെ ശിരസാവഹിച്ചുകൊണ്ടു് കലാനിർമ്മാണം ചെയ്യേണ്ടിവന്നു. ഇതിന്റെ ഫലമായി സാഹിത്യകാരന്നു് തന്റെ വ്യക്തിത്വം കൂടുതൽ പ്രകാശിപ്പിക്കുവാൻ കഴിഞ്ഞില്ലെന്നു മാത്രമല്ല ഉദ്യോഗസ്ഥമേധാവിത്വത്തിന്റെ ശാസനകൾക്കനുസരിച്ചു കലാസൃഷ്ടി നടത്തേണ്ടിവരികയും ചെയ്തു. ഈ അടിമത്വത്തിൽ നിന്നും രക്ഷനേടുവാൻവേണ്ടി മയക്കോവ്സ്കി, യസാസിൻ തുടങ്ങിയ കലാസാഹിത്യകാരന്മാർക്കു് അവരുടെ ജീവൻപോലും ബലിയർപ്പിക്കേണ്ടതായി വന്നു. നാസി എഴുത്തുകാരനായിരുന്ന 'ഓസ് വാൾഡ് സ്പെൻഗ്ലാർക്കും, ഇററാലായൻ എഴുത്തുകാരനായ 'ഡി അനൂസിയോവ്' ന്നും കിട്ടിയിരുന്ന സ്വാതന്ത്ര്യംപോലും റഷ്യൻ കലാകാരന്മാർക്കുണ്ടോ എന്ന കാര്യം സംശയമാണ്. ജീവശാസ്ത്രപിതാവായ 'മാവിലോവി'നെ ലിക്വിഡേററു് ചെയ്യുവാൻ പോലും അവിടുത്തെ ഭരണാധികാരികൾ മടി കാണിച്ചിട്ടില്ല. അമേരിക്കയിലെ സ്ഥിതിയും ഏറക്കുറെ ഇതൊക്കെ തന്നെയാണ്. ഗന്ധർവ്വഗായകനായ 'പോൾറോബ്സ'ന്റെ ജീവിതം മറെറാന്നല്ല സൂചിപ്പിക്കുന്നതു്. അപ്പോൾ ഈ കൈവിലങ്ങുകൾക്കും, നികുതികെട്ടലുകൾക്കുമെതിരെ ശബ്ദമുയർത്താൻ കലാകാരന്റെ ഒരു വർഗ്ഗസംഘടനയുണ്ടെങ്കിൽ കുറെയേറെ രക്ഷകിട്ടുമെന്നതിന്നു സംശയമില്ല- അപ്പോൾ ഇതിൽ നിന്നെല്ലാം വ്യക്തമാകുന്നതു് ഇതാണു്. സ്റ്റേയിററിന്റെയോ അതല്ലെങ്കിൽ ഏതെങ്കിലും, രാഷ്ട്രീയപാർട്ടിയുടേയോ പട്ടാളച്ചിട്ടയ്ക്കു് വിധേയനായി സാഹിത്യകാരൻ പ്രവർത്തിക്കുന്നേടത്തോളംകാലം അവന്നു് ജീവിതത്തെ സമഗ്രമായി ദർശിക്കുവാനോ

സത്യത്തെ കണ്ടറിയുവാനോ കഴിയാതെ സങ്കുചിതത്വം കൊണ്ടും, ഭാഗികവീക്ഷണംകൊണ്ടും സ്വയം അധഃപതിക്കേണ്ടതായിവരും. ഇതു മനസ്സിലാക്കിക്കൊണ്ടുതന്നെയാണ് കഴിഞ്ഞ യുദ്ധക്കാലത്ത് ജമ്മനിയിൽനിന്നും, ആസ്ത്രിയയിൽനിന്നും, ഫ്രാൻസിൽനിന്നും മററു പല സാഹിത്യകാരന്മാരും ഓടിപ്പോയി ഇതരരാജ്യങ്ങളിൽ രക്ഷ പ്രാപിച്ചത്.

ഭാരതത്തിലാകട്ടെ സാഹിത്യകാരന്മാക്ക് മററു രാഷ്ട്രങ്ങളിലെ സാഹിത്യകാരന്മാരേക്കാരം കൂടുതൽ സ്വാതന്ത്ര്യമുള്ളതായിട്ടാണ് കാണുന്നതു്. പക്ഷെ ഗവമ്മേണ്ടിൽനിന്നും ഉള്ള സഹായസഹകരണത്തിൻെറ ഇടിഞ്ഞ നിലവാരം നിമിത്തം ഭാരതത്തിലെ സാഹിത്യകാരന്നു് ജീവിതംതന്നെ വലിയൊരു പ്രശ്നമായി മാറിയിരിക്കുയാണ്. റഷ്യയിലാവട്ടെ സാഹിത്യകാരന്നു് സുഖമായി ജീവിക്കുവാൻ സാധിക്കുന്നുണ്ടെന്ന കാൎയ്യം പ്രത്യേകം പ്രസ്താവ്യമാണ്. അതുകൊണ്ടുതന്നെ സ്റ്റെററിൻെറ ആജ്ഞയെ ലംഘിക്കേണ്ടുന്ന ആവശ്യം അവൎക്കില്ല എന്ന ഒരു വാദം സ്വാഭാവികമായും ഉന്നയിക്കപ്പെട്ടേക്കാം. തിന്നുക, കുടിക്കുക എന്നതിൽ കവിഞ്ഞു് സാഹിത്യകാരന്നു് മറെറാരു ലക്ഷ്യവുമില്ലേ? ജീവിതത്തിൻെറ അപാരതയിലേക്കും ഇറങ്ങിച്ചെല്ലേണ്ട ഒരു കടമ വിലക്കപ്പെടുന്നത് ശരിയാണോ? ഏതായാലും സാൎവ്വദേശീയരംഗത്ത് അടുത്ത കാലത്തായി പ്രത്യക്ഷപ്പെട്ട ചില സംഭവവികാസങ്ങരം റഷ്യയിലെ ഇത്തരം പിടിമുറുക്കലിന്നു് അല്പം അയവുവരുത്തിയിട്ടുണ്ടെന്നതിന്നു് ചരിത്രം സാക്ഷ്യം വഹിക്കുന്നു. നെഹറുവിൻെറ റഷ്യൻപര്യടനം, പഞ്ചശീലപ്രമാണങ്ങളുടെ അംഗീകരണം, ജനീവയിലെ അത്യുന്നത തല സമ്മേളനം തുടങ്ങിയവ റഷ്യയുടെ നയത്തിൽ സാരമായ വ്യതിയാനം വരുത്തിയത് ശുഭസൂചകമാണെന്നു് നമുക്കു പ്രത്യാശിക്കാം. ഇതിൻെറ സാരമായ അലയടി സാഹിത്യരംഗത്തിലും ഉണ്ടാവുമെന്നു് ഊഹിക്കുന്നതിൽ തെററില്ല.

**സാഹിത്യകാരൻെറ കടമകരം:—**

ഏകലോകത്തേയും, ലോകസംസ്കാരത്തേയും, സാൎവ്വദേശീയമനോഭാവത്തേയും ഉന്നം വെച്ച് പുരോഗമിക്കാനിച്ഛിക്കുന്ന ഈ കാലഘട്ടത്തിലും, സമുദായവാദം, പ്രാദേശികമനസ്ഥത, വൎഗ്ഗീയത, സങ്കുചിതകക്ഷിത്വം മുതലായ ജീൎണ്ണമായ ആശയഗതികരം പുനരുദ്ധരിക്കപ്പെടുകയും, നവോജ്ജീവനം നേടിവരുന്ന സാഹിത്യസാംസ്കാരികപ്രവൎത്തനങ്ങളെ ചേരി പിരിപ്പിച്ചും, തരം തിരിച്ചും ഛിന്നഭിന്നമാക്കി ചൈതന്യം കെടുത്തുകയുമാണ്. വ്യാമോഹവലയിതമായ ഈ ദുൎദ്ദശാപരിണാമത്തിൽനിന്നു് കുതറിച്ചാടി പുരോഗതിയിലേക്കു കുതിച്ചുപായാനുള്ള മാൎഗ്ഗങ്ങളെപ്പററി ആരായുകയും, അതിന്നുവേണ്ടി പ്രവൎത്തിക്കുകയുമാണ് സാഹിത്യകാരൻെറ കൎത്തവ്യം അല്ലെങ്കിൽ കടമ. എല്ലാററിലേയും സൽഭാവങ്ങളേയും, സൽഭാഗങ്ങളേയും, സ്വാംശീകരിച്ചു മുന്നോട്ടു പോകാനും, വിഭാഗീയവീക്ഷണഗതികളിൽനിന്നു് സമഗ്രവീക്ഷണത്തിലേക്കു് നയിക്കുന്നതിന്നുമായിരിക്കണം സാഹിത്യകാരൻ തൻെറ സാഹിതീസേവനം ഉപയോഗപ്പെടുത്തേണ്ടത്. മനുഷ്യൻെറ ക

ഴിവുകൾ സീമയററതാണെന്നും മനപ്പൂവ്വമായി പ്രവത്തിച്ചാൽ ഈ ലോകത്തിൻെറ വ്യാകുലതകൾ വളരെയേറെ പരിഹരിക്കാമെന്നുമുള്ള വിശ്വാസം ഓരോമനുഷ്യനിലും കുത്തിവെക്കേണ്ടത് മററാരിലുമുപരി സാഹിത്യകാരൻെറ കടമയാണ്. അനന്തമായ ഈ ഉത്സാഹവും, സയുക്തികമായ ഈ ശുഭാപ്തിവിശ്വാസവും പുരോഗതിയുടെ ആണിക്കല്ലുകളാണെന്ന് അവൻ മനസ്സിലാക്കിയിരിക്കണം. ഏററവും ലഘുവായ സംഗതിയിൽപോലും, കലാകൌശലം ദീക്ഷിച്ചാലെ ഏററവും ഉൽകൃഷ്ടമായ കലാസൃഷ്ടികളുടെ കർത്തൃത്വം വഹിക്കാനാവൂ. അപ്പോൾ ജനസാമാന്യത്തിൻെറ മനോമണ്ഡലത്തിൽ തദനുസാരമായ ഒരു ബോധനവീകരണം നടത്തേണ്ട ചുമതല കൂടി സാഹിത്യകാരനുണ്ട്.

മന്ദഗതിയിലെങ്കിലും, ജനങ്ങളുടെ ആന്തരഭാവത്തിലുളവാകുന്ന ആ പരിവത്തനത്തിനുള്ള പ്രാധാന്യം മഹത്തരമാണ്. ഭാവിയേയും ഭൂതത്തേയും വത്തമാനത്തിൻെറ കണ്ണികൊണ്ടു കൂട്ടിയിണക്കുന്ന സാഹിത്യകാരൻ പഴയതിൽനിന്നും പുതിയതിൽനിന്നും തള്ളേണ്ടത് തള്ളിയും, കൊള്ളേണ്ടത് കൊണ്ടും, കലാനമ്മാണം ചെയ്യണം. സാഹിത്യകാരന്മാർ ഉയത്തലിനെ കാത്തുനില്ക്കാതെ, പരിണാമപ്രവണമായ പ്രപഞ്ചത്തിൻെറ കാലികപ്രശ്നങ്ങളേയും, നൂതനപ്രവണതകളേയും ഉൾക്കൊള്ളുവാൻ തെയ്യാറെടുക്കുകയും മനുഷ്യപുരോഗതിയിലേക്കുള്ള പാവനവും പരിശുദ്ധവുമായ മാഗ്ഗം വെട്ടിത്തുറക്കുവാൻ തക്കവണ്ണം തങ്ങളുടെ തൂലിക ചലിപ്പിച്ച് സ്വയം ഉയരുവാൻ ശ്രമിയ്ക്കുകയുമാണ് ചെയ്യേണ്ടത.

ഇത്രയും പറഞ്ഞതിൽനിന്ന് നമുക്ക് വ്യക്തമാകുന്നതെന്താണ്? സാഹിത്യത്തിൻെറ അന്തരാത്മാവോടുമാത്രമല്ലാതെ, സ്റ്റേററിൻേറയും രാഷ്ട്രീയസംഘടനകളുടേയും കൂറുനേടാൻ സാഹിത്യകാരൻ യത്നിക്കുന്നത് ആപല്ക്കരമാണ്. മനുഷ്യൻെറ ചിന്താമണ്ഡലത്തിൽ വിപ്ലവത്തിൻെറ സ്ഫുലിംഗങ്ങൾ വീഴ്ത്തി വമ്പിച്ച ആഘാതപ്രത്യാഘാതങ്ങൾക്ക്പോലും വഴി തെളിയിക്കുവാൻ കഴിവും, കരുത്തുമുള്ള സാഹിത്യകാരൻ രാഷ്ട്രീയസംഘടനകളുടെ കുരുക്കിൽ പെട്ട് വഴി പിഴക്കുകയാണെങ്കിൽ അത് രാഷ്ട്രത്തിൻെറയും, സാഹിത്യത്തിൻെറ തന്നെയും കഴുത്തിന്ന് കഠാരിവെക്കുന്ന കുത്സിതമായ ഒരു ചേഷ്ടിതമായിത്തീരും. കലാകാരൻ തൻെറ സർഗ്ഗാത്മകശക്തിയെ സ്വന്തം ഭാവനയിലിരിക്കുന്ന നവ്യവും, ഭവ്യവും, ഭിസുരവുമായ ആ പുതുയുഗത്തിൻെറ പിറവിക്ക് കാരണമാകുവാൻവേണ്ടി വിനിയോഗിക്കേണ്ടതാണ്.

[സാഹിത്യമണ്ഡലത്തിൻെറ ആഭിമുഖ്യത്തിൽ നടത്തിയ ചച്ചായോഗത്തിലെ പ്രമേയം]



**T. UNNIKRISHNAN**
Class II
Joint holder, Senior Championship



**T. N. PADMANABHAN**
Class II
Joint holder, Senior Championship



**V. K. REVINDRAN**
Class II
Joint holder, Senior Championship



**K. P. DEVADAS**
Class II
Joint holder, Junior Championship.

# ശിശുസംരക്ഷണം

കെ. പി. ചന്ദ്രമോഹൻ. Class I

ലോകത്തിൽ ഓരോ സെക്കൻെറിലും ഒരു ശിശുവെന്ന തോതിൽ ജനിക്കുന്നുണ്ടെന്നു് കണക്കുകൾ തെളിയിക്കുന്നു. മനുഷ്യവംശത്തിൻെറ ഗതി അററിട്ടില്ലെന്നുള്ളതിന്നുള്ള ഒരുത്തമോദാഹരണം മാത്രമാണതു്. ഇന്ത്യയെപ്പോലെയുള്ള ഒരു പിന്നണി രാജ്യത്തിൽ സന്താനനിയന്ത്രണത്തിൻെറ ആവശ്യകത എത്രത്തോളമുണ്ടെന്നു് നമുക്കു് മനസ്സിലാക്കുവാൻ പ്രയാസമുള്ളതായിത്തോന്നുന്നില്ല. ഇന്ത്യയുടെ ആത്മീയപ്രഭാവത്തിന്നു് വിരുദ്ധമാണിതെന്നു് ചില പണ്ഡിതന്മാക്കു് അഭിപ്രായമുണ്ടു്. എങ്ങിനെയായാലും നിയന്ത്രണം നടപ്പിലാക്കുന്നുവെങ്കിൽ അതോടൊപ്പം അതിപ്രധാനമായ മറെറാരു കാൎയ്യംകൂടി സാധിക്കേണ്ടതുണ്ടു്. നിയന്ത്രണാധീനനായി പിറക്കുന്ന ഓരോ ശിശുവും പൂൎണ്ണാരോഗ്യവാനായി വളൎത്തപ്പെടേണമെന്നുള്ളതാണതു്. ശിശുക്കളെ വളൎത്തേണ്ട രീതിയെപ്പററിയും ശിശുക്കളെപ്പററിയുള്ള മാനസീക സിദ്ധാന്തങ്ങളെപ്പററിയും ജ്ഞാനമുള്ള മാതാപിതാക്കൾ നമ്മുടെയിടയിൽ വിരളമാണെന്നതു് വ്യസനകരമായ മറെറാരു സംഗതിയാണു്. സ്വാതന്ത്ര്യലബ്ധിക്കുശേഷം ഇന്ത്യാഗവൎമ്മേണ്ടു് ഇക്കാൎയ്യത്തിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുണ്ടെന്നുള്ളതു് സന്തോഷാവഹമത്രെ. എങ്കിലും ശിശു ശുശ്രൂഷാ മന്ദിരങ്ങളും കിൻെറർഗാട്ടൻ സ്ക്കൂളുകളും ഇനിയും വളരെയധികം വേണ്ടിയിരിയ്ക്കുന്നു. കുട്ടികളെപ്പററിയും അവരുടെ സ്വഭാവ വിശേഷങ്ങളെപ്പററിയും വളരെയധികം ജ്ഞാനം സമ്പാദിച്ചിട്ടുള്ള ചില മഹാന്മാരുടെ അഭിപ്രായങ്ങളെ വിശകലനം ചെയ്യാൻ ശ്രമിക്കാം.

അസാധാരണരീതിയിലുള്ള പ്രസവങ്ങൾ പലപ്പോഴും ഡോക്ടർമാക്കു് ഒരു വിഷമമായിത്തീൎന്നിട്ടുണ്ടു്. രണ്ടോ മൂന്നോ പല്ലുകളോടുകൂടി കുട്ടികൾ ജനിച്ചതായി കണ്ടിട്ടുണ്ടു്. ഒരു കുടുംബത്തിൽ ആൺകുട്ടികളോ പെൺകുട്ടികളോ മാത്രമായി ജനിക്കുകയെന്നതും ഒരു പ്രശ്നമത്രെ. ഒരു സ്ത്രീയുടെ പ്രസവകാലം ഏററവും ചുരുങ്ങിയതു് 280 ദിവസവും ഏററവും ദൈൎഘ്യമേറിയതു് 317 ദിവസവുമാണെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. ഗൎഭകാലം നീണ്ടുപോകുന്നതു് ഗൎഭധാരണത്തിന്നുള്ള താമസമാണു്. ഇതിന്നു് രണ്ടോ മൂന്നോ ദിവസം മതിയെന്നും 17 ദിവസത്തോളം വേണ്ടിവരുമെന്നും അഭിപ്രായവ്യത്യാസമുണ്ടു്

ഒരു ശിശുവിന്നു് ആദ്യത്തെ മൂന്നു മാസത്തിൽ സംഭവിക്കുന്ന പ്രാഥമികമായ ചില മാററങ്ങൾ എന്തെല്ലാമാണെന്നു നോക്കാം. ശിശു വളരുംതോറും ഉറക്കസ്സമയം കുറഞ്ഞുവരികയാണു് ചെയ്യുന്നതു്. ആരോഗ്യമുള്ള ഒരു ശിശു ഒരു ദിവസത്തിൽ 16 മണിക്കൂറെങ്കിലും ഉറങ്ങും. ആ

ദ്യമാദ്യം വളരെ കുറച്ചുമാത്രമെ കാഴ്ചശക്തിയുണ്ടാവുകയുള്ളു. ഈ കാഴ്ചശക്തി സാവധാനത്തിൽ വികസിക്കുന്നു. 2 മാസം കഴിഞ്ഞാൽ മാത്രമെ തന്റെ മാതാവിനെ തിരിച്ചറിയുവാൻ കഴിയുകയുള്ളു. ഏകദേശം 6 മാസം കഴിഞ്ഞാൽ മാത്രമെ കുട്ടി നിറങ്ങൾ കാണുവാൻ ഇഷ്ടപ്പെടുന്നുള്ളു. കൈകാലുകൾ ഇളക്കാൻ തുടങ്ങുന്നതോടുകൂടിത്തന്നെ ശിശുവിൽ വികാരങ്ങൾ മുളച്ചുതുടങ്ങുന്നു. 2 ദിവസത്തിനുള്ളിൽ ശബ്ദങ്ങൾ കേൾക്കാൻ കഴിയും. എന്നാൽ ഭയങ്കര ശബ്ദങ്ങൾ ശബ്ദചർമ്മത്തെക്കൂടി പൊട്ടിച്ചുകളഞ്ഞേക്കും. ഏകദേശം ഒരു വയസ്സായാൽ മാത്രമെ ധാരണാശക്തി വികസിക്കുവാൻ തുടങ്ങുന്നുള്ളു.

കുട്ടികളേയും അവരുടെ സ്വഭാവങ്ങളേയും മററും പഠിക്കുവാൻ വേണ്ടി തന്റെ ജീവിതകാലം മുഴുവൻ ചിലവഴിച്ച ഒരു മഹാനാണ് ഡോ. ആർനോൾഡ് ജെസൽ. അദ്ദേഹത്തിന്റെ കൃതികളായ "ഒരു ശിശു വളരുന്നതെങ്ങിനെ," ഇന്നത്തെ സംസ്കാരത്തിൽ ശിശുവും കുട്ടിയും, "കുട്ടി-അഞ്ചു മുതൽ 10 വയസ്സുവരെ" എന്നീ പുസ്തകങ്ങൾ ശിശുക്കളെ സംബന്ധിച്ച് കൂടുതൽ ജ്ഞാനം ലഭിക്കുവാൻ സഹായിക്കുന്നു. "കുട്ടി വളർച്ചയെത്തിയ ഒരു ചെറു ജീവിയല്ല; വളർന്നു വരുന്ന ഒരു ശരീരഘടനയാണ്" എന്ന അദ്ദേഹത്തിന്റെ അഭിപ്രായം ശ്രദ്ധേയമത്രെ. ചെറുപ്പത്തിൽ വിക്കലുള്ള കുട്ടികൾക്ക് അത് മാററാനുള്ള ഉപായങ്ങൾ അദ്ദേഹം തന്റെ ഗ്രന്ഥത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഒരു കുട്ടി നുണപറയാൻ തുടങ്ങിയിട്ടുണ്ടെങ്കിൽ അത് ആ കുട്ടിയുടെ പ്രായത്തിന്റെ സ്വാഭാവികതയത്രെ. ഡോ. ജെസലിന്റെ പരീക്ഷണങ്ങൾ താഴെ വിവരിക്കുന്ന ചില സംഗതികൾ മനസ്സിലാക്കാൻ അദ്ദേഹത്തെ സഹായിച്ചിട്ടുണ്ട്. നാലു മാസം പ്രായമായ ഒരു കുട്ടിയ്ക്കു് ഒരു ചെറിയ കല്ല് തിരിച്ചറിയുവാൻ കഴിയുന്നു. 10 മാസം കഴിയുമ്പോൾ അതേ കല്ല് പെറുക്കിയെടുക്കുവാൻ അവന്ന് കഴിയുന്നു. 15 മാസമാകുമ്പോൾ ഒരു ചെറിയ കല്ല് കുപ്പിയിലെടുത്തിടുവാൻ കഴിയും. ഒന്നരവയസ്സിൽ മൂന്നു ചതുരക്കഷ്ണങ്ങളുടെ ഒരു ഗോപുരം നിർമ്മിക്കുവാനും രണ്ടു വയസ്സിൽ അവ കൊണ്ട് ചുമരുകെട്ടാനും മൂന്നാം വയസ്സിൽ ഒരു പാലം കെട്ടാനും അവന്നു കഴിയുന്നു. വളർന്നു വരുന്ന ഒരു ശിശുവിന്ന് പലേ തെററുകളും വന്നേക്കാൻ ഇടയുണ്ട്. അടിച്ചതുകൊണ്ടോ രൂക്ഷമായി പെരുമാറിയതുകൊണ്ടോ, നന്നായി പെരുമാറുവാൻ ഉപദേശിച്ചതുകൊണ്ടോ കുട്ടികൾ നന്നായെന്നുവരില്ല. എന്നാൽ അനുകരണീയങ്ങളായ മാതൃകകളും, സ്നേഹവാത്സല്യത്തോടുകൂടിയ പെരുമാററവും സിദ്ധിക്കുകയാണെങ്കിൽ സകല ഗുണങ്ങളും ഒരു കുട്ടിയിൽ വികസിച്ചുകൊള്ളുമെന്ന് ജെസൽ അഭിപ്രായപ്പെടുന്നു.

"ശാരീരികമായും മാനസീകമായും നല്ല ആരോഗ്യമുള്ള അച്ഛനമ്മമാർ തങ്ങൾക്ക് ഒന്നോ രണ്ടോ സന്താനങ്ങൾ മതിയെന്ന് നിശ്ചയിക്കുന്നത്, ഒരു മിടുക്കൻ കുട്ടിയുടെ അല്ലെങ്കിൽ ഒരതിപ്രതിഭാശാ

ലിയുടെതന്നെ മാതാപിതാക്കളാകാനുള്ള അവസരം അറിയാതെ പാഴാക്കുകയാണെ"ന്ന് ചാറൽസ് ഡാർവ്വിൻ പറയുന്നു. ഒരു കുടുംബത്തിൽ ജനിക്കുന്ന ഏതൊരു കുട്ടിയും-ആദ്യത്തേതോ ഒടുവിലത്തേതോ ഏതെങ്കിലുമായിക്കൊള്ളട്ടെ, ഒരു പ്രതിഭാശാലിയായി വളൎന്നുകൂടെന്നില്ല. ലോകപ്രശസ്തി നേടിയ പുരുഷന്മാരിലും സ്ത്രീകളിലും ആദ്യത്തേതും ഒടുവിലത്തേതും ആയി ജനിച്ചവർ ധാരാളമുണ്ടു്. സാധാരണയായി, അച്ഛനമ്മമാൎക്ക് ആരോഗ്യവും ബലവും ധാരാളമുള്ള ആദ്യകാലത്ത് ജനിച്ച ഒന്നാമത്തെ കുട്ടിയാണ് ശാരീരികമായും മാനസീകമായും ഏററവും നല്ല കുട്ടിയായിത്തീരുക. എന്നാൽ ഇതു് തികച്ചും ശരിയായിക്കൊള്ളണമെന്നില്ല. ഉദാഹരണമായി കുടുംബക്ലേശങ്ങൾകൊണ്ടു ഒടുവിലത്തെ കുട്ടിയ്ക്കു ലാളനവും സുഖവും കിട്ടുകയില്ല. അതുകൊണ്ടു് അവന്നു് ജീവിതത്തോട് പോരാടുവാനുള്ള പരിശീലനം ആദ്യം മുതൽക്കുതന്നെ ലഭിക്കുന്നു. പിന്നെ കൂടുവൽ പരിചയവും പരിശീലനവും സിദ്ധിച്ച ഒരു മാതാവിൻെറ മകനായിട്ടാണ് ഒടുവിലത്തെ കുട്ടി ജനിക്കുന്നത്. അതിനാൽ ശൈശവദശയിൽ മററുകുട്ടികൾക്ക് കിട്ടിയതിലധികം സമൎത്ഥമായ പരിചരണം അവന്നു് കിട്ടുവാനടിയുണ്ടു്. ഒരു പക്ഷെ ഇത്തരം ചില കാരണങ്ങളായിരിക്കാം ഒടുവിലത്തെ സന്താനങ്ങൾക്കുണ്ടായിട്ടുള്ള പുരോഗതിയുടെ മുഖ്യ കാരണം.

ഒടുക്കത്തെ മക്കളായി ജനിച്ച് വിശ്വവിഖ്യാതരായ ചിലരെപ്പററി ഇവിടെ പറയാം. ചാറൽസ് ഡാർവിൻ ഒമ്പതാമത്തെ മകനായിട്ടാണ് ജനിച്ചത്. അദ്ദേഹം പഠിയ്ക്കുന്ന കാലത്ത് വലിയ മണ്ടനായിരുന്നു. മാതാപിതാക്കൾക്കും അദ്ധ്യാപകന്മാൎക്കും അദ്ദേഹത്തെ സംബന്ധിച്ച് നിരാശയേയുണ്ടായിരുന്നുള്ളു. എന്നിട്ടും അദ്ദേഹം ലോകത്തിലെ ഒരു മായാത്ത വ്യക്തിയായി പരിലസിച്ചു. നൂൽനൂല്പു യന്ത്രം കണ്ടുപിടിച്ച ആൎക്ക്റൈററ് തൻെറ അച്ഛൻെറ 15ാമത്തെ മകനായിരുന്നു. അദ്ദേഹം ദാരിദ്ര്യത്തോട് മല്ലിട്ടുകൊണ്ടു് ഏകദേശം 17 കൊല്ലത്തോളം ക്ഷൗരകജോലി ചെയ്തു. അദ്ദേഹം തീരെ വിദ്യാശൂന്യനായിരുന്നു. അന്നെല്ലാം അദ്ദേഹത്തിന്നു് യന്ത്രപ്രവൃത്തിയോട് ഒരു മമതയുണ്ടായിരുന്നു. അങ്ങിനെ ഒടുവിൽ സ്വന്തം പരിശ്രമം മൂലം അദ്ദേഹം നൂൽനൂല്പു യന്ത്രം കണ്ടുപിടിക്കുകതന്നെ ചെയ്തു. അതദ്ദേഹത്തിന്നു് ലോകപ്രശസ്തിയും ബ്രിട്ടീഷ് രാജാവിൽ നിന്നു് 'സർ'സ്ഥാനവും നേടിക്കൊടുത്തു. 7ാമത്തെ പുത്രന്മാരായി ജനിച്ചവരാണ് വോൾട്ടയർ, ഒളിവർ ക്രോംവെൽ മുതലായവർ. ഒന്നാമത്തെ മകനായി ജനിച്ച ജവഹർലാൽനെഹറു തൻെറ അച്ഛൻെറ പ്രഭാവത്തെ നിലനിൎത്തുകമാത്രമല്ല അതിശയിക്കുകകൂടി ചെയ്തിരിക്കുന്നു.

മനുഷ്യരാശിയുടെ ഭാവിശ്രേയസ്സിന്നു് മാതാപിതാക്കളുടെ ശുദ്ധിയും ശുഭചൎയ്യയും അത്യന്തം പ്രധാനമാണെന്നു് ലോകപ്രസിദ്ധകൈരേഖാശാസ്ത്രജ്ഞനായ കെയ്റോവിൻെറ ചില അനുഭവങ്ങളിൽ നിന്നും നമുക്കു മനസ്സിലാക്കുവാൻ

കഴിയും. ഗർഭകാലങ്ങളിൽ സ്ത്രീകൾ വായിക്കുന്നതും ചെയ്യുന്നതും അവരുടെ മനസ്സിലെ വികാര വിക്ഷോഭങ്ങളും മററും ആ കുട്ടികളിൽ കാണുമെന്നു് അദ്ദേഹം തെളിയിക്കുന്നു. ഒരു ദിവസം കെയിറോവിന്നു് 18വയസ്സായ ഒരു കുട്ടിയുടെകൈരേഖാപടവും ഒരു കത്തും കിട്ടി. കത്തിൽ ആ കുട്ടിയുടെ കൈരേഖാഫലം അറിയിക്കണമെന്നും അവനെ ഏതു വഴിക്ക് തിരിച്ചാലാണു് ഏററവുമധികം ശോഭിക്കുക എന്നും എഴുതി അറിയിക്കണമെന്നു് ആ കുട്ടിയുടെ അച്ഛൻ ആവശ്യപ്പെട്ടിരുന്നു. കെയിറോ ഇടത്തേ കൈ പരിശോധിച്ചപ്പോൾ പാരമ്പര്യം വഴിക്കു് കുട്ടിക്ക് മഹത്തായ സംസ്കാരവും ബുദ്ധിശക്തിയും ലഭിച്ചിട്ടുണ്ടെന്നു് മനസ്സിലാക്കി. എന്നാൽ വലത്തെ കൈ പരിശോധിച്ചപ്പോൾ അദ്ദേഹം അമ്പരന്നു. ലക്ഷണപ്രകാരം കുട്ടി ഒരു ഭയങ്കര കള്ളനായിരുന്നു. അതിരുകവിഞ്ഞ അവന്റെ ബുദ്ധിശക്തി മുഴുവൻ അവൻ കഠിനകൃത്യങ്ങളിലും നീചപ്രവൃത്തിയിലും ആണു് പ്രയോഗിക്കുകയെന്നും കണ്ടു. കൊലപാതകത്തിന്നുംകൂടി കുട്ടി മടിക്കുകയില്ലായിരുന്നു ഈ നീചപ്രവൃത്തികൾ അവൻ ഇപ്പോൾ തന്നെ തുടങ്ങിയിട്ടുണ്ടെന്നും ഉടനെ ബന്ധനത്തിലടച്ചില്ലെങ്കിൽ അബദ്ധമാണെന്നും കെയിറോവിന്നു മനസ്സിലായി. മഹത്തായ പാരമ്പര്യമുള്ള കുട്ടി ഇങ്ങിനെ അറുകള്ളനാവാൻ കാരണമെന്തെന്നു മാത്രം അദ്ദേഹത്തിന്നു മനസ്സിലായില്ല. ഏതായാലും ജനനത്തിന്നു് മുമ്പു് ഇതിന്നു് തക്കതായ കാരണമുണ്ടായിരിക്കണമെന്നു് അദ്ദേഹം ഊഹിച്ചു. വിവരങ്ങൾക്കെല്ലാം വിശദമായി അദ്ദേഹം മറുപടി അയച്ചു. കത്തു കിട്ടിയപ്പോൾ കുട്ടിയുടെ അച്ഛൻ വല്ലാതെ ദ്വേഷ്യപ്പെട്ടു. കാരണം ഭക്തയായ ഭാര്യക്കു് ഗർഭധാരണ സമയത്തു് യാതൊരനിഷ്ടസംഭവവും ഉണ്ടാകുവാൻ ഇടയില്ല. കൂടാതെ തന്റെ മകൻ തങ്ങളുടെ കൂടെ സാധാരണ പ്രാർത്ഥനക്കു് യാതൊരു മടിയും കൂടാതെ പങ്കുചേരാറുണ്ടായിരുന്നു. അദ്ദേഹത്തിന്നു് തന്റെ മകനിൽ യാതൊരു സംശയവും ഉണ്ടായില്ല. അതെ വീട്ടിൽനിന്നു തന്നെ തന്റെ മകളുടെ ആഭരണങ്ങളും വിവാഹ സമ്മാനങ്ങളും മററും കളവുപോയതിന്നു് പോലിസിൽ അറിവുകൊടുത്തിരുന്നു. പോലീസുദ്യോഗസ്ഥൻ കെയ്റോവിനെ സമീപിച്ചു വിവരങ്ങളറിഞ്ഞു് അന്വേഷണങ്ങൾ നടത്തി. എങ്കിലും ഫലമുണ്ടായില്ല. ഒരു ദിവസം വീട്ടിൽ അപ്പമുണ്ടാക്കുന്ന മാവിൽ വിഷം കലത്തുന്നതു് വേലക്കാരനായി നിന്ന പോലീസുകാരൻ കണ്ടുപിടിക്കുകയും കുട്ടിയെ അറസ്റ്റ്ചെയ്യുകയും ചെയ്തു അപ്പോഴാണു് കുട്ടിയുടെ പിതാവിന്നു് കൈറോവിന്റെ വാക്കുകളിൽ വിശ്വാസം വന്നതു്. ഒരു ദിവസം മകന്റെ ഈ മാററത്തെ മനസ്സിലാക്കുവാനുള്ള ശ്രമത്തിൽ കുട്ടിയുടെ അച്ഛൻ ഭാര്യയോടു് വിശദവിവരങ്ങളെല്ലാം അന്വേഷിച്ചു. അവരിൽ നിന്നും താഴെ പറയുന്ന ചില പ്രധാന സംഗതികൾ മനസ്സിലാക്കുവാൻ സാധിച്ചു. അതായതു് കുട്ടി ജനിക്കുന്നതിന്നു് 7 മാസം മുമ്പു് തനിക്കു കള്ളപ്പുള്ളികളുടേയും കൊലപാതകികളുടേയും കഥ വായിക്കുവാൻ വലിയ ഇഷ്ടമായിരുന്നു. അക്കൂട്ടത്തിൽ കുറെ അ

ധികം പ്രാവശ്യം വായിച്ച ഒരു കഥ അവർ വിവരിച്ചു. മാന്യമായ ഒരു തറവാട്ടിൽ ജനിച്ച് പതിനഞ്ചു വയസ്സാകുന്നതിന്നു മുമ്പുതന്നെ ഒരു ഭയങ്കര കള്ളനായി ഒടുവിൽ തൻെറ കുടുംബത്തിലുള്ള സകലക്കും വിഷംകൊടുത്ത് വധിക്കപ്പെട്ട ഒരാളെപ്പററിയുള്ളതായിരുന്നു ആ പുസ്തകം. ഈ സംഭവത്തിൽ നിന്നും മാതാപിതാക്കളുടെ ശുദ്ധി ശിശുക്കളുടെ ജനനത്തെ എത്രത്തോളം ബാധിക്കുമെന്നു് മനസ്സിലാക്കാമല്ലോ. എന്നാൽ പാരമ്പര്യ ശാസ്ത്രം മറെറാന്നാണു് പറയുന്നത്. ഒരു മാതാവിലോ പിതാവിലോ ഉള്ളതായ ക്രമക്കേടുകൾ മക്കളിൽ കാണുകയില്ലെന്നാണു് പാരമ്പര്യ സിദ്ധാന്തം വെളിപ്പെടുത്തുന്നത്. അങ്ങിനെ സംഭവിക്കുന്നുവെങ്കിൽത്തന്നെ അതു് വളരെച്ചുരുക്കമാണെന്നാണു് അഭിപ്രായപ്പെടുന്നത്.

ചൈനയെക്കഴിച്ചാൽ ഇന്ത്യയിലാണു് ഏററവുമധികം ശിശുമരണം നടക്കുന്നത്. മാസം തികയാതെ പ്രസവിക്കുന്ന കുട്ടികൾ മുഴുവനും മരിച്ചുപോവുകയായിരുന്നു മുൻകാലങ്ങളിൽ. എന്നാൽ അങ്ങിനെയുള്ള കുട്ടികളിൽ ഒരു വലിയ ശതമാനത്തെ ശരിയായ വിധത്തിൽ ചികിത്സിച്ച് സുഖപ്പെടുത്താനുള്ള എല്ലാ ഏപ്പാടുകളും ഇപ്പോൾ ഉണ്ടു്. അതിന്നുള്ള ഉപകരണങ്ങളും ഭക്ഷണ പരിചരണക്രമങ്ങളും ഇന്നു സുലഭമാണു്. അകാലശിശുക്കൾക്കുവേണ്ടി "ഡോറൻടോം കോട്ട്" എന്ന ഒരു കട്ടിൽ ഇപ്പോൾ നിർമ്മിച്ചിരിക്കുന്നു. ഇപ്പോൾ ബ്രിട്ടനിലും മററു പരിഷ്കൃത രാജ്യങ്ങളിലും ഇത്തരം ഉപകരണങ്ങൾ ധാരാളമായി ഉപയോഗിച്ചുവരുന്നുണ്ടു്. കുട്ടികളുടെ മാനസികവും ശാരീരികവും ആയ വളർച്ച രേഖപ്പെടുത്തുവാൻ ഉപകരണങ്ങൾ ഉണ്ടെന്നതാണു് ഇതിൻെറ ഏററവും വലിയ മെച്ചം. 28 അകാലശിശുക്കളേയും 6 അമ്മമാരേയും ഇതിൽ കിടത്താൻ കഴിയും. അകാലശിശുക്കൾക്ക് അധികകാലം ജീവിതം പ്രദാനം ചെയ്യുന്നതിൻെറ രഹസ്യം സൂതികർമ്മിണികൾക്കും മററും നൽകുന്ന പരിശീലനത്തെ ആശ്രയിച്ചിരിക്കുമെന്നു് പരീക്ഷണങ്ങൾ തെളിയിക്കുന്നു.

കുട്ടികൾ ചുരുങ്ങിയത് 6 മാസമെങ്കിലും മുലപ്പാലുകൾ മാത്രം ഭക്ഷിച്ചു ജീവിക്കണം. അമ്മയുടെ സന്തതസാഹചര്യം ഒരു കുട്ടിയെ ആരോഗ്യവാനാക്കിത്തീർക്കുന്നു. മുലപ്പാലുകുടി നിർത്തിയതിന്നു ശേഷമുള്ള ഭക്ഷണങ്ങൾ ക്രമസഹിതം നിർണ്ണയിക്കപ്പെടേണ്ടതാണു്.

(മാതൃഭൂമിയിലെ ചില ലേഖനങ്ങളോട് കടപ്പാട്.)

ചെറുകഥ

# പ്രതിജ്ഞ

By ടി. വി. അബ്ദുൽ വഹാബ്.

"ഉമ്മാ ഖാദർ വന്നോ?"

കഫക്കട്ടകളിലൂടെ തട്ടിത്തടഞ്ഞ് ഞെരുങ്ങിയമർന്ന ആ വാചകം മമ്മത് ഉമ്മയുടെ നേരെ എറിഞ്ഞു.....ഭാരംപേറിത്തളർന്ന കുതിരയെപ്പോലെ അവൻ കിതയ്ക്കുന്നുണ്ടായിരുന്നു..... ഹൃദയമിടിപ്പുകൾ അവ്യക്തമായിത്തീരുകയാണ്....അയാൾ കാറിക്കാറിച്ചുമച്ചു....എല്ലിൻകൂടിനെ കടിച്ചുപറിച്ചുകൊണ്ട് കഫക്കട്ടകൾ ഞെരിഞ്ഞടർന്ന് തെറിക്കുകയാണ്....ചുമ.... ഹാവൂ!....ജീവൻെറ കണ്ണികളെ ശിഥിലമാക്കുന്ന നീണ്ട ചുമ!....

ചുററുപാടും നിശ്ശബ്ദമാണ്.....ഒച്ചയനക്കമില്ല....ആ പ്രശാന്തമായ പരിസരത്തിൻെറ നെഞ്ചിൽ കഠാരിത്തലപ്പെന്നോപ്പം ആ ഇടതടവില്ലാത്ത ചുമ ചെന്നു തറയ്ക്കുകയാണ്....മമ്മതിനെപ്പോലെതന്നെ പരവശനായ ആ ചെററപ്പുരയുടെ വാരിയെല്ലുകൾ എഴുന്നുനില്ക്കുന്നുണ്ട്. പറമ്പിൻെറ പടിഞ്ഞാറേപ്പുറം തെല്ലകലെ "നിന്നുറങ്ങുന്ന" മൊട്ടക്കുന്നിൽ മമ്മതിൻെറ ചുമയുടെ മാറെറാലി ഉയർന്നു ...

ഹൃദയത്തിൻെറ ചുവപ്പുനിറമുള്ള ഒരു കട്ടച്ചോര തുപ്പിക്കൊണ്ട് മമ്മത് ഉമ്മയോടന്വേഷിച്ചു.....

"ഉമ്മാ....ഖാദർ....വന്നോ?...."

ആ വാക്യത്തിൽ നൊമ്പരംകൊള്ളുന്ന ഒരു ലോകം കിടന്നു പിടയുന്നുണ്ടായിരുന്നു ...

ഉല്ക്കണ്ഠ നിറഞ്ഞ മമ്മതിൻെറ കണ്ണുകളിൽ ഊറി നിന്ന കണ്ണീരിൽക്കൂടി ആ ഉമ്മയുടെ മുന്നിൽ ഓർമ്മകൾ ഓളമടിച്ചെത്തുകയാണ് ..... നൊമ്പരപ്പെടുത്തുന്ന ഓർമ്മകൾ....

"പയക്കംപറേല്ല മോനേ....ബരത്തം അധികാവും"...........ഉമ്മ ആ വാചകം ആവർത്തിച്ചു................തേങ്ങിക്കരയുന്ന ഹൃദയത്തിൻെറ പ്രാണവേദന ആ ഉമ്മ കടിച്ചിറക്കുകയാണ് ....

എത്രമാത്രം അവർ കരഞ്ഞു?....
എന്നിട്ടെന്തുണ്ടായി? ...

കരഞ്ഞുകരഞ്ഞു ഹൃദയം പൊട്ടിമരിക്കാനവർ ആശിച്ചു!....ദൈവത്തിൻെറ മുന്നിൽ ഹൃദയത്തിൽതട്ടി പ്രാർത്ഥിച്ചു.

"ൻെറ, ബദ്‌രീങ്ങളെ, ഞമ്മളുങ്ങ് എട്ടത്തോളിൻ"..........ദൈവം അതൊന്നും ശ്രദ്ധിച്ചില്ലായിരിക്കാം.

ഹൃദയത്തിൽ തിളച്ചു മറിയുന്ന ദുഃഖത്തിൻെറ ലാവ അല്പമൊന്നടങ്ങിയാൽ തെല്ലൊരാശ്വാസം തോന്നും....പക്ഷെ നിലയ്ക്കാത്ത ലാവയുണ്ടോ?....വററാത്ത പ്രവാഹമുണ്ടോ?....

ഉമ്മയെങ്ങിനെ സഹിക്കാനാണ്.... മദിച്ചു നടക്കേണ്ട യുവത്വത്തിലേക്കു കാലൂന്നിയ പൊന്നുമോൻ, താളുപോലെ കുഴഞ്ഞു കിടക്കുകയാണ്........വിവാഹം കഴിഞ്ഞിട്ടില്ല... അവനെന്തെന്തു പ്രതീക്ഷകളുണ്ടാവണം?........എത്രയെത്ര സ്വപ്നങ്ങൾ സാക്ഷാൽക്കരിക്കപ്പെടണം? ...

വേദനനിറഞ്ഞ പരിസരത്തിന്റെ ഹൃദയത്തെ കീറിമുറിച്ചുകൊണ്ടു അവരുടെ ഓർമ്മകൾ പറന്നെത്തുകയാണ്.

"ന്റെ മോൻ പഠിച്ചു ബല്യ മൊയല്യാരാകും." ചെല്ലപ്പെട്ടിയിൽനിന്നെടുത്ത വെററിലക്കീറിൽ നൂറതേച്ചുകൊണ്ട് തന്റെ മുമ്പിലിരുന്നു "കാക്കാ പൂച്ചാ" വരയ്ക്കുന്ന മോനെനോക്കി ബാപ്പ പറയാറുണ്ടായിരുന്നു ...

കിണ്ടൻതുണിയും തൊപ്പിയുമിട്ടുവിച്ചു മമ്മദിനെ ഓത്തുപള്ളിയിലേക്കു കൂട്ടിക്കൊണ്ടുപോയ ആ പിതാവിന്റെ രൂപം അവരുടെ മുന്നിൽ തെളിഞ്ഞുവന്നു .. പ്രതീക്ഷകൾ വിടർത്തിയ കണ്ണുമായി ഉയർത്തിപ്പിടിച്ച തലയോടെയുള്ള ആ പോക്ക്....

പൊട്ടിത്തെറിച്ച ആ കൊച്ചുകുഞ്ഞ്, ഓത്തുപള്ളിയിലെ മററു കുട്ടികളുടെ നേതാവായിരുന്നു അവന്റെ നടത്തവും.... ഗൌരവവും!....

ഓത്തുപള്ളി വിടാറാവുമ്പോൾ അവനെയും കാത്തു ഉമ്മ ഉമ്മറത്തു നില്ക്കുന്നുണ്ടാവും ...

വ്യക്തമല്ലാത്ത വാചകങ്ങളിൽ അവന്നു ഓത്തുപള്ളിയിലെ അനുഭവങ്ങളെക്കുറിച്ചു ഒരു നൂറുകൂട്ടം പറയാനുണ്ടാവും..

ഓ! ...... അതെന്തൊരു രസമായിരുന്നു!........

ആ കുഞ്ഞു വളന്നു........തുടിമിട്ടുക്കും ചൊറചൊറുക്കുമുള്ള ആ കുഞ്ഞു വളന്നു.. ഉമ്മയുടെയും ബാപ്പയുടെയും അഭിനിവേശങ്ങൾ തളിർത്തുതുടങ്ങുകയാണ്.

പലരും പറഞ്ഞു "പാത്തുമ്മ ഇനി പ്രസവിക്കില്ല"....

"ഒന്നിനേ വിധിയുള്ളു" ചിലരുടെ സഹതാപം തിരയടിച്ചുയരാറുണ്ടു.

പക്ഷെ പാത്തുമ്മ വീണ്ടും ഗർഭിണിയായി.

ബാപ്പയുടെ കണ്ണുകൾ തെളിഞ്ഞു ആനന്ദത്തിന്റെ അലയൊലികൾ ആ ഗൃഹാന്തരീക്ഷത്തിൽ ഉയന്നു പൊങ്ങി. ആ നല്ല 'സെഫീന'പ്പാട്ടും പാടിക്കൊണ്ടു്, കുഞ്ഞിനെ താരാട്ടിയുറക്കുന്ന ആ ഉമ്മയുടെ ഹൃദയം, ആ കുഞ്ഞുങ്ങളുടെ ഭാവിയെ നിറംപിടിപ്പിക്കാറുണ്ടായിരുന്നു.

മുട്ടിലിരുത്തി കുതിരകളിപ്പിച്ചുകൊണ്ടു് തന്റെ ഓമനക്കുഞ്ഞിന്റെ പുഞ്ചിരിയിൽ മതിമയങ്ങി ആ പിതാവു് ആവേശത്തോടുകൂടി പറയാറുണ്ടു്.

"എടീ ന്റെ കുട്ട്യേളെ പഠിപ്പിച്ചു ഞാൻ ബല്യ ആപ്പീസ്സറാക്കും"....ഉമ്മയുടെ ശരീരം പുളകപ്പുതപ്പണിയാറുണ്ടു്.....

ആ കുഞ്ഞുങ്ങൾ ഒരുമിച്ചു വളന്നു....

അനുജന്റെ കൊഞ്ചൽ കേൾക്കാതെ മമ്മതു കഞ്ഞികുടിക്കാറില്ല....പള്ളിക്കൂടത്തിൽനിന്നുവന്നു, പുസ്തകം തട്ടിൻപുറത്തുവെച്ചു മമ്മദു് ഉടനെത്തന്നെ അനുജനെയെടുത്തോമനിക്കും.

ആ കുഞ്ഞു മമ്മതിൻെറ മുഖത്തുനോക്കി കണ്ണിറുക്കി പുഞ്ചിരിക്കും........

തെളിഞ്ഞുവരുന്ന ആ നുണക്കുഴികളിൽ മമ്മതു് കിക്കിളി കൂട്ടും....ആ കുഞ്ഞു പൊട്ടിപ്പൊട്ടിച്ചിരിക്കും........

ഇതെല്ലാം കാണുന്ന ഉമ്മയുടെ മുമ്പിൽ ഒരു സ്വർഗ്ഗലോകം ആടിപ്പാടി നൃത്തംചെയ്യും·· ....

.................................

ആർക്കെല്ലാം വയററിൽ വേദന വന്നു? ചില ചില്ലറ മരുന്നുകൊണ്ടവർക്കെല്ലാം രോഗം മാറി....പക്ഷെ മമ്മതിൻെറ ബാപ്പ മൊയ്തീൻെറ രോഗം അടിവെച്ചടിവെച്ചു പെരുകി....

ആദ്യമൊന്നും മൊയ്തീനതു കാര്യമാക്കിയില്ല....പോട്ടെ; സാരമില്ല........

പക്ഷെ കുടലുകളെ കരണ്ടുകരണ്ടു നശിപ്പിക്കുന്ന ആ വേദന കൂടിക്കൂടി വന്നു....ജീവനെ കവർന്നുതിന്നുന്ന വേദന ........അയാൾ വയറമർത്തിപ്പിടിച്ചു.... ... പല്ലു കടിച്ചുഃനാക്കി....ഹാവൂ!....പൊറുക്കാനാവുന്നില്ല....അവൻ വാവിട്ടു നിലവിളിച്ചു....

പലരും ചികിത്സിച്ചു.....കഷായവും നെയ്യും ലേഹ്യവുമെല്ലാം ആ മുറി നിറച്ചു....

കിണ്ണവും കിണ്ടിയും പടിയിറങ്ങി... ഒടുവിൽ കിടപ്പാടവും വിററു. പക്ഷെ രോഗം മാത്രം നീങ്ങിയില്ല.

മരിച്ചാൽ കബറടക്കാൻ വേണ്ട ചിലവിലേക്കു സ്ത്രീകൾ സൂക്ഷിക്കാറുള്ള അലിക്കത്തുകൂടി വിററു അവർ ചികിത്സിച്ചു ....എന്നിട്ടും രോഗം വർദ്ധിച്ചു....

"ഓ! ൻെറ കുട്ട്യേളെ കാര്യം"....
എറിച്ചുനില്ക്കുന്ന പല്ലുകളിൽ കൈ ചേർത്തുകൊണ്ടു് അവൻ പറയുന്നുണ്ടു്.

"പാത്തേപാ..........ജ്ജ് കുട്ട്യേളെ നോക്കണേ"....

കനമുള്ള ആ വാക്കുകൾ പാത്തുമ്മക്കു് താങ്ങാൻ കഴിഞ്ഞില്ല.....

വേദനനിറഞ്ഞ ആ ശരീരത്തിൽ നിന്നു് ജീവൻ അല്പാല്പമായി മാറി നീങ്ങുകയായിരുന്നു. അല്പാല്പമായി മരിക്കുന്ന ആ പിതാവു് തൻെറ മക്കളെ അടുത്തുവിളിച്ചു. ഇളയമകൻെറ കൈ പിടിച്ചു മൂത്തമകൻെറ കയ്യിൽ വെച്ചുകൊടുത്തുകൊണ്ടവൻ പറഞ്ഞു. "മോനേ, മമ്മദേ....നീ....ഖാദറി....നെ....നോ....നോക്കണേ"....

ആ വീട്ടിൽ തീപ്പുകയുണ്ടായിരുന്നതു ദുർല്ലഭമാണു്....അവിടെ ചിരികൾ ചിറകുവിടർത്താറില്ല....കട്ടപിടിച്ച ശോകം അവിടെ മുററിനില്ക്കുകയാണു്.

അവസാനം പന്ത്രണ്ടു് വയസ്സു് മാത്രം പ്രായംചെന്ന മമ്മതു് ജോലി അന്വേഷിച്ചിറങ്ങി. അവൻെറ ഉപ്പയുടെ ഒരു സ്നേഹിതൻ അവനു ഒരു പ്രസ്സിൽ ജോലി വാങ്ങിക്കൊടുത്തു. തൻെറ വാത്സല്യനിധിയായ മാതാവിനെയും, അരുമയായ അനുജനെയും പുലർത്തുവാൻ ആ പിഞ്ചുകരങ്ങൾ വിശ്രമമില്ലാതെ പാടുപെട്ടു........

അവൻ വളരെ ബുദ്ധിമുട്ടിയെങ്കിലും അനുജനെ സ്കൂളിലയച്ചു. ഖാദർ എസ്സ്. എസ്സ്. എൽ. സി. പാസ്സായപ്പോൾ ആ ജ്യേഷ്ഠൻ ആ ആഹ്ലാദംകൊണ്ടു മതിമറന്നതു ആ മാതാവു കണ്ടതാണു്. അതിന്നിട

യിൽ തനിക്കുവന്ന വിവാഹാലോചന കൾ മമ്മതു ഓരോന്നായി തള്ളിക്കളയു മ്പോൾ ആ മാതൃഹൃദയം പിടയുമായിരു ന്നു. അമിതമായ പ്രവൃത്തിയുടെയും ചി ന്തയുടെയും ഫലമായി ശോഷിച്ചുതുടങ്ങി യ അവനെ നോക്കി അവർ നെടുവീർപ്പിട്ടു മായിരുന്നു. "മോനേ നീയൊന്നു പെണ്ണു കെട്ടികണ്ടു് മരിച്ചാമതിയാർന്നു" ഹൃദ യം പൊട്ടുമാറു പലപ്പോഴും അവർ പറ യുമായിരുന്നു.

"ഉമ്മാ, ഖാദർ ഒരു ബി. എ. എ ങ്കിലുമാവട്ടെ എന്നിട്ടാവാം" അമിതമായ ആ സഹോദരസ്നേഹം അപ്പോഴെല്ലാം അ വരുടെ ഹൃദയത്തിൽ കുളിർ കോരിനിറ ച്ചിരുന്നു.

മമ്മതു് അമിതമായ ജോലിമൂലം ക്ഷ യരോഗിയായിത്തീന്നു. വൈദ്യനെ കാ ണിക്കാൻ കാശില്ലായിരുന്നു. ഉള്ളപണം ഖാദറിന്നു എക്സാമിനേഷൻഫീ അട ക്കാൻ അയച്ചുകഴിഞ്ഞിരുന്നു. നീങ്ങാനും നിരങ്ങാനും നിവ്വാഹമില്ലാതെ മമ്മതു കി ടപ്പിലായതോടെ പട്ടിണി വീണ്ടും ആ കുടിലിലേക്കു ഇഴഞ്ഞുകയറി.

'ഖാദർ ഒരുപക്ഷെ നാളെ വരുമാ യിരിക്കും. അപ്പോൾ അവൻ ജ്യേഷ്ഠനെ വല്ല ആസ്പത്രിയിലും കൊണ്ടുപോയി ചി കിത്സിപ്പിക്കുമായിരിക്കും.' അന്ധകാര ത്തിൽ ആശംസത്തിൻെറ ഒരു നേരിയ രേഖ അവർ കണ്ടു.

"നേച്ചക്കാരെ, ബദ്‌രീങ്ങളെ ലച്ചി ക്കണെ" വിഫലങ്ങളായ ആശാബിന്ദു ക്കളിലൂടെ തട്ടിത്തടഞ്ഞുകൊണ്ടു അവരു ടെ ചിന്ത നീങ്ങുകയാണു്.

"ഉമ്മാ വെള്ളം" ആ രോഗി മര ണവെപ്രാളങ്ങൾ കാണിക്കുകയാണു്. അ വർ ഞെട്ടിയെണീററു. പാളയുമെടുത്തു അവർ വെള്ളത്തിന്നായി ഓടി. വെള്ള വുമായി തിരിച്ചുവന്ന ആ മാതാവു് കണ്ട തു തൻെറ ഓമനമകൻെറ ചലനമില്ലാത്ത ജഡത്തെ മാത്രമായിരുന്നു.

അവർ മോഹാലസ്യത്തിൽനിന്നും ഉയന്നപ്പോൾ നാട്ടുകാർ പണംപിരിച്ചു തൻെറ മോൻെറ മയ്യത്തു് അടക്കാൻ ശ്ര മിക്കുന്നതാണു് കണ്ടതു്. ഖാദറിന്നവർ കമ്പിയടിച്ചിരുന്നു.

ഖാദർ കമ്പികിട്ടിയ ഉടനെ പുറ പ്പെട്ടുവെങ്കിലും മയ്യത്തു അടക്കിയശേഷ മേ എത്തിയുള്ളു.

അവൻ ആ ശവകുടീരത്തിന്നു മു മ്പിൽനിന്നു. മണ്ണിൻെറ കവാടം ആ മര ണത്തിന്നുമുകളിൽ അടഞ്ഞുകിടക്കുന്നു. നിരവധി ചിന്തകൾ ഖാദറിനെ തഴുകി ക്കടന്നു. ആ മണ്ണു സ്പർശിച്ചപ്പോൾ അ വൻ കോരിത്തരിച്ചുപോയി.

ആ സ്പർശനത്തിൽ അവൻെറ ഹൃദയ ത്തിൽ എന്തോ ചിലതു ചലിക്കാൻ തുട ങ്ങി. അവനറിയാതെതന്നെ വേദന മ റെറന്തോ ഒരു വികാരവിശേഷമായി രൂ പംമാറുകയായിരുന്നു.

നിലാവു പൊങ്ങിയപ്പോഴും ഖാദർ അവിടെത്തന്നെ നില്ക്കുകയായിരുന്നു. പു കപോലെ പടന്ന ആ മഞ്ഞിന്നടിയിൽ ആ ഖബറുകൾ സ്വപ്നംകണ്ടു.

ദുഃഖപൂർണ്ണമായ ജീവിതവും; ഇരുളടഞ്ഞ ഖബറും—ഇതുമാത്രമാണോ മനുഷ്യനവകാശപ്പെട്ടതു?...... ഖാദർ ചിന്തിച്ചുപോയി.

ചൂടുള്ള കണ്ണുനീർത്തുള്ളികൾ ആ ശവക്കുഴിയുടെ മുകളിൽ പതിച്ചു. അവ അവിടെ ഒരു നവതപ്ത പ്രതിജ്ഞ കുറിക്കുകയായിരുന്നു. ജനലക്ഷങ്ങളെ ജീവിതസാഫല്യത്തിൽനിന്നു പിടിച്ചുമാററുന്ന ഈ വ്യവസ്ഥിതി മാററുമെന്നു, ആ കണ്ണുനീർത്തുള്ളികൾ കിനാവു കാണുന്ന ഖബറുകളോട് പറയുകയായിരുന്നു........

ഖാദർ തിരിഞ്ഞുനടന്നു. നിരന്തരസമരങ്ങളിലൂടെ നീണ്ടുപോകുന്ന മനുഷ്യചരിത്രത്തെപ്പോലെ അവന്റെ മുമ്പിൽ ആ വെട്ടുവഴി നീണ്ടുകിടന്നു.



CAPTAINS OF THE COLLEGE TEAMS




COLLEGE DRAMATIC ASSOCIATION

# കവിതയോട്

ചെറുകര മാധവൻ Class II

നിന്നെഞാൻ സ്നേഹിയ്ക്കുന്നു,
നിന്നെഞാനാരാധിപ്പൂ,
നിന്നെഞാനെന്നും കാണ്മു
മന്മനോമുകുരത്തിൽ.

നിന്നെ ഞാൻ ദശിക്കുമ്പോ-
ളെൻകരൾ പൂവാടിയിൽ
വന്നെത്തും വസന്തത്തിൻ
മാദക സൌന്ദര്യങ്ങൾ.

ദൂരത്തത്തൈത്തേമാവിൻെറ
ശാഖമേൽ ഗാനം പെയ്തി-
ട്ടാരാലക്കുയിലുകൾ
കൊക്കുകളുരുമ്മുമ്പോൾ,

ആശതൻ മലക്കാവിൽ
പുഞ്ചിരിവിരിയിയ്ക്കും-
നീശ്വരി, നീയെത്തിയാൽ
ദ്ദേവനായ്ത്തീരുന്നു ഞാൻ

ഉയരും ദുഃഖത്തിൻെറ
ചൂടിൽഞാനെരിയുമ്പോ-
ളുയിരിൽജ്ജീവാമൃതം
പെയ്യുന്നു:നിൻപുഞ്ചിരി

പാലൊളിതൂകും പാതി-
രാവിലെൻ സ്വപ്നത്തിങ്ക-
ലോമലേ, നീവന്നെന്നെ
മുറുകെത്തഴുകുമ്പോൾ;

അപ്സരസ്സല്ലാ നീയെ-
ന്നാത്മാവിൻ മിടിപ്പിൻെറ
മുക്തിയാണതിൽ ഞാനെൻ
ജീവിതം വളർത്തുന്നു.

# മരിച്ചിട്ടും മറക്കാത്ത മനുഷ്യൻ.

പി. കെ. സഖറിയ Class II

ആ മുറി കാണുന്ന ഏതൊരു ശിലാഹൃദയനും ഒന്നു ഞെട്ടാതിരിക്കുകയില്ല. ഒരു ശ്മശാനമൂകത ആ മുറിയിൽ ആകെ വ്യാപിച്ചിരുന്നു. അല്ലെങ്കിൽ ആ മുറി തന്നെ ഒരു ശ്മശാനമാണല്ലോ. മൃതശരീരങ്ങൾ കൊണ്ടു് ആ മുറി നിറഞ്ഞിരുന്നു. എല്ലാ ശവങ്ങളേയും മേശകളിൽ നിരത്തി കിടത്തിയിരിക്കുകയാണു്. എപ്പോഴും ബന്ധിച്ചിരുന്ന ആ മുറിയിൽ നിന്നു് രാത്രികാലങ്ങളിൽ വിലാപങ്ങളും നിശ്വാസങ്ങളും കേട്ടിരുന്നതായി പലരും പറയുന്നുണ്ടെങ്കിലും അതിന്റെ സത്യാവസ്ഥ ഇന്നും കണ്ടുപിടിച്ചിട്ടില്ല.

മെഡിക്കൽ കോളേജിലെ ശസ്ത്രക്രിയാമുറിയാണു് നാം ഇപ്പോൾ കണ്ടതു്. മൃതശരീരങ്ങൾ ചീഞ്ഞയാകാതിരിക്കുവാൻ വേണ്ടി ഉപയോഗിച്ചിരുന്ന ഔഷധങ്ങളുടെ മണം ആ മുറിയിൽ എപ്പോഴും തങ്ങിനിന്നിരുന്നു.

അന്നും ചോരത്തിളപ്പുള്ള മെഡിക്കൽ കോളേജിലെ വിദ്യാർത്ഥിവിദ്യാർത്ഥിനികൾ ആ മുറിയിൽ പ്രവേശിച്ചു. അനേകം പ്രാവശ്യം ആ മുറിയുമായി പരിചയപ്പെട്ടിട്ടുള്ള അവരുടെ മുഖങ്ങൾ പോലും ആ മുറി കാണുമ്പോൾ മ്ലാനങ്ങളാകുമായിരുന്നു. ആ മൃതശരീരങ്ങളെ സ്പർശിക്കുമ്പോൾ അവരുടെ കൈകൾ വിറച്ചിരുന്നു. പക്ഷെ നാളത്തെ ഡോക്ടർമാരായ അവരുടെ കൈകൾ വിറക്കുവാൻ പാടില്ല. അടുത്ത ഭാവിയിൽ വേദനയനുഭവിക്കുന്ന ജനലക്ഷങ്ങളെ സഹായിക്കേണ്ടവരാണീ വിദ്യാർത്ഥീ വിദ്യാർത്ഥിനികൾ. എങ്കിലും ഒരു കാലത്ത് ജീവരക്തത്തിന്റെ ഉറവിടമായിരുന്ന, വിചാരവികാരങ്ങളുടെ ആസ്ഥാനമായിരുന്ന, ആ മനുഷ്യഹൃദയങ്ങൾ ഉപകരണങ്ങൾ കൊണ്ടു് കീറിമുറിക്കുമ്പോൾ, ആ ശാസ്ത്രത്തിന്റെ സന്താനങ്ങളുടെ ഹൃദയങ്ങൾ പിടച്ചിരുന്നു. പ്രത്യേകിച്ചു് വിദ്യാർത്ഥിനികളുടെ, അതിലും പ്രത്യേകിച്ചു് ലളിതയുടെ....

പ്രഫസർ അയാളുടെ ഏററവും മയമുള്ള ശബ്ദത്തിൽ വിദ്യാർത്ഥികളോടു് അന്നത്തെ ശസ്ത്രക്രിയയെക്കുറിച്ചു് ഉപദേശിക്കുകയാണു്. ലളിതക്കു് അന്നു കിട്ടിയതു് എല്ലും തോലുമായി അവശേഷിച്ചിരുന്ന ഒരു രോഗിയുടെ, ഒരു പുരുഷന്റെ ശരീരമായിരുന്നു. ആ വിദ്യാർത്ഥിനി വിദ്യാർത്ഥികളിൽ ഏററവും ലോലഹൃദയയാണു് ലളിത. അവൾ ത്രസിക്കുന്ന ഹൃദയത്തോടുകൂടി ആ ശവശരീരത്തിന്റെ അടുത്തേക്കു് നീങ്ങിയിരുന്നു....

ലളിതയുടെ അച്ഛൻ ഒരു ഡോക്ടറാണു്. തന്റെ പാരമ്പര്യം പരിരക്ഷിക്കു

വാൻ തൻെറ മകൾ പ്രാപ്തയാകണം എന്ന ആഗ്രഹം മൂലമാണ് അദ്ദേഹം ലളിതയെ മെഡിക്കൽ കോളേജിലേക്ക് അയച്ചതു്. പക്ഷെ ലളിതക്കറിയാം തൻെറ കഴിവില്ലായ്മ. ഇന്നു് ആ ക്ലാസിൽ ചേൎന്നതിൽ അവൾ പശ്ചാത്തപിക്കുകയാണു്, തന്നത്താൻ ശപിക്കുകയാണു്.

ലളിത "കത്തിയും കത്രികയും" എടുത്തു് ആ മൃതശരീരത്തിൻെറ നെഞ്ചിലേക്കു് സൂക്ഷിച്ചുനോക്കി. ആ ശരീരത്തിൻെറ ഇടത്തുഭാഗത്തു് ഹൃദയത്തിനു നേരെ മുകളിലായി അവൾ ഒരു ചുവന്ന അടയാളം കണ്ടു. ലളിത ആ അടയാളം ഒന്നുകൂടി സൂക്ഷിച്ചുനോക്കി. അവൾക്കൊരു സംശയം. അവൾ ഇതിനുമുമ്പു് ഈ അടയാളം കണ്ടിട്ടുണ്ടു്. ഇതല്ലെങ്കിൽ ഇതുപോലെയുള്ള ഒന്നു്.

പക്ഷെ അതു സാദ്ധ്യമാണെന്നു് അവൾക്കു് തോന്നിയില്ല. അങ്ങനെ ചുവന്ന അടയാളമുള്ള രണ്ടാളുകൾ ഉണ്ടാകുമോ? ആൎക്കറിയാം. പക്ഷെ അപ്പോഴാണു് അവൾ ഓൎത്തതു് താൻ ഇതുവരെ ആ മൃതശരീരത്തിൻെറ മുഖത്തു നോക്കിയില്ലെന്നു്. സാധാരണ അവൾ മൃതശരീരങ്ങളുടെ മുഖത്തു് നോക്കാറുണ്ടായിരുന്നില്ല. എങ്കിലും സംശയനിവൃത്തിക്കു വേണ്ടി അവൾ ആ മുഖത്തു നോക്കി. കവിളൊട്ടി, എല്ലുന്തി, വിളറി, വിളൎത്തു്, വിറങ്ങലിച്ചു കിടക്കുന്ന ആ ശരീരം. ആ മുഖം കത്തികണ്ട നാളുകൾ മറന്നിരിക്കുന്നു. പെട്ടെന്നു് അവൾ ഒന്നു ഞെട്ടി. ആ മുഖം തനിക്കു് പരിചിതമാണു്! ആ ചുവന്ന അടയാളവും! അയ്യോ! അതു സാദ്ധ്യമാണോ?....

ലളിതയുടെ തല കറങ്ങി. അവൾ അടുത്തുണ്ടായിരുന്ന കസേരയിൽ ഇരുന്നു; അല്ല വീണു. മൂന്നക്ഷരങ്ങൾ അവളുടെ നാവിൽനിന്നു് വെളിയിൽ വന്നു. "വിജയൻ"........

"What Lalitha? Have you started the 'work?' അവളുടെ പ്രഫസർ ചോദിക്കുകയാണു്.

ലളിത പിടഞ്ഞെഴുനേററു. അവൾ പറഞ്ഞു.

"Sorry Sir! എനിക്കു് ഒരു ചെറിയ തലകറക്കം പോലെ തോന്നി. ഇപ്പോൾ തന്നെ തുടങ്ങാം"

"Right! ഇതുവരെ ആപ്പറേഷൻെറ ഭയം വിട്ടുമാറിയിട്ടില്ല. അല്ലേ?" പ്രഫസർ ചിരിച്ചു. അടുത്ത വിദ്യാൎത്ഥിയുടെ അടുത്തേക്കു് അയാൾ മാറുകയും ചെയ്തു.

ലളിത അപ്പോഴും അങ്ങനെതന്നെ ഇരിക്കുകയാണു്. അവളുടെ മനസ്സിലുണ്ടായ കോലാഹലങ്ങൾ വല്ലതുമുണ്ടോ ആ പ്രഫസർ അറിഞ്ഞു? അവളുടെ മനസ്സ് വൎത്തമാനത്തിൽനിന്നും ഭൂതത്തിലേക്കു് പറക്കുകയാണു്.

ലളിത വിജയനെ കണ്ടതു് കോളേജിൽവെച്ചാണു്. അവൾ ജൂനിയർ ഇൻററിനും വിജയൻ സീനിയർ ഇൻററിനും പഠിക്കുകയാണു്. വിജയൻ കോളേജിലുണ്ടാകുന്ന എല്ലാ വിശേഷസംഭവങ്ങളിലും പങ്കെടുക്കും. ആദ്യമായി "കോളേജ്ഡേയിൽ" അഭിനയിച്ച ഡ്രാമയിൽ വെച്ചാണു് ലളിതയും വിജയനും പരിചിതരായതു്. വിജയൻ എഴുതിയ ആ

നാടകത്തിൽ ലളിത നായികയായി അഭിനയിച്ചു. പിന്നീടും അവർ കാണുമ്പോൾ വർത്തമാനം പറയുമായിരുന്നു. ഈ സംഭവങ്ങൾ കോളേജിൽ പരന്നു. “വിജയൻ ലളിത കോമ്പിനേഷൻ” കോളേജിൽ പ്രസിദ്ധമായിത്തീർന്നു.

പക്ഷെ അതിനിടയ്ക്കു് വേറൊരു സംഭവം നടന്നു. വിജയൻെറ അച്ഛൻ അവൻ ഹൈസ്കൂളിൽ പഠിക്കുമ്പോൾതന്നെ മരിച്ചുപോയിരുന്നു. ഉണ്ടായിരുന്ന സ്വത്തു വിററാണു് വിധവയായ അവൻെറ അമ്മ വിജയനെ കോളേജിൽ അയച്ചു് പഠിപ്പിച്ചിരുന്നതു്. തൻെറ മകനു് ജോലികിട്ടുന്ന ആ സുപ്രഭാതത്തെക്കുറിച്ചു് ആ നല്ലവളായ അമ്മ സ്വപ്നങ്ങൾ കണ്ടിരുന്നു.

പക്ഷെ വിധിസ്വഭാവം ആരറിഞ്ഞു? അടുത്ത വീട്ടിൽ ഒരു വലിയ മോഷണം നടന്നു. 500 ഉറുപ്പികയുടെ ഒരു കെട്ടു് നോട്ടു് മോഷണം പോയി. ആ വീട്ടുകാരനും “ബുദ്ധിമാനായ” ഇൻസ്പെക്ടർക്കും വിജയനെ ആദ്യംമുതൽ സംശയം ഉണ്ടായിരുന്നു. കാലക്കേടിനു പിറേറ ദിവസം വിജയൻ കോളേജിൽ ഫീസു കൊടുക്കുകയും ചെയ്തു. അതിൽ കൂടുതൽ തെളിവെന്തിനു്? മോഷണക്കുററം വിജയൻെറ തലയിൽ, നിരപരാധിയായ വിജയൻെറ തലയിൽ, കെട്ടിവെച്ചു. വിജയനെ അറസ്റ്റു ചെയ്തു.

പക്ഷെ വിജയൻ കുററം സമ്മതിച്ചില്ല. പക്ഷെ സമ്മതിപ്പിക്കുവാനുണ്ടോ പോലീസുകാർക്കു വല്ല വിഷമവും. അടിയും ഇടിയും കൊണ്ടു് അവശനായ വിജയൻ കുററം സമ്മതിച്ചു. വിജയനെ രണ്ടു കൊല്ലം തടവിനു് ശിക്ഷിച്ചു.

വിജയൻെറ അമ്മ ഈ വിവരങ്ങൾ അറിഞ്ഞപ്പോൾ വളരെയധികം പരിഭ്രമിച്ചു. തൻെറ മകനെ പോലീസുകാർ അടിച്ചുവെന്നു് കേട്ടപ്പോൾ അവരുടെ വ്യസനം വർദ്ധിച്ചു. അതു പനിയായി മാറി. ആ ചെറിയ പനി ടൈഫോയിഡും ആയി മാറി.

പക്ഷെ ജയിലിലായ വിജയനു് എന്തുചെയ്യുവാൻ സാധിക്കും. പക്ഷെ ലളിത ഈ വിവരം അറിഞ്ഞു. അമ്മാമൻെറ സമ്മതത്തോടുകൂടി ലളിത, വിജയൻെറ അമ്മയെ വീട്ടിൽ കൊണ്ടുവന്നു് ശുശ്രൂഷിച്ചു. പക്ഷെ അധിക കാലതാമസം ഉണ്ടായില്ല. ആ നല്ലവളായ അമ്മ കാലയവനികയ്ക്കുള്ളിൽ മറഞ്ഞു. ലളിതയും അച്ഛനും അവരുടെ ശവസംസ്കാരം ഭംഗിയായി നിർവ്വഹിച്ചു....................

വിജയൻ ജയിലിൽനിന്നു വന്നപ്പോൾ ഈ വിവരങ്ങൾ അറിഞ്ഞു. തൻെറ മാതാവിനെ സഹായിച്ചതു് ലളിതയാണെന്നറിഞ്ഞപ്പോൾ അവൻ സന്തോഷംകൊണ്ടു് മതിമറന്നു. തൻെറ അമ്മ മരിച്ചുവെങ്കിലും അവർ ചെയ്ത ആ ഉപകാരം അവനു് മറക്കുവാൻ സാധിച്ചില്ല. പക്ഷെ സാധുവായ അവൻ എന്തുചെയ്യും. വീടും പറമ്പും കടക്കാർ ജപ്തിചെയ്തു. പുറമെ ജയിലിലെ ജീവിതം അവനെ ഒരു ക്ഷയരോഗിയുമാക്കി. പക്ഷെ എന്തായാലും ലളിത ചെയ്ത ഉപകാരത്തിനു് പ്രതിഫലം ചെയ്യണമെന്നു് അവൻ നിശ്ചയിച്ചു.

ജയിലിൽനിന്നു വന്ന അവൻ ലളിതയുടെ വീട്ടിൽ ചെന്നുകണ്ടു. പക്ഷെ ആളറിയാത്തവിധം അവൻ വിരൂപനായിത്തീർന്നിരുന്നു. അവനെ കണ്ടപ്പോൾ ലളിത വിചാരിച്ചു വൈദ്യസഹായം അപേക്ഷിക്കുവാൻ വന്നതായിരിക്കുമെന്നു്. പക്ഷെ വിജയനാണെന്നു് മനസ്സിലായപ്പോൾ അവൾ വളരെ സന്തോഷിച്ചു.

"ഹാ! വിജയനോ? ഞാൻ ആദ്യം അറിഞ്ഞില്ലല്ലോ? അച്ഛനെ വിളിക്കട്ടെ?" ലളിത അകത്തേക്കു് ഓടുവാൻ ഒരുങ്ങി. പക്ഷെ വിജയൻ തടഞ്ഞു.

"നോക്കൂ ലളിതേ! ഞാൻ ഇന്നു് വെളിയിൽ തലകാണിക്കുവാൻ കഴിയാത്ത ഒരു രോഗിയാണു്. ക്ഷയരോഗി." അതിനു തെളിവായി ഒരു കുരുക്കൻ ചുമ വിജയനിൽനിന്നും പുറപ്പെട്ടു.

"പക്ഷേ, വിജയാ!

"ഇല്ല-എന്നെ വിജയനെന്നു് വിളിക്കണ്ട. പക്ഷെ ഭവതിചെയ്ത ഉപകാരം ഞാൻ മറക്കുകയില്ല. അതിനു എങ്ങിനെയെങ്കിലും ഞാൻ പ്രതിഫലം ചെയ്യും"

"അതൊരു ഉപകാരമല്ലായിരുന്നു" ലളിത തടഞ്ഞു "കേവലം സഹജീവിസ്നേഹം മാത്രം."

"അല്ല! ലളിതേ!! ഞാൻ മരിച്ചാലും ആ ഉപകാരം മറക്കുകയില്ല."

ലളിതക്കു് എന്തെങ്കിലും പറയുവാൻ കഴിയുന്നതിനു മുമ്പു് വിജയൻ പുറത്തിറങ്ങിപോയി..........................

അതിനുശേഷം ഇന്നാണു് വിജയനെ കാണുന്നതു്. അതു്. ഈ സ്ഥിതിയിലും. മരിച്ചിട്ടും മറക്കാത്ത ആ മനുഷ്യൻ തന്റെ അവസാന കർത്തവ്യം—ലളിതയോടുള്ള തന്റെ പ്രതിജ്ഞ നിർവ്വഹിക്കുവാൻ എത്തിയിരിക്കുകയാണു്.

..............................

"അയ്യോ! എന്റെ വിജയാ"........ ലളിത വർത്തമാനത്തിലേക്കു് തിരിച്ചുവന്നു.

വിദ്യാർത്ഥികൾ എല്ലാവരും പോകുന്നതുവരെ ലളിത അവിടെഇരുന്നു. പ്രഫസറോടു് താൻ പിന്നീടു് തുടങ്ങുമെന്നു് അവൾ സമാധാനം പറഞ്ഞു.

എല്ലാവരും പോയപ്പോൾ അവൾ ആ മൃതദേഹത്തിന്റെ നെഞ്ചിൽ തലവച്ചു് കരഞ്ഞു. കണ്ണുനീർ അയാളുടെ നെഞ്ചിനെ കഴുകി. അവസാനമായി ആ വിളറിയ ചുണ്ടുകളിൽ അവൾ ഒരു ചുംബനം അർപ്പിച്ചു.

"എന്റെ വിജയാ! അങ്ങയുടെ അന്തിമാഗ്രഹം നിറവേറട്ടെ. എനിക്കു് അങ്ങു ഇപ്രകാരമാണു് പ്രതിഫലം നല്കുന്നതെങ്കിൽ—ശരി, അങ്ങയുടെ ഇഷ്ടം നടക്കട്ടെ."

അവസാനമായി ആ വിളറിയ മുഖത്തിൽ നോക്കിയശേഷം അവൾ ഉപകരണങ്ങൾ എടുത്തു് ശസ്ത്രക്രിയ ആരംഭിച്ചു. ആ സമയത്തു് വിജയന്റെ മരവിച്ച ചുണ്ടുകളിൽ ഒരു പുഞ്ചിരി പരന്നില്ലേ? ഉവ്വ്. അയാൾ തന്റെ ആഗ്രഹം നിറവേററിക്കഴിഞ്ഞു.

# ഭാഷാസാഹിത്യമണ്ഡലം

1955-1956-ലേക്കുള്ള ഭാഷാസാഹിത്യമണ്ഡലത്തിന്റെ ഭാരവാഹികളെ തിരഞ്ഞെടുക്കാൻവേണ്ടി 1955 ആഗസ്റ്റ്മാസം കോളേജിന്റെ ജനറൽബോഡി യോഗം ചേരുകയുണ്ടായി. പ്രസ്തുതയോഗത്തിൽവെച്ച് ഔദ്യോഗിക സ്ഥാനങ്ങളിലേക്ക് തിരഞ്ഞെടുത്തവരുടെ പേരുകൾ താഴെ കൊടുക്കുന്നു.

ആവിഃലരി ഭരതൻ ക്ലാസ്സ് II (കാര്യദശി)
വി ഇന്ദുനാരായണൻ ക്ലാസ്സ് I (സഹകാര്യദശി)
യു. പി. കമലാവതി കാസ്സ് II (വനിതാ കാര്യദശി)
എം. രാജലക്ഷ്മി കാസ്സ് I (വനിതാ സഹകാര്യദശി)
എൻ. സി. ററി. ഗംഗാധരൻ നമ്പ്യാർ ക്ലാസ്സ് II (സീനിയർ പ്രതിനിധി)

ഭാഷാസാഹിത്യമണ്ഡലത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിയ സമ്മേളനങ്ങളുടെ റിപ്പോർട്ട് താഴെ പ്രസ്താവിക്കുന്നു.

1 ഉൽഘാടനയോഗം (ആഗസ്റ്റ് 25)

അദ്ധ്യക്ഷൻ : ശ്രീ. പി. സി. കുട്ടികൃഷ്ണൻ.
ഉൽഘാടകൻ : ശ്രീ. സുകുമാരൻ അഴീക്കോട്ട്.

2 പ്രസംഗപരിശീലനയോഗം (ഒക്ടോബർ 10)

അദ്ധ്യക്ഷൻ : ശ്രീ. തായാട്ട് ശങ്കരൻ
പ്രസംഗവിഷയം : "സാഹിത്യവും രാഷ്ട്രീയവും"
വിഷയാവതാരകൻ : ശ്രീ. ചെറുകര മാധവൻ
പ്രസംഗിച്ചവർ : ശ്രീ. പി. ഉണ്ണിമാധവൻനായർ
,, എം. വി. അപ്പുണ്ണി
,, ററി. വി. അബ്ദുൽ വഹാബ്
,, കെ. പി. ശ്രീധരൻ
,, ഏ. കെ. അബ്ദുള്ള
ശ്രീമതി യു. പി. കമലാവതി
,, എം. കെ. ശാന്തകുമാരി
കവിത : ശ്രീ. പി. കെ. രാധാകൃഷ്ണൻ

3 സിംപോസിയം (നവമ്പർ 4)

വിഷയം : "സാഹിത്യകാരന്റെ കർത്തവ്യം"

പങ്കെടുത്തവർ : ശ്രീ. എം. വി. ദേവൻ
ശ്രീ. എൻ. പി. ദാമോദരൻ ബി. എ.

പ്രഹസനം : "അളിയൻ വന്നത് നന്നായി"

അഭിനയിച്ചവർ : ശ്രീ. ആവിലേരി ഭരതൻ
,, വി. രാമചന്ദ്രൻ
,, കെ. പി. ജയരാജ്
,, കെ. ആർ. ഭാസ്കരൻ
,, സേതുമാധവൻ നായർ

4 സൌഹൃദ സമ്മേളനം (ജനവരി 25)

അദ്ധ്യക്ഷൻ : പി. ആർ. നമ്പ്യാർ

വിഷയം : "ഭാഷാസാഹിത്യം"

പ്രസംഗിച്ചവർ.

1. ശ്രീമതി വി. പാറുക്കുട്ടി അമ്മ........ബാലസാഹിത്യം
2. ശ്രീ. എ. പി. പി. നമ്പൂതിരി........പദ്യസാഹിത്യം

കവിത : 1 പി. കെ. രാധാകൃഷ്ണൻ
2 വി. ഇന്ദുനാരായണൻ

5 സമാപന സമ്മേളനം (ഫിബ്രവരി 28)

അനുശോചനപ്രമേയാവതരണം :
(ശ്രീ. മാവ്ലങ്കർ, ശ്രീ. നരേന്ദ്രദേവ് എന്നിവരുടെ നിര്യാണത്തിൽ) ....ഏ. കെ. അബ്ദുള്ള

സിംപോസിയ വിഷയം—"ആശാന്റെ കവിത"

പങ്കെടുത്തവർ :

ആശാൻ : സ്നേഹഗായകൻ—ആവിലേരി ഭരതൻ
,, : വിഷാദാത്മകൻ —ചെറുകര മാധവൻ
,, : സാമുഹ്യോദ്ധാരകൻ—പി. ആർ. ഗോപാലൻ
,, : കേരളത്തിലെ ആദ്യത്തെ ജനകീയ കവി —യു. പി. കമലാവതി

ആശാൻ-പൊതുവിൽ
,, ,, —എം. കെ. ശാന്തകുമാരി
,, ,, —എം. രാജലക്ഷ്മി
,, ,, —ഏ. കെ. അബ്ദുള്ള

യോഗങ്ങളെല്ലാംതന്നെ ഉയന്ന നിലവാരത്തിലായിരുന്നു നടന്നതു്. ഇതര കൊല്ലങ്ങളെ അപേക്ഷിച്ച് കൂടുതൽ യോഗങ്ങൾ നടത്താൻ കഴിഞ്ഞതും വിദ്യാൎത്ഥികളിൽനിന്നുതന്നെ തിരഞ്ഞെടുത്ത അദ്ധ്യക്ഷൻെറ കീഴിൽ ഒരു യോഗം നടന്നുവെന്നതും, വിദ്യാൎത്ഥിനീ വിദ്യാൎത്ഥികൾ പങ്കെടുത്ത യോഗങ്ങൾ നടത്തിയെന്നതും യോഗങ്ങളിൽ വിദ്യാൎത്ഥികളുടെ കവിതകൾ വായിച്ചതും, പ്രഹസനം, ഓട്ടംതുള്ളൽ മുതലായ കലാപ്രദൎശനങ്ങൾ പ്രദൎശിപ്പിച്ചുവെന്നതും ഇക്കൊല്ലത്തെ നേട്ടങ്ങളായി ഞാൻ കരുതുന്നു. പക്ഷെ, ഞാൻ പ്രതീക്ഷിച്ചനിലയിൽ യോഗങ്ങൾ നടത്താൻ കഴിഞ്ഞില്ലെന്ന കാര്യം ഇത്തരുണത്തിൽ പ്രസ്താവിക്കട്ടെ.

ഭാഷാസാഹിത്യമണ്ഡലത്തിൻെറ ആഭിമുഖ്യത്തിൽ ഇക്കൊല്ലവും മത്സരങ്ങൾ നടത്തിയതിൽ താഴെ കൊടുത്തവർ സമ്മാനാൎഹരായി.

| | | |
|---|---|---|
| ചെറുകഥ—എൻ. പി. പത്മനാഭൻ നായർ | ക്ലാസ്സ് | II |
| ലേഖനം—ടി. പി. അബ്ദുൽ റഹ്മാൻ | ക്ലാസ്സ് | I |
| കവിത—എം. കെ. കൃഷ്ണൻപണിക്കർ | ക്ലാസ്സ് | II |

ഒരു ബി. എ. കോളേജായി ഉയരുവാൻ പോകുന്ന കോളേജിൻെറ ഭാഷാസാഹിത്യമണ്ഡലത്തിൻെറ ഭാവി ഭാരവാഹികൾ പ്രസംഗപരിശീലനക്ലാസ്സ്, ചച്ചായോഗം, സിംപോസിയം, കലാവീക്ഷണം, സെമിനാർ, സൌഹൃദസമ്മേളനം, കലോത്സവം മുതലായ സമ്മേളനങ്ങൾ നടത്തിയും പ്രസ്തുതയോഗങ്ങളിൽ കലാപരിപാടികൾ അവതരിപ്പിച്ചും നമ്മുടെ കലാശാലയുടെ മഹത്വം നാൾക്കുനാൾ പുലത്തുമെന്നും അങ്ങിനെ ഭാവികേരളസംസ്ഥാനത്തിലെ ഒരുന്നത കലാശാലയായി ഉയത്തുമെന്നും ഞാൻ പ്രത്യാശിക്കുന്നു.

കാൎയ്യദൎശി,
ആവിലേരി ഭരതൻ,
ക്ലാസ്സ് II

# കന്യാകുമാരി ക്ഷേത്രം

കന്യാകുമാരി തിരുവനന്തപുരത്തുനിന്നും അൻപത്തിനാല്ക് നാഴിക ദൂരെ സ്ഥിതിചെയ്യുന്നു. ഈ അൻപത്തിനാല്ക് നാഴികയും ഒന്നാംതരം കോൺക്രീററ് നിരത്താണ്. യാതൊരു കണ്ടവും കുഴിയും ചളിയും ഇല്ല.

നിരത്തിൻെറ രണ്ടു ഭാഗവും വലിയ വലിയ കുന്നുകൾ ഉയൎന്നു നില്ക്കുന്നു; അവയിൽനിന്നും കൊച്ചരുവികൾ കുതിച്ചുവരുന്നു. ഏതുഭാഗവും കണ്ണോടിക്കുമ്പോൾ നമ്മുടെ ദൃഷ്ടികളെ സ്വാഗതം ചെയ്യുന്നതു് പച്ചനിറമാണ്.

മാവ്, പിലാവ് തുടങ്ങിയ വൃക്ഷങ്ങളും ധാരാളം ഇടതൂൎന്നു് നില്ക്കുന്നു. അവയിൽ കേരളത്തിൻെറ മുഖ്യ ഉല്പന്നമായ 'കുരുമുളക്' വള്ളികൾ തൂങ്ങിനില്ക്കുന്നു. എവിടെ നോക്കിയാലും സമ്പത്തിൻെറ വിളയാട്ടം! മററൊരു പ്രധാന കാഴ്ച ചുകപ്പും വെള്ളയും നിറത്തിലുള്ള കമലങ്ങളെയും വഹിച്ചുകൊണ്ടു് നില്ക്കുന്ന കുളങ്ങളാണ്. 'അവയിൽ ഇറങ്ങി ഒന്നു കുളിച്ചെങ്കിൽ'....എന്നു തോന്നിപ്പോകും.

ഉച്ചക്കു പുറപ്പെട്ടു് ഏതാണ്ടു് വൈകുന്നേരം കന്യാകുമാരിയിൽ എത്തിച്ചേരാം.

അവിടെ ഹോട്ടലുകളും വീടുകളും വളരെ കുറച്ചേ ഉള്ളു. ദിവസേന നൂറുകണക്കിന്നാളുകൾ വന്നും പോയും കൊണ്ടിരിക്കുന്ന ഈ പുണ്യസ്ഥലത്തു് ഈയൊരു കുറവ് വന്നതെന്തേ?

ഞങ്ങൾ അവിടുത്തെ ഒരു നല്ല ഹോട്ടലായ 'കേപ് ഹോട്ടലി'ൽ താമസിക്കാൻ തീൎച്ചയാക്കി. അന്നു വൈകുന്നേരംതന്നെ സമുദ്രത്തിൽ സ്നാനം ചെയ്തു് 'കുമാരീ ദേവി'യെ ദൎശിക്കണമെന്നുതന്നെ തീരുമാനിച്ചു.

ഞങ്ങൾ സമുദ്രത്തിൽ സ്നാനത്തിന്നായി ഇറങ്ങി. തണുത്തു് തണുത്തു് ഹിമം പോലിരിക്കുന്നു. ഓളങ്ങളോ വളരെയധികവും. സ്ഥലപരിചയവും കുറവായിരുന്നതിനാൽ ആദ്യം ഞങ്ങൾ വളരെ വിഷമിച്ചു ഒടുവിൽ എങ്ങിനേയോ കുളിയും കഴിഞ്ഞു് തിരിച്ചെത്തി. എല്ലാവരും ക്ഷേത്രത്തിലേക്കുള്ള പുറപ്പാടായി. അനവധിയാളുകൾ തിങ്ങിനില്ക്കുന്നു. പല മാതിരിയുള്ള അഭ്യൎത്ഥനകളാലും അപേക്ഷകളാലും 'കുമാരിദേവിയെ' പൊറുതിമുട്ടിക്കയാണ് ആളുകൾ. ക്ഷേത്രത്തിന്നുള്ളിൽ കടന്നപ്പോൾ കണ്ടതു് എത്രതന്നെ വൎണ്ണിച്ചാലും മതിവരില്ല. അനവധി വിളക്കുകളാലും തോരണങ്ങളാലും അലങ്കരിക്കപ്പെട്ട സദസ്സിന്നുള്ളിൽ വസ്ത്രാഭരണങ്ങളാൽ അലംകൃതമായ ദേവീ പുഞ്ചിരിച്ചുംകൊണ്ടു് നിലകൊള്ളുന്നു. ആ മനോഹരരൂപം കാണുമ്പോഴേക്കും ഏതൊരുവനും ഭക്ത്യാദരങ്ങളാൽ കൈകൂപ്പിപ്പോകും. ദിവസേന

ചാത്തുന്ന വസ്ത്രം വിവിധതരത്തിലായിരിക്കുമെന്നു് ഞങ്ങൾക്കു മനസ്സിലാക്കാൻ കഴിഞ്ഞു. ഇത്തരം വസ്ത്രവും ആഭരണവും എല്ലാം ഭദ്രമായി ഒരു ഇരുമ്പുമുറിയിൽ സൂക്ഷിച്ചിരിക്കുന്നു.

പിറേറദിവസം രാവിലെ എഴുന്നേററ് സമുദ്രക്കരയിലൂടെ സ്നാനസ്ഥലമായ 'സ്നാനഘട്ട'ത്തേക്കു പോകുമ്പോഴുണ്ട് മണലുകൾ എല്ലാം രണ്ടുമൂന്നു വിധത്തിൽ! ഞാൻ അത്ഭുതപ്പെട്ടുപോയി. കടൽക്കരയിലെ പൂഴി വ്യത്യസ്തനിറത്തിൽ കാണേണമെങ്കിൽ അതിൽ എത്രത്തോളം അത്ഭുതം പ്രകടിപ്പിക്കാം അതെല്ലാം ഞങ്ങളവിടെ പ്രകടിപ്പിച്ചു. ചുകപ്പ് കറുപ്പ്-പിന്നെ ചിലയിടങ്ങളിൽ അരിപോലത്തെ പൂഴിയും ആണ്. മനോഹരമായ തിളക്കത്തോടുകൂടിയ മിനുസമുള്ള മൺതരികൾ!

കുളികഴിഞ്ഞ് ഞങ്ങൾ ക്ഷേത്രം കാണാൻ പുറപ്പെട്ടു. തെക്കെ ഇന്ത്യയിലെ പ്രമുഖ ക്ഷേത്രങ്ങളിൽ കാണുന്ന കൊത്തുപണികളും ചിത്രകലകളും ഇവിടെ കണ്ടില്ല. എന്നാലും ചിലതെല്ലാം കണ്ടുതാനും. ക്ഷേത്രം വളരെ പെരതാണ്. പണ്ട് 'കുമാരീദേവി'യുടെ 'മൂക്കുത്തി'യുടെ തിളക്കം കണ്ടു് കരയെത്തിയെന്നു കരുതി അടുത്ത കപ്പൽക്കാർ വമ്പിച്ച പാറകളുടെ കൂട്ടത്തിൽ ചെന്നടിച്ച കഥ പലരും പറഞ്ഞു കേൾക്കുന്നുണ്ട്. ഈ വൈരക്കൽ പിന്നീടു മോഷ്ടിക്കപ്പെട്ടുവെന്നും കേട്ടു. ഇതിൽ എത്രത്തോളം വാസ്തവമുണ്ടെന്നു പറയാൻ കഴിയുകയില്ല. ഏതായാലും സമുദ്രത്തിലേക്കു നോക്കി നില്ക്കുന്ന 'കുമാരിദേവി'യുടെ ചൈതന്യം എത്ര പ്രകീർത്തിച്ചാലും അധികമാകയില്ല. ദേവിക്കഭിമുഖമായുള്ള ക്ഷേത്രത്തിൻെറ പുറത്തെ വാതിൽ ഇപ്പോൾ ഭദ്രമായി അടച്ചിരിക്കയാണ്.

വളരെ ചിട്ടയോടുകൂടി ദിവസത്തിൽ മൂന്നു പൂജ ഇവിടെ കഴിക്കുന്നുണ്ട്. 'ശുദ്ധി' ഇവിടെ വളരെ മുഖ്യമാണെന്നും അറിയാൻ സാധിച്ചു.

'കന്യാകുമാരി'യിൽനിന്നും 6 മൈൽ ദൂരത്തായി സ്ഥിതിചെയ്യുന്നു ശുചീന്ദ്രം. അവിടത്തെ ക്ഷേത്രത്തിലെ പ്രതിഷ്ഠ പരമശിവനാണ്. കന്യാകുമാരി കടൽക്കരയിലെ വിചിത്ര മണലുകളെപററി ഒരു ഐതിഹ്യം പറഞ്ഞുകേൾക്കുന്നുണ്ട്.

സുചിന്ദ്രത്തെ പരമശിവൻ കന്യാകുമാരിയെ വിവാഹം കഴിപ്പാൻ ഇഷ്ടപ്പെട്ടു. പക്ഷെ മഹാവിഷ്ണു, നാരദൻ തുടങ്ങിയവർ ഈ വിവാഹത്തെ ഇഷ്ടപ്പെട്ടില്ല. മാത്രമല്ല കുമാരിദേവി എന്നും കന്യാകുമാരിയായിത്തന്നെ ഇരിക്കുന്നതാണ് നല്ലതെന്നും തീച്ച്പ്പെടുത്തി. അതിനാലാണത്രെ കുമാരിദേവിയെ 'കന്യാകുമാരി'ദേവി എന്നു പറയുന്നതു്. കുമാരി പരമശിവനോട ചില അത്ഭുതസാധനങ്ങളെല്ലാം കൊണ്ടുവരുന്നതായാൽ വിവാഹം കഴിക്കാം എന്നു പറഞ്ഞു. പക്ഷെ ഇതു് സൂര്യോദയത്തിന്നു മുമ്പ്തന്നെ വേണമെന്നു നിബ്ബന്ധിച്ചു.

വിവാഹത്തെ എതിർത്തിരുന്ന മഹാവിഷ്ണു ഒരു കോഴിയുടെ രൂപത്തിൽ നേരം പുലരുന്നതിന്നു മുമ്പുതന്നെ കൂകുവാൻ തുടങ്ങി. പരമശിവനാകട്ടെ അത്ഭുതദ്രവ്യ

ങ്ങളെല്ലാം കരുതി യാത്രക്കൊരുങ്ങുകയായിരുന്നു. കൂകൽ കേട്ട് 'നേരം പുലൻവെന്നും ഇനി അവിടെ പോയി മടങ്ങുന്നതിൽ ഭേദം പോകാതിരിക്കയാണെ'ന്നും തീർച്ചയാക്കി. താൻ സംഭരിച്ച കസ്തൂരി, അരി, സിന്ദൂരം തുടങ്ങിയ വസ്തുക്കൾ അവിടെ വലിച്ചെറിഞ്ഞു. ഈ ദ്രവ്യങ്ങളത്രേ ഇപ്പോൾ മണലായി രൂപാന്തരപ്പെട്ട് പല നിറത്തിലായിത്തീർന്നത്.

ശുചീന്ദ്രത്തിൽ നിന്നും കന്യാകുമാരിയിലേക്കുള്ള വഴിയിൽ ഒരു പാറമേൽ ഒരു കോഴിയുടേയും മനുഷ്യൻെറയും കാൽചിഹ്നങ്ങൾ കാണുന്നുണ്ട്. ഇവ വിഷ്ണുവിൻെറയും പരമശിവൻെറയുമാണെന്നു പറഞ്ഞു വരുന്നു.

കന്യാകുമാരിയിലെ മാത്രം വിശേഷണമാണ് സൂര്യാസ്തമനവും സൂര്യോദയവും ഒരേ സമയത്തു കാണാമെന്നത്. വെളുത്ത വാവുനാൾ പൂർണ്ണചന്ദ്രൻ ഒരു ഭാഗത്തു നിന്നു ഉദിച്ചുയരുന്നതും മറുഭാഗത്ത് സൂര്യൻെറ അസ്തമനവും കണാൻ കഴിയും. അതും ഒരേസമയത്ത് !

കെ. പി. പുരുഷോത്തമൻ,
പ്രീയൂനിവേർസിററി ക്ലാസ്സ്

# K. R. B. പ്രസിദ്ധീകരണങ്ങൾ

### ഉറൂബ്

| | | | | |
|---|---|---|---|---|
| ആമിന — | നോവൽ | 0 | 10 | 0 |
| ഉമ്മാച്ചു — | ,, | 3 | 0 | 0 |
| കുഞ്ഞമ്മയും കൂട്ടുകാരും — | ,, | 1 | 8 | 0 |
| ഉള്ളവരും ഇല്ലാത്തവരും — | ചെറുകഥകൾ | 1 | 4 | 0 |
| നവോന്മേഷം — | ,, | 1 | 4 | 0 |
| നീലവെളിച്ചം — | ,, | 1 | 8 | 0 |
| നീർച്ചാലുകൾ — | ,, | 1 | 4 | 0 |
| തീകൊണ്ടു കളിക്കരുത് — | നാടകം | 0 | 12 | 0 |
| മണ്ണും പെണ്ണും — | ,, | 0 | 12 | 0 |

### ഗോവിന്ദൻ എ. സി. ബി. എ.

| | | | | |
|---|---|---|---|---|
| വല്ലരി — | ചെറുകഥകൾ | 0 | 12 | 0 |
| ജീവിതവിജയം — | | 1 | 0 | 0 |
| ജീവിതശത്രുക്കൾ — | | 1 | 0 | 0 |
| നിത്യജീവിതം — | | 1 | 4 | 0 |
| വിദ്യാർത്ഥി — | | 0 | 10 | 0 |
| സമ്പത്സമൃദ്ധി — | | 1 | 0 | 0 |

### തിക്കോടിയൻ

| | | | | |
|---|---|---|---|---|
| കഷ്ടകൻെറ കിരീടം | നാടകം | 0 | 8 | 0 |
| നിരാഹാരസമരം — | ,, | 1 | 0 | 0 |
| പുണ്യതീർത്ഥം — | ,, | 1 | 0 | 0 |
| പൂത്തിരി — | കവിത | 0 | 12 | 0 |
| പ്രേമഗാനം — | നാടകം | 0 | 8 | 0 |

### എസ്സ്. കെ. ബാലകൃഷ്ണൻ

| | | | | |
|---|---|---|---|---|
| തോമസ് എഡിസൺ — | | 0 | 8 | 0 |
| മാർഗ്ഗദർശികൾ — | | 0 | 8 | 0 |
| രാഷ്ട്രപതി സുഭാഷ് ചന്ദ്രബോസ് | | 0 | 12 | 0 |
| സരോജിനി നായിഡു — | | 0 | 12 | 0 |

### എസ്സ്. കെ. പൊറ്റെക്കാട്ട്

| | | | | |
|---|---|---|---|---|
| ഇന്ദ്രനീലം — | | 1 | 6 | 0 |
| സിംഹഭൂമി — | | 1 | 8 | 0 |

### കെ. തായാട്ട്

| | | | | |
|---|---|---|---|---|
| സ്നേഹമാണ് ശക്തി — | നാടകം | 0 | 6 | 0 |
| വെളിച്ചത്തിലേക്ക് — | നോവൽ | 1 | 4 | 0 |
| പാൽപ്പതകൾ — | ഗാനങ്ങൾ | 0 | 5 | 0 |

### എം. ആർ. നാരായണപിള്ള

| | | | | |
|---|---|---|---|---|
| അശോകവനത്തിലെ കോലപാതകം — | ഡി. നോ | 2 | 4 | 0 |
| കമലയും കാമുകനും — | ,, | 2 | 0 | 0 |
| കമറൽ ജമാൽ — | നോവൽ | 1 | 8 | 0 |
| കാമിനി — | ഡി. നോ | 1 | 4 | 0 |
| ജ്യോതിർമ്മയി — | ,, | 1 | 12 | 0 |
| പ്രേമബാധ — | ,, | 1 | 12 | 0 |
| ബാദുഷയുടെ പ്രണയം — | നോവൽ | 1 | 4 | 0 |
| മരണക്കളി — | ഡി നോ. | 0 | 12 | 0 |
| മരണമാളിക — | ,, | 2 | 4 | 0 |
| മാതംഗി — | നോവൽ | 1 | 8 | 0 |
| മാസ്റ്റർ ചന്ദ്രൻ — | ഡി. നോ. | 1 | 2 | 0 |
| സുമുഖി — | നോവൽ | 0 | 10 | 0 |

### കെ. കേശവൻ നായർ

| | | | | |
|---|---|---|---|---|
| ജീവിതനൌക — | നോവൽ | 1 | 8 | 0 |
| ക്ഷാത്രവീര്യം — | ചെറുകഥകൾ | 1 | 4 | 0 |
| പുഷ്യരാഗം — | ,, | 0 | 8 | 0 |
| ടാഗോർകഥകൾ — | ,, | 1 | 0 | 0 |
| രവീന്ദ്രനാഥടാഗോർ — | | 0 | 12 | 0 |
| ആംഗ്ലേയസാഹിത്യരത്നങ്ങൾ — | | 0 | 12 | 0 |
| ഉപന്യാസമാലിക — | | 1 | 0 | 0 |

### കെ. സുകുമാരൻ ബി. എ.

| | | | | |
|---|---|---|---|---|
| അസൂയാമയം — | നോവൽ | 0 | 12 | 0 |
| പാപത്തിൻെറ ഫലം — | ,, | 1 | 8 | 0 |
| വിവാഹത്തിൻെറ വില — | ,, | 1 | 8 | 0 |
| ശപിക്കപ്പെട്ട ശപഥങ്ങൾ — | ,, | 0 | 8 | 0 |
| ആരാൻെറ കുട്ടി — | ചെറുകഥകൾ | 1 | 4 | 0 |
| ഇരുമ്പൻ കുഞ്ചു — | ,, | 1 | 4 | 0 |
| ഒരു പൊട്ടിക്കൈ — | ,, | 0 | 10 | 0 |
| കടംകൊണ്ടു കിട്ടിയ മുതൽ — | ,, | 1 | 4 | 0 |
| മുരക്കാട്ടിൽ ചോരക്കണ്ണൻ — | ,, | 1 | 4 | 0 |
| ചെറുകഥകൾ — | ,, | 2 | 8 | 0 |
| മേനവൻെറ തന്ത്രം — | ,, | 0 | 8 | 0 |
| സുകുമാരഗദ്യമഞ്ജരി — | | 0 | 9 | 0 |
| ചിരിയോചിരി — | | 1 | 4 | 0 |
| പ്രാണിവംശചരിത്രം — | | 2 | 8 | 0 |

N. B. കേരളത്തിലെ എല്ലാ പ്രസിദ്ധീകരണശാലക്കാരുടേയും പുസ്തകങ്ങൾക്ക് ഞങ്ങൾക്കെഴുതുക.

## കെ. ആർ. ബ്രദേർസ്

Phone 634. കോഴിക്കോട്.



**Published by Victor G. M. Pavamani, Principal, Malabar Christian College, Calicut, and Printed by K. A. Krishnan, at the Empire Press, Calicut.**

Tel: "PRINTER" Phone: 372

THE

# EMPIRE PRESS,

BANK ROAD,

**KOZHIKODE, Malabar.**

## Commercial & Artistic Colour-Printers, Book-Binders, Account Book and Cardboard Box Manufacturers, etc.

*Proprietors:*

## THE UNITED MERCANTILE Co., Ltd.

PAPER MERCHANTS

BANK ROAD — KOZHIKODE-1.

# WESTERN AGENCIES

PALAYAM ROAD, CALICUT.

*AUTHORIZED DEALERS :*

H. M. V. RADIOS,

MURPHY RADIOS

&

H. M. V. REFRIGERATORS

## ELECTRICAL DEALERS & CONTRACTORS,

*Radio & Refrigeration Engineers*

*Branches at :*—TELLICHERRY & TIRUR


MALABAR CHRISTIAN COLLEGE LIBRARY, CALICUT.

# പി. കെ. ബ്രദേർസ് പ്രസിദ്ധീകരണങ്ങൾ.

**നോവൽസാഹിത്യങ്ങൾ:—**

| | Rs | As | Ps |
|---|---|---|---|
| സ്നേഹോപഹാരം — ത്രിവിക്രമൻ | 0 | 14 | 0 |
| എങ്ങിനെ സംഭവിച്ചു (ഡി.)— ബി. ജി കുറുപ്പ് | 1 | 12 | 0 |
| ഘാതകന്റെ ഒളിച്ചുകളി (ഡി) സി കെ. എസ്സ്. | 1 | 12 | 0 |
| അജിതകുമാരി (ഡി) — രാമകുമാർ | 2 | 4 | 0 |
| കവിഞ്ഞ പെണ്ണ് — വിദ്വാൻ, ടി കെ. രാമൻ മേനോൻ | 1 | 8 | 0 |
| കൊച്ചുനർത്തകി — വിദ്വാൻ, ചെറുശ്ശേരി മാധവമേനോൻ | 1 | 8 | 0 |
| ക്യാപ്റ്റൻ നിഷിമുറ (ഡി)— വി കെ അമ്മുണ്ണി ബി എ. | 1 | 4 | 0 |
| മയൂരകാഹളകാലം— വിവ: കെ. സുകുമാരൻ ബി. എ. | 3 | 8 | 0 |
| വിയപ്പിന്റെ വില— കെ വി. എം. | 1 | 8 | 0 |

**സാഹിത്യം, നിരൂപണം:—**

| | Rs | As | Ps |
|---|---|---|---|
| വിജ്ഞാനകിരണങ്ങൾ— പി എം. കുമാരൻ നായർ | 1 | 0 | 0 |
| ഇന്ത്യൻ ദേശീയത്വത്തിന്റെ വികാസം— ,, | 0 | 12 | 0 |
| നമ്മുടെ കാലത്തെ അടിമത്തം— ,, | 0 | 14 | 0 |
| വിജ്ഞാനശകലങ്ങൾ— കേശവൻനായർ | 1 | 0 | 0 |
| ചിന്താദളങ്ങൾ—പി ഗോവിന്ദമേനോൻ, ബി. എ, ബി ടി. | 1 | 4 | 0 |
| അഭിജ്ഞാനശാകുന്തളം — കുററിപ്പുറത്തു കേശവൻനായർ | 2 | 0 | 0 |
| വിദൂരവീക്ഷണം — വിദ്വാൻ & ശിരോമണി രാമചന്ദ്രൻ, വടക്കേടത്ത് | 0 | 14 | 0 |
| രൂപരേഖ—ഉള്ളാട്ടിൽ ഗോവിന്ദൻകുട്ടിനായർ | 1 | 4 | 0 |
| കാവ്യസ്വാദനം— ,, | 1 | 4 | 0 |

**പി. കെ. ബ്രദേർസ്, കോഴിക്കോടു്.**



For Anything & Everything in UP-TO-DATE PIECE-GOODS,

SILK & WOOLLEN FABRICS, ETC., AND SAREES & CHOLY-PIECES

*Visit* **BADSHA STORES,**

**KOZHIKODE**

**The Best Shopping Centre on the West Coast**

Tel : "Bashastore" P. O. Box No. 107 Phone No. 190

ഏററവും നവീനരീതിയിലുള്ള ഏതുതരം തുണിച്ചരക്കുകളും മററു ഉടുപ്പടകളും

പ്രത്യേകിച്ചു സാരികളും ചോളിത്തരങ്ങളും

ആവശ്യക്കാർ

**കോഴിക്കോട്ടെ ബാദ്ഷാസ്റ്റോർസ്**

സന്ദർശിക്കുവിൻ

MALABAR CHRISTIAN COLLEGE
CALICUT

# MALABAR CHRISTIAN COLLEGE MAGAZINE

OCTOBER, 1956

Indic Digital Archive Foundation
gpura.org